# സത്യദൂതൻ

2019 മാർച്ച് | ലക്കം 03

വില ₹ 30



## ഇസ്‌ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ

## ഭീകരതയുടെ ക്രൂരതകൾ

# Ahmadiyya Muslim Community

Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below





The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ

2019 മാർച്ച്
ഹി.ശ.1399 - അമാൻ
1440 ജ. ആഖർ - റജബ്
പുസ്തകം 91 ലക്കം 3
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം



5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
ഖുത്ബ സംഗ്രഹം
**ആത്മ ത്യാഗികളായ ധീര സഖാക്കൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

15-02-2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം.
വിവ: മൗലവി ഹാശിം അശ്റഫ്

11
**ശരീരവും ആത്മാവും രൂപാന്തര ഘട്ടങ്ങളുടെ സാദൃശ്യങ്ങൾ**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)
ഭാഗം - 3

14
**ഇസ്ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ**
മാലിക്ക് സൈഫുർറഹ്മാൻ

18
**കൊതുക്: പറക്കുന്ന വിസ്മയം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

28
**സ്വർഗവും കർമാനുഷ്ഠാനവും**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

30
**ബൈബിളിലില്ലാത്ത ത്രിത്വ വാദം**
അതാവുൽ മുജീബ് റാശിദ്

32
**പ്രവാചകത്വ പരിസമാപ്തിയും യേശുവിന്റെ രണ്ടാം വരവും**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

36
**'ഏകദൈവവിശ്വാസം എല്ലാ മതങ്ങളുടെയും അടിത്തറ'**
ഏ.ക്യൂ. മഹ്ദി

39
കുറിപ്പുകൾ
**ഭീകരതയുടെ ക്രൂരതകൾ**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അദ്ദേഹം നിങ്ങൾക്ക് അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ വിവരിച്ചു തരുന്നു. വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരെ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് കൊണ്ട് വരുന്നതിന് വേണ്ടി. (65:12)

## നബിവചനം



മുആദുബ്നു അനസ് (റ) നിവേദനം: നബി (സ) തിരുമേനി അരുളി. ഗുണങ്ങളിൽ വെച്ച് ഉൽകൃഷ്ടമായവ നീയുമായി ബന്ധം വിഛേദിക്കുന്നവനോട് നീ ബന്ധം സ്ഥാപിക്കുക. നിന്നോട് പിശുക്ക് കാണിക്കുന്നവരോട് നീ ഔദാര്യം കാണിക്കുക. നിന്നെ ശകാരിക്കുന്നവർക്ക് നീ മാപ്പു നൽകുക. (മുസ്നദ് അഹ്മദ്)

## വാഗ്ദത്ത മസീഹിന്റെ വചനം



ആദം സന്തതികളായ സകലർക്കും മുഹമ്മദ് മുസ്തഫാ തിരുമേനി (സ) അല്ലാതെ മറ്റൊരു റസൂലും ശഫീഉം (ശിപാർശക്കാരൻ) ഇല്ല. ആകയാൽ ഈ പ്രതാപശാലിയായ നബിയുടെ നേരെ നിന്റെ ഹദയംഗമായ സ്നേഹം പുലർത്തിക്കൊള്ളുവിൻ. അവിടത്തേക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും കൽപ്പിക്കരുത്. ആകാശത്തിൽ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിന് തന്നെ. മോക്ഷം എന്നത് മരിച്ചതിന് ശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ല എന്നല്ലെന്ന് ഓർത്തുക്കൊള്ളുവിൻ. മറിച്ച് യഥാർഥമായ മോക്ഷം ഈ ലോകത്ത് വെച്ച് തന്നെ അതിന്റെ വെളിച്ചം കാട്ടുന്നു. (കിശ്തീ നൂഹ്)

# മുഹമ്മദ് നബി (സ):

## സ്നേഹം കൊണ്ട് ഹൃദയങ്ങളെ ജയിച്ച ദിവ്യാത്മാവ്


ആത്മീയതയുടെ പാരമ്യം കണ്ട റസൂൽ തിരുമേനി (സ) സ്നേഹ വികാരം കൊണ്ട് മനുഷ്യ ഹൃദയങ്ങളെ ജയിച്ചടക്കിയ പ്രവാചക വരേണ്യനാണ്. മനുഷ്യ കേന്ദ്രിതമായ ഈ പ്രപഞ്ചം സൃഷ്ടിക്കാൻ കാരണഭൂതരായ റസൂൽ തിരുമേനി(സ)യിൽ മാനുഷതയുടെ എല്ലാ സദ്ഗുണങ്ങളുടേയും സമ്പൂർണ മാതൃകയുണ്ട്. ഖുർആൻ പറയുന്നു: ***'നിശ്ചയമായും നീ മഹത്തായ ധാർമിക ഗുണങ്ങളുള്ളവൻ തന്നെയാണ്.'(68:5)***

റസൂൽ തിരുമേനി (സ) അധികാരവും ശക്തിയുമുപയോഗിച്ചായിരുന്നില്ല അനുചരന്മാരെ തന്റെ കരവലയത്തിൽ ചേർത്തുനിർത്തിയത്. സൂര്യസമാനം സുവ്യക്തമായിരുന്നു അവിടത്തെ യുക്തിസമ്പൂർണമായ ഉദീരണങ്ങൾ. കഠിനമായ വാക്കുകളോ അഹങ്കാരത്തിന്റെ ധ്വനിയോ അധികാരത്തിന്റെ നിഴലോ അവയിൽ ഉണ്ടായിരുന്നില്ല. തത്ത്വജ്ഞാന നിർഭരവും ആർദ്രപൂരിതവുമായിരുന്നു ആ പുണ്യവചനങ്ങൾ. ഭൂമി വസ്തുക്കളെ ആകർഷിക്കുന്നത് പോലെ അനുചരന്മാരുടെ ഹൃദയങ്ങൾ ആ ദിവ്യവ്യക്തിത്വത്തിൽ ബന്ധിതമായിരുന്നു. ആ അധരങ്ങളിൽ നിന്ന് ഉദീരണം ചെയ്യപ്പെടുന്ന വചസ്സുകൾക്ക് കാതോർത്ത് അവർ ആ പുണ്യവദനം നോക്കി പാർത്ത് ചുറ്റും നിന്നു. അഗ്നി പരീക്ഷകളുടെ കാലഘട്ടത്തിൽ പോലും ആ സവിധം വിട്ടു പോകാൻ സഹാബികൾ ഇഷ്ടപ്പെട്ടിരുന്നില്ല. തങ്ങളുടെ എല്ലാമെല്ലാമായ യജമാന് വേണ്ടി ജീവൻ ബലിദാനം ചെയ്യാൻ മത്സരബുദ്ധിയോടെ അവരവിടെ നിന്നു. അത്രമാത്രം ഗാഢമായിരുന്നു റസൂൽ തിരുമേനി(സ) യോടുള്ള അവരുടെ അനുരക്തി. ഖുർആൻ പറയുന്നു: ***'അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത് . നീ പരുഷസ്വഭാവിയും കഠിന ഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റും നിന്നും ചിതറിപ്പോകുമായിരുന്നു. അതിനാൽ നീ അവർക്ക് മാപ്പു നൽകുകയും അവർക്ക് പാപമോചനത്തിനായി നീ പ്രാർഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക.'(3:160) 'സത്യമായും നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ നിങ്ങളുട അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളുമാണ്.'(9: 128)***

അളവറ്റ ആത്മീയ തേജസ്സിന്റെ ആലക്തിക ശക്തികൾ പ്രവഹിച്ച അവിടുത്തെ ദിവ്യകരസ്പർശത്താൽ, മൃഗപ്രായരായി ജീവിച്ച മനുഷ്യാത്മാക്കൾ വലിയ വലിയ ആത്മീയ നില പ്രാപിച്ച അത്ഭുത ദൃശ്യം നാം കാണുകയുണ്ടായി. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

***'ലക്ഷക്കണക്കിന് മൃതന്മാർ ഏതാനു ദിവസങ്ങൾക്കൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറതലമുറകളായി വഴിപിഴച്ചു പോയവർ ദിവ്യവർണങ്ങൾ സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുത പ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടൻ കാണാൻ തുടങ്ങുകയും ഊമകളുടെ നാവിൽ നിന്ന് ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു.' (ബറക്കാത്തു ദുആ)***

ലോകജനതയിലെ ഓരോരുത്തരേയും മാലഖമാരെപ്പോലെയാക്കി മാറ്റാൻ ആത്മീയശേഷിയുള്ള മുഹമ്മദ് നബി (സ)യുടെ അനർഘ സത്യം ലോകം അതിവേഗം തിരിച്ചറിയുമാറാകട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# ഇസ്‌ലാമിൽ ബലപ്രയോഗമില്ല

ഇക്കാലത്ത് അമുസ്‌ലിം ഭരണാധിപന്മാർ ഇസ്‌ലാമിന്റെ കാര്യത്തിൽ ഇടപെടുന്നില്ല എന്നതു പ്രത്യക്ഷമാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന കർമാനുഷ്ഠാനങ്ങളെ അവർ നിരോധിച്ചിട്ടില്ല. പുതു മുസ്‌ലിംകളെ അവർ കൊന്നൊടുക്കിക്കളയുന്നില്ല. അവരെ തുറുങ്കിലടച്ചു ഭേദ്യം ചെയ്യുന്നില്ല. അങ്ങനെയിരിക്കെ അവർക്കെതിരെ ഇസ്‌ലാമിന്റെ വാൾ എന്തിനു ചുഴറ്റണം? മതകാര്യത്തിൽ ബല പ്രയോഗത്തെ ഇസ്‌ലാം ഒരിക്കലും അനുകൂലിച്ചിട്ടില്ല. വിശുദ്ധ ഖുർആനും ഹദീസുകളും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിക്കുകയും കഴിയുന്നേടത്തോളം ശ്രദ്ധാപൂർവം പഠിക്കുകയും ചെയ്യുകയാണെങ്കിൽ മതധർമ്മം പരത്താനായി ഇസ്‌ലാം വാൾ ചുഴറ്റി എന്ന ആരോപണം തികച്ചും അടിസ്ഥാന രഹിതമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ഖുർആനും ഹദീസും മറ്റു ഇസ്‌ലാമിക ചരിത്രരേഖകളും നിഷ്പക്ഷമായി പഠിച്ചിട്ടില്ലത്തവരാണ് ഇത്തരം ആരോപണങ്ങളുന്നയിച്ചിട്ടുള്ളത്. അവർ പച്ചക്കള്ളങ്ങൾ തോന്നിയത് പോലെ കൂട്ടിക്കലർത്തിക്കൊണ്ട് തെറ്റായ ആരോപണങ്ങൾ തൊടുത്തു വിട്ടു. എന്നാൽ ഈ ആരോപണങ്ങളിൽ സത്യമുണ്ടോ എന്നറിയാൻ ആത്മാർഥമായി ആഗ്രഹിക്കുന്നവരുടെ ദാഹവും വിശപ്പും അകറ്റാനുള്ള സമയമടുത്തിരിക്കുന്നു എന്ന് എനിക്കറിയാം. ഖുർആൻ എന്ന വിശുദ്ധ ഗ്രന്ഥം *ലാ ഇകറാഹ ഫിദ്ദീൻ* മതത്തിൽ ബലാൽക്കാരമില്ല അതായത് മതത്തിൽ പ്രവേശിക്കുന്ന വിഷയത്തിൽ യാതാരു ബലപ്രയോഗവും പാടില്ല എന്ന് വ്യക്തമായ മാർഗ നിർദേശം നൽകിയിരിക്കെ ആ ഇസ്‌ലാം മതത്തെ പറ്റി ബല പ്രയോഗത്തിന്റെ മതം എന്ന് പറയാമോ? പരിശുദ്ധ മക്കയിൽ പതിമൂന്നു കൊല്ലക്കാലം തിന്മയെ തിന്മ കൊണ്ട് നേരിടാൻ പാടില്ലെന്നും ക്ഷമയും സഹനവും കൈകൊള്ളണമെന്നും തന്റെ സഖാക്കളോടും സ്നേഹിതരോടും രാവും പകലുമായി ഉപദേശിച്ചുകൊണ്ടിരുന്നിട്ടുള്ള ഒരു വന്ദ്യാത്മാവിന്റെ പേരിൽ ബലപ്രയോഗം നടത്തിയതായുള്ള ആരോപണം ഉന്നയിക്കാവുന്നതെങ്ങനെ? എന്നാൽ ശത്രുക്കളുടെ അത്യാചാരങ്ങൾ അതിരുകടന്നപ്പോൾ ഇസ്‌ലാം ധർമത്തെ വേരോടെ നശിപ്പിക്കാനായി സകല ശക്തികളും ഒന്നിച്ചു ചേർന്നു ശ്രമിച്ചപ്പോൾ 'വാളുയർത്തിയവൻ വാളാൽ നശിക്കണം' എന്ന നിർബന്ധത്തിൽ ദൈവത്തിന്റെ അഭിമാനബോധം തിളച്ചു മറിയുകയാണുണ്ടായത്. ഖുർആൻ ഒരിക്കലും ബലപ്രയോഗത്തിന്റെ പാഠം നൽകിയിട്ടില്ല. ബല പ്രയോഗത്തിന്റെ പാഠം നൽകിയിരുന്നുവെങ്കിൽ നമ്മുടെ നബി(സ) തിരുമേനിയുടെ തിരുസഖാക്കൾ പരീക്ഷാ ഘട്ടങ്ങളിൽ ആത്മാർഥതയുള്ള സത്യവിശ്വാസികളെപ്പോലെ ആർജവം കാണിക്കാൻ പ്രാപ്തരായിത്തീരുമായിരുന്നില്ല. നമ്മുടെ നബി നായകർ (സ) തിരുമേനിയുടെയും സഹാബാക്കളുടെയും ആത്മാർഥത ഇവിടെ എടുത്ത് പറയേണ്ടതായുണ്ടോ? അവരുടെ സത്യസന്ധതയുടെ ആത്മാർഥതയുടെയും മാതൃകകൾ മറ്റൊരു സമുദായത്തിലും തുല്യത കാണാൻ കഴിയാത്ത തരത്തിലുള്ളതത്രെ. ഖഡ്ഗങ്ങൾക്ക് കീഴിലും അവർ തങ്ങളുടെ ആത്മാർഥതയും സത്യസന്ധതയും കൈയൊഴിച്ചില്ല. സുദീപ്തമായ ഹൃദയങ്ങളിൽനിന്നും മനസ്സിൽ നിന്നും മാത്രമല്ലാതെ പ്രത്യക്ഷപ്പെടുമാറില്ലാത്ത സത്യസന്ധതയും ആത്മാർഥതയും അവർ പരിശുദ്ധ നബി (സ) യുടെ സാന്നിദ്ധ്യത്തിൽ പ്രദർശിപ്പിച്ചു. ചുരുക്കത്തിൽ ഇസ്‌ലാമിൽ ബലപ്രയോഗത്തിന് സ്ഥാനമില്ല. മൂന്ന് തരത്തിലുള്ള യുദ്ധത്തിന് മാത്രമേ ഇസ്‌ലാം അനുവാദം നൽകുന്നുള്ളൂ.

1. പ്രതിരോധപരം – എന്നു വെച്ചാൽ ആത്മ രക്ഷക്ക് വേണ്ടിയുള്ള യുദ്ധം.

2 പ്രതിക്രിയാപരം – അതായത് ചോരക്ക് ചോരയെന്ന നിലയിൽ ശിക്ഷാ രുപത്തിലുള്ള യുദ്ധം.

3 പ്രമോചനപരം – അതായത് ഇസ്‌ലാമിനെ ആശ്ലേഷിക്കുന്നവരെ നിഗ്രഹിക്കുന്ന ഭീകര ഭരണാധികാരികളിൽ നിന്ന് മോചനം പ്രാപിക്കാനുള്ള സാതന്ത്ര്യ സമരം.

(മസീഹ് ഹിന്ദുസ്ഥാൻ മെ)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 15-02-2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ: മൗലവി ഹാശിം അശ്റഫ്

# ആത്മ ത്യാഗികളായ ധീര സഖാക്കൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഇന്ന് ഞാൻ വിവരിക്കുന്ന സഹാബാക്കളിൽ ആദ്യത്തെ നാമം ഹദ്റത്ത് ഖാലിദ് ബിൻ ഖയിസ് എന്നാണ്. അദ്ദേഹത്തിന് ഖസ്റജ് ഗോത്രത്തിന്റെ ശാ ഖയായ ബനൂ ബയാസയുമയാണ് ബന്ധം. ഖയ്സ് ബിൻ മാലിക്കാണ് അദ്ദേഹത്തിന്റെ പിതാവ്. മാതാവ് സൽമ ബിൻത് ഹാരിഥയാണ്. ബയ്അത്തെ അഖ്ബയിൽ പങ്കെടുത്ത 70 അൻസാറുകളിൽ അദ്ദേഹവും ഉൾപ്പെടുന്നു. അദ്ദേഹം ബദർ,

ഉഹദ് യുദ്ധത്തിൽ പങ്കെടുത്തിരുന്നു.

അടുത്ത സഹാബി ഹദ്റത്ത് ഹാരിഥ് ബിൻ ഖസമ ആണ്. അൻസാരി ആയിരുന്നു. അദ്ദേഹത്തിന്റെ വിളിപ്പേര് അബൂ ബശർ എന്നായിരുന്നു. അദ്ദേ ഹത്തിന്റെ ബന്ധം ഖസ്റജ് ഗോത്രവുമായാണ്. അദ്ദേഹം ബനൂ അബ്ദുൽ അശ്ഹലു മായി ഉടമ്പടി ചെയ്ത വ്യക്തിയായി രുന്നു. ബദർ, ഉഹദ്, ഖന്ദഖ് എന്നീ എല്ലാ യുദ്ധങ്ങളിലും അദ്ദേഹം നബി(സ) യോടൊപ്പം പങ്കെടുത്തി രുന്നു. നബി(സ) ഹദ്റത്ത് ഹാരിഥ ബിൻ ഖസമയുടെയും ഹദ്റത്ത് അയാസ് ബിൻ ബുഖയറിനുമിടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. തബൂക് യുദ്ധാവസരത്തിൽ നബി(സ)യുടെ ഒട്ടകത്തെ കാണാതായി. കപടവിശ്വാസികൾ നബി(സ)യുടെ മേൽ ആക്ഷേപം ഉന്നയിക്കാൻ തുടങ്ങി. അദ്ദേഹത്തിന് തന്റെ ഒട്ടകത്തെ കുറിച്ചുള്ള അറിവു പോലുമില്ല, പിന്നെ എങ്ങനെയാണ് അദ്ദേഹത്തിന് വാനലോകവാർത്തകൾ ആകാശീയ വിവരങ്ങൾ അറിയാൻ സാധിക്കുക.? നബി(സ) ഈ കാര്യം അറിഞ്ഞപ്പോൾ പറഞ്ഞു: അല്ലാഹു എന്നെ അറിയിക്കുന്ന കാര്യങ്ങൾ മാത്രമേ എനിക്ക് അറിയുകയുള്ളൂ. പിന്നെ പറഞ്ഞു: ഇപ്പോൾ അല്ലാഹു ഒട്ടകത്തെ കുറിച്ച് എനിക്ക് അറിവ് നല്കി, ആ മലയിടുക്കിന്റെ ഇന്ന താഴ്‌വരയിൽ അതുണ്ട്. അങ്ങനെ ഹദ്റത്ത് ഹാരിഥ ബിൻ ഖസമ നബി(സ) പറ ഞ്ഞ സ്ഥലത്ത് ചെന്ന് ഒട്ടകത്തെ കണ്ടെത്തി കൊണ്ടുവന്നു. അദ്ദേഹം ഹിജ്റ 40 ന് ഹദ്റത്ത് അലി (റ) ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ 67 -ാം വയസ്സിൽ വഫാത്തായി.

അടുത്ത സഹാബിയായ ഹദ്റത്ത് ഖുനയ്സ് ബിൻ ഹുസാഫയുടെവിളിപ്പേര് അബൂ ഹുസാഫ എന്നായിരുന്നു. അദ്ദേഹം നബി(സ) ദാറുൽ അർഖമിൽ പോകുന്നതിന് മുമ്പ് തന്നെ ഇസ്‌ലാം സ്വീകരിച്ചിരുന്നു. രണ്ടാമതായി ഹബ്ശയിലേയ്ക്ക് ഹിജ്റത്ത് ചെയ്ത മുസ്‌ലിംകളിൽ അദ്ദേഹവും ഉൾപ്പെടുന്നു. മദീനയിലേയ്ക്ക് ഹിജ്റത്ത് ചെയ്തതിന് ശേഷം അദ്ദേഹം ഹദ്റത്ത് റിഫാഅ് ബിൻ അബ്ദുൻ മുൻസിറിന്റെ അടുക്കൽ താമസിച്ചു. നബി(സ) ഹദ്റത്ത് ഖുനയ്സിനും ഹദ്റത്ത് അബൂ അബസ് ബിൻ ജബറിനും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. അദ്ദേഹം ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഹഫ്സയെ നബി(സ) യ്ക്ക് മുമ്പ് ഹദ്റത്ത് ഖുനയ്സ് വിവാഹം ചെയ്തിരുന്നു.

ഹദ്റത്ത് ഖുനയ്സ് ബദർ യുദ്ധത്തിന് ശേഷം മദീനയിലേയ്ക്ക് തിരിച്ച് വരികയും അതോടെ രോഗിയാകുകയും ചെയ്തു. അതിൽ നിന്ന് അദ്ദേഹത്തിന് മോചനം ഉണ്ടായില്ല, അങ്ങനെ അദ്ദേഹത്തിന്റെ വഫാത്ത് സംഭവിച്ചു. അതിന് ശേഷം നബി(സ) ഹദ്റത്ത് ഹഫ്സയെ വിവാഹംചെയ്തു. നബി(സ) ഹദ്റത്ത് ഹുസയ്സിന്റെ ജനാസ നമസ്കാരം നിർവഹിച്ചു. അദ്ദേഹത്തെ ജനത്തുൽ ബഖീയിൽ ഹദ്റത്ത് ഉസ്മാൻ ബിൻ മസ്ഊന്റെ സമീപത്ത് മറവ്ചെയ്തു.

അടുത്തതായി വിവരിക്കുന്ന സഹാബിയുടെ നാമം ഹദ്റത്ത് ഹാരിഥ ബിൻ നുഅ്മാൻ എന്നാണ്. അദ്ദേഹത്തിന്റെ വിളിപ്പേര്, അബൂ അബ്ദുല്ലാഹ് എന്നാണ്. ഹദ്റത്ത് ഹാരിഥ ബിൻ നുഅ്മാൻ അൻസാരി സഹാബിയാണ്. ഖദ്റജ് ഗോത്രത്തിന്റെ ശാഖയായ ബനു നജ്ജാറുമായാണ് അദ്ദേഹത്തിന്റെ ബന്ധം. ബദർ, ഉഹദ്, ഖന്ദഖ് പോലുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)യോടൊപ്പം പങ്കെടുത്തു. അദ്ദേഹത്തെ പ്രശസ്തരായ സഹാബികളിൽ എണ്ണപ്പെടുന്നു. ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം ചെയ്യുന്നു: ഹദ്റത്ത് ഹാരിഥ ബിൻ നുഅ്മാൻ നബി(സ)യുടെ സമീപത്ത് കൂടെ പോയി. നബി(സ) യുടെ സമീപത്ത് ഹദ്റത്ത് ജിബ്രീൽ ഉപവിഷ്ടനായിരുന്നു. അദ്ദേഹം വളരെ താഴ്ന്ന സ്വരത്തിൽ നബിയോട് സംസാരിക്കുകയായിരുന്നു. എന്നാൽ ഹാരിഥ അദ്ദേഹത്തോട് സലാം പറഞ്ഞിരുന്നില്ല. ജിബ്രീൽ നബി(സ)യോട് ചോദിച്ചു: അദ്ദേഹം സലാം എന്ത് കൊണ്ട് പറഞ്ഞില്ല.? പിന്നീട് റസൂലുല്ലാഹ്(സ), ഹാരിഥയോട് അമ്പേഷിച്ചു: നീ എന്ത്കൊണ്ട് സലാം പറഞ്ഞില്ല? അദ്ദേഹം പറഞ്ഞു: ഞാൻ അങ്ങയുടെ അടുത്ത് ഒരു വ്യക്തിയെ കണ്ടു. അദ്ദേഹത്തോട് വളരെ പതുക്കെ അവിടുന്ന് സംസാരിക്കുകയായിരുന്നു. ആ സംഭാഷണത്തെ മുറിക്കുന്നത് ഞാൻ ഇഷ്ടപ്പെട്ടില്ല. നബി(സ) ചോദിച്ചു: എന്റെ സമീപത്തുണ്ടായിരുന്ന ആ വ്യക്തിയെ നീ കണ്ടിരുന്നോ? അദ്ദേഹം പറഞ്ഞു:, അതെ. അപ്പോൾ നബി(സ) പറഞ്ഞു: അത് ജിബ്രീലായിരുന്നു. അദ്ദേഹം പറഞ്ഞു, ഈ വ്യക്തി (സഹാബി) സലാം പറഞ്ഞിരുന്നെങ്കിൽ ഞാനും അദ്ദേഹത്തിന് അതിന് മറുപടി നല്കുമായിരുന്നു. തുടർന്ന് ജിബ്രീൽ പറഞ്ഞു: ഇദ്ദേഹം എൺപത് ആളുകളിൽ ഉൾപ്പെടുന്നു. റസൂലുല്ലാ(സ) പറഞ്ഞു: ഞാൻ ജിബ്രീലിനോട് ചോദിച്ചു: അതിന്റെ അർഥം എന്താണ്.? അപ്പോൾ ജിബ്രീൽ പറഞ്ഞു: ഖുനയ്ൻ യുദ്ധത്തിൽ അങ്ങയോടൊപ്പം ഉറച്ച് നിന്ന എൺപത് ആളുകളിൽ അദ്ദേഹം ഉൾപ്പെടുന്നു. സ്വർഗത്തിലെ അവരുടെ റിസ്ഖും അവരുടെ സന്താനങ്ങളുടെ റിസ്ഖും അല്ലാഹുവിന്റെ ഉത്തരവാദിത്തമാണ്.

അടുത്ത സഹാബി ഹദ്റത്ത് ബശീർ ബിൻ സഅദ് ആണ്. അദ്ദേഹത്തിന്റെ വിളിപ്പേര് അബൂ നുഅ്മാൻ എന്നാണ്. സഅദ് ബിൻ സഅലബ അദ്ദേഹത്തിന്റെ പിതാവായിരുന്നു. ഖസ്റജ് ഗോത്രവുമായാണ് അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് ബശീർ ബിൻ സഅദ് ജാഹിലിയ്യ കാലഘട്ടത്തിലും എഴു ത്തും വായനയുംഅഭ്യസിച്ചിരുന്നു. അദ്ദേഹം രണ്ടാം ബയ്അത്തെ അഖ്ബയിൽ പങ്കെടുത്ത 70 അൻസാരികളിൽ എണ്ണപ്പെടുന്നു. ബദർ, ഉഹദ്, ഖന്ദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)യോടൊപ്പം അദ്ദേഹം പ

ങ്കെടുത്തു. റസൂലുല്ലാ(സ) ഹിജ്രി 7 ശഅ്ബാൻ മാസം, ഹദ്റത്ത് ബശീർ ബിൻ സഅദിന്റെ നേതൃത്വത്തിൽ മുപ്പത് ആളുകൾ അടങ്ങുന്ന ഒരു സൈന്യത്തെ ഫദഖ് ബിൻ മറ്റയുടെ ഭാഗത്തേയ്ക്ക് അയച്ചു. അതുപോലെ ഹിജ്രി 7 ശവ്വാൽ മാസത്തിൽ നബി(സ) അദ്ദേഹത്തെ മുപ്പത് ആളുകളോടൊപ്പം യമൻ അതിന്റെ സമീപപ്രദേശങ്ങൾ എന്നീ ഭാഗത്തേയ്ക്ക് അയച്ചു. അവിടെ ഉദ്ഫാനും കുറച്ച് ആളുകളും ഇയനാ ബിൻ ഹുൻസ് അൽ ഫറാദിയോടൊപ്പം ചേർന്ന് ഇസ്ലാമിനെതിരിൽ ഗൂഢനീക്കങ്ങൾ നടത്തുകയായിരുന്നു. ഹദ്റത്ത് ബശീർ അവരോട് യുദ്ധം ചെയ്ത് അവരെ ഛിന്നഭിന്നമാക്കി.

ഒരു നിവേദനത്തിൽ ഹദ്റത്ത് നുഅ്മാൻ ബിൻ ബശീർ പറയുന്നു: എന്റെ പിതാവ് എനിക്ക് അൽപം ധനം നല്കി. അതിൽ എന്റെ മാതാവ് പറഞ്ഞു: ഈ കാര്യത്തിൽ നബി(സ) സാക്ഷിയാകാതെ ഞാൻ തൃപ്തിപ്പെടുകയില്ല. എനിക്ക് നല്കിയ പാരിതോഷികത്തിന് നബി(സ)യെ സാക്ഷി നിർത്തുന്നതിനായി എന്റെ പിതാവ് നബി(സ)യുടെ അടുക്കൽ ചെന്നു. നബി(സ) പറഞ്ഞു: നീ എല്ലാ മക്കൾക്കും ഇത്തരത്തിൽ നല്കിയോ? അദ്ദേഹം പറഞ്ഞു, ഇല്ല. അവിടുന്ന് പറഞ്ഞു: അല്ലാഹുവിന്റെ തഖ്‌വ സ്വായത്തമാക്കുക. തന്റെ സന്താനങ്ങളോട് നീതിപൂർവം വർത്തിക്കുക. പിന്നെ എന്റെ പിതാവ് എന്റെ അടുത്ത് വന്ന് ആ പാരിതോഷികം തിരികെ വാങ്ങുകയും ചെയ്തു. നബി(സ) പറഞ്ഞു: എന്നെ സാക്ഷി ആക്കരുത്, കാരണം ഞാൻ അക്രമത്തിന് സാക്ഷി പറയുന്നതല്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതിനെ വിശദീകരിച്ച് കൊണ്ട് പറയുന്നു: റസൂലുല്ലാഹ്(സ) പ്രധാനപ്പെട്ട വസ്തുക്കളെ കുറിച്ചാണ് ഈ നിർദേശം നല്കിയിരിക്കുന്നത്. ഈ നിർദേശം ചെറുതും പ്രാധാന്യം കുറഞ്ഞ കാര്യങ്ങളെ കുറിച്ചുള്ളതല്ല.

ഹുസൂർ തിരുമനസ്സ് ഈ വിഷയത്തെ കൂടുതൽ വിശദീകരിച്ച് കൊണ്ട് പറയുന്നു: ഒരു മകന്റെ പരാതിയിൽ റസൂലുല്ലാ(സ) അവന്റെ പിതാവിനോട് പറഞ്ഞു: ഒന്നുകിൽ ആ വസ്തു ഇവനും നല്കുക. അല്ലെങ്കിൽ രണ്ടാമന് നല്കിയ വസ്തുതിരികെ വാങ്ങുക. അതിന്റെ ഹിക്മത്ത് ഇതാണ്, ഏത്പോലെ സന്താനങ്ങൾ മാതാപിതാക്കളെ അനുസരിക്കേണ്ടത് നിർബന്ധമാണോ അതുപോലെ തന്നെ മാതാപിതാക്കളും സന്താനങ്ങളോട് തുല്യമായ പെരുമാറ്റവും സ്നേഹവുംപ്രകടിപ്പിക്കേണ്ടത് നിർബന്ധമാണ്. എന്നാൽ മാതാപിതാക്കൾ ഇതിന് വിപരീതമായി പക്ഷപാതം കാണിക്കുന്നുവെങ്കിൽ സന്താനങ്ങളും അവരുടെ കടമകളിൽ നിന്ന് മുഖംതിരിക്കുന്നവരായേക്കാം. കടമകൾ നിർവഹിക്കുന്നതിൽ അതായത് മാതാപിതാക്കളെ സേവിക്കുക എന്നതിൽ യാതൊരു ഉത്സാഹവും ആനന്ദവും അവർക്ക് അനുഭവപ്പെടുകയുമില്ല. ചിലയാളുകൾ ഇത്തരത്തിൽ പ്രവർത്തിച്ച് മാതാപിതാക്കളിലും സന്താനങ്ങളിലും ഉണ്ടായിരിക്കേണ്ട സ്നേഹവും ബഹുമാനവും നശിപ്പിച്ച് കളയുന്നു. അതുകൊണ്ട് ഇസ്ലാം ഇതിനെ നിരോധിച്ചിരിക്കുന്നു. ദാനം അല്ലെങ്കിൽ വസിയ്യത്ത് ഏതെങ്കിലും പ്രത്യേക സന്താനത്തിന്റെ പേരിൽ ആണെങ്കിൽ അത് അനുവദനീയമല്ല. ചില അവസരങ്ങളിൽ ഇങ്ങനെയും സംഭവിക്കുന്നു. മൂത്തമകന് ഉന്നതവിദ്യാഭ്യാസം നല്കുന്നു. എന്നാൽ ഇളയ മക്കളുടെ സമയത്ത് ജോലി നഷ്ടപ്പെടുന്നത് മൂലമോ വരുമാനം കുറഞ്ഞത് മൂലമോ അവർക്ക് ഉന്നതവിദ്യാഭ്യാസം നല്കാൻ സാധിച്ചെന്ന് വരില്ല. അതിൽ യാതൊരു ആക്ഷേപവും ഉണ്ടാകുന്നതല്ല. എന്നാൽ അതിന് വിരുദ്ധമായി ഒരു പിതാവ് തന്റെ മൂത്തമകന് സന്താനങ്ങൾ ഉണ്ടാകുമ്പോൾ കച്ചവടംചെയ്യാനായി അവന് രണ്ടായിരം രൂപനൽകി മാറ്റി താമസിപ്പിക്കുകയും മറ്റ് മക്കൾക്ക് സന്താനങ്ങൾ ഉണ്ടാകുമ്പോൾ ഒന്നും തന്നെ അവർക്ക് നല്കാതിരിക്കുകയും ചെയ്യുകയെന്നത് അനുവദനീയമല്ല. മറിച്ച് അത് വിവേചനപരമായ പെരുമാറ്റമാകുന്നു.

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) ഖിലാഫത്ത് കാലഘട്ടത്തിൽ ഹിജ്രി 12 ന് ഹദ്റത്ത് ബശീർ, ഹദ്റത്ത് ഖാലിദ് ബിൻ വലീദി

ഏത്പോലെ സന്താനങ്ങൾ മാതാപിതാക്കളെ അനുസരിക്കേണ്ടത് നിർബന്ധമാണോ അതുപോലെ തന്നെ മാതാപിതാക്കളും സന്താനങ്ങളോട് തുല്യമായ പെരുമാറ്റവും സ്നേഹവുംപ്രകടിപ്പിക്കേണ്ടത് നിർബന്ധമാണ്. എന്നാൽ മാതാപിതാക്കൾ ഇതിന് വിപരീതമായി പക്ഷപാതം കാണിക്കുന്നുവെങ്കിൽ സന്താനങ്ങളും അവരുടെ കടമകളിൽ നിന്ന് മുഖംതിരിക്കുന്നവരായേക്കാം. കടമകൾ നിർവഹിക്കുന്നതിൽ അതായത് മാതാപിതാക്കളെ സേവിക്കുക എന്നതിൽ യാതൊരു ഉത്സാഹവും ആനന്ദവും അവർക്ക് അനുഭവപ്പെടുകയുമില്ല. ചിലയാളുകൾ ഇത്തരത്തിൽ പ്രവർത്തിച്ച് മാതാപിതാക്കളിലും സന്താനങ്ങളിലും ഉണ്ടായിരിക്കേണ്ട സ്നേഹവും ബഹുമാനവും നശിപ്പിച്ച് കളയുന്നു. അതുകൊണ്ട് ഇസ്ലാം ഇതിനെ നിരോധിച്ചിരിക്കുന്നു. ദാനം അല്ലെങ്കിൽ വസിയ്യത്ത് ഏതെങ്കിലും പ്രത്യേക സന്താനത്തിന്റെ പേരിൽ ആണെങ്കിൽ അത് അനുവദനീയമല്ല.

നോടൊപ്പം അയിനുത്തമർ യുദ്ധത്തിൽ പങ്കെടുത്തു. അതിൽ അദ്ദേഹം ശഹീദാക്കപ്പെട്ടു. ഹിജ്റ 7 ദുൽഖഅദ മാസത്തിൽ റസൂൽ(സ) ഉംറ നിർവഹിക്കുന്നതിനായി പുറപ്പെട്ടപ്പോൾ അവിടുന്ന് ആയുധങ്ങൾ ആദ്യം തന്നെ കൊടുത്തയച്ചിരുന്നു. തദവസരത്തിൽ ഹദ്റത്ത് ബശീർ ബിൻ സഅ്ദിന് അതിന്റെ മേൽനോട്ടം നല്കുകയുണ്ടായി. ഹുദയ്ബിയ സന്ധിയുടെ അവസരത്തിൽ റസൂലുല്ലാ (സ) തിരുമേനിയെയും അദ്ദേഹത്തിന്റെ അനുയായികളെയും ഉംറ നിർവഹിക്കുന്നതിൽ നിന്ന് ശത്രുക്കൾ തടയുകയുണ്ടായി. അവിടെ രൂപീകരിക്കപ്പെട്ട നിബന്ധനകളിലെ ഒരു നിബന്ധന ഇതായിരുന്നു. അടുത്ത വർഷം റസൂലുല്ലാഹ്(സ)യ്ക്കും അദ്ദേഹത്തിന്റെ അനുയായികൾക്കും ഉംറ ചെയ്യാൻ അനുവാദം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ ഹിജ്റ 7 ദുൽഖഅദ മാസത്തിൽ അദ്ദേഹം തന്റെ 2000 സഹാബാക്കളോടൊപ്പം ഉംറ നിർവഹിച്ച് കഅ്ബ മന്ദിരം തവാഫ് ചെയ്തു. തവാഫ് ചെയ്യുന്നത് അവിശ്വാസികൾക്ക് കണ്ട് നിൽക്കാൻ സാധിച്ചിരുന്നില്ല. അവർ മല കയറി പോയി. ഇവർ എങ്ങനെ തവാഫ് ചെയ്യും പട്ടിണിയും മദീനയിലെ പനിയും ഇവരെ ദുർബലരാക്കിയിരിക്കുന്നുവെന്ന് പറഞ്ഞ് ചിലർ അവരെ പരിഹസിച്ചു.

നബി(സ) സഹാബത്തിനോടായി പറഞ്ഞു: നിങ്ങളുടെ ശക്തി നിങ്ങൾ പ്രകടമാക്കുക. സുദൃഢമായ തോളുകൾ വെളിപ്പെടുന്ന രീതിയിൽ പുതപ്പ് ധരിക്കുക. ആ തോളുകൾ ഇളക്കി ഇളക്കി നടക്കുക. ഇതിന് അറബിയിൽ റമൽ എന്നാണ് പറയുന്നത്. ഈ സുന്നത്ത് ഇന്നും അനുവർത്തിക്കുന്നു. അത് ഖിയാമത്ത് നാൾവരെ നിലനില്ക്കുകയും ചെയ്യുന്നതാണ്. നിവേദനങ്ങളിൽ വരുന്നു, നബി(സ) തന്റെ ജീവിതത്തിൽ നാല് ഉംറയും ഒരു ഹജ്ജും നിർവഹിച്ചിട്ടുണ്ട്.

ഹദ്റത്ത് ബശീർ ബിൻ സഅദ് ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ കരങ്ങളിൽ സഖീഫ ബിൻ ബനൂ സാഅദയുടെ ദിവസം ആദ്യമായി ബയ്അത്ത് ചെയ്ത വ്യക്തിയാണ്. സഖീഫ ബനൂ സാഅദ എന്താണ്? നബി കരീം(സ)ന്റെ വഫാത്തിന് ശേഷം സഖീഫ ബനീ സാഅദ എന്ന സ്ഥത്ത് വെച്ച്നബി കരീം(സ) ന്റെ പിൻഗാമിയെ ചൊല്ലി ബനൂ ഖസ്റജിന്റെ ഒരു യോഗം നടന്നു. ഹദ്റത്ത് ഉമറിന് ഈ യോഗത്തിനെ കുറിച്ച് വിവരം ലഭിക്കുകയും അതോടൊപ്പം കപടവിശ്വാസികളിൽ നിന്നും അൻസാറുകളിൽ നിന്നും വല്ല കുഴപ്പവും ഉണ്ടാകാനുള്ള സാധ്യതയും അറിയാനിടയാകുകയും ചെയ്തപ്പോൾ ഹദ്റത്ത് ഉമർ ഫാറൂഖ്, ഹദ്റത്ത് അബൂബക്കറിനെയും കൊണ്ട് സഖീഫ ബനൂ സാഅദയിൽ എത്തി. അവിടെ എത്തിയപ്പോൾ ബനൂ ഖസ്റജ് ഖിലാഫത്ത് ആഗ്രഹിക്കുന്നതായി മനസിലായി. ബനൂ ഔസ് അതിനെ എതിർക്കുകയായിരു ന്നു. അപ്പോൾ ഒരു അൻസാരി സഹാബി നബി (സ)തിരുമേനിയുടെ ഈ വാക്കുകൾ ഓർമ്മപ്പെടുത്തി. അധികാരികൾ ഖുറൈശികളിൽ നിന്നായിരിക്കും. ആ സമയം ഉണ്ടായ തർക്കത്തിൽ അധികംപേരുടെ ഹൃദയത്തിലും ഇക്കാര്യം സ്വാധീനമുണ്ടാക്കി. അങ്ങനെ അൻസാറുകൾ അവരുടെ വാദമുഖങ്ങൾ ഉപേക്ഷിച്ചു. എല്ലാവരും ഉടൻ തന്നെ അബൂബക്കറി(റ)ന്റെ ഖിലാഫത്തിൽ ബയ്അത്ത് ചെയ്തു.

ഹദ്റത്ത് അബൂ മസ്ഊദ് അൻസാരി വിവരിക്കു ന്നു. ഒരിക്കൽ ഞങ്ങൾ സഅദ് ബിൻ അബാദയുടെ മജ്ലിസിൽ ഇരിക്കുന്ന സന്ദർഭത്തിൽ നബി(സ) ഞങ്ങളുടെ സമീപത്ത് വന്നു. ഹദ്റത്ത് ബശീർ ബി ൻ സഅദ് ബിൻ അബാദ ചോദിച്ചു, അല്ലാഹു താങ്കളുടെ മേൽ സ്വലാത്ത് ചൊല്ലുവാൻ കല്പന നല്കിയിരിക്കുന്നു. ഞങ്ങൾ എങ്ങനെയാണ് സ്വലാത്ത് ചൊല്ലേണ്ടത്.? നിവേദകൻ പറയുന്നു: ആ ചോദ്യത്തിൽ റസൂലുല്ലാഹ്(സ) നിശബ്ദത പാലിച്ചു. അങ്ങനെ അദ്ദേഹത്തോട് ചോദിക്കേണ്ടിയിരുന്നില്ലയെന്നു പോലും ഞങ്ങൾ അപ്പോൾ ആഗ്രഹിച്ചു പോയി. പിന്നെ റസൂലുല്ലാഹ്(സ) പറഞ്ഞു:

നിങ്ങൾക്ക് അറിയുന്ന രീതിയിൽ എപ്രകാരമാണ് സലാം ചൊല്ലുന്നത് അത്തരത്തിൽ സലാം ചൊല്ലുക.

ഞാൻ ഒരു ദുആയ്ക്ക് വേണ്ടി പറയാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ദിവസം ബംഗ്ലാദേശിലെ എതിരാളികൾ അഹ്മദികളുടെ വീടുകളും കടകളും മറ്റും ആക്രമിച്ചു. കുറച്ച് വീടുകൾ അഗ്നിക്ക് ഇരയാക്കി. കടകൾ കൊള്ളയടിച്ചു. ചില അഹ്മദികൾക്ക് മുറിവേല്ക്കുകയും ചെയ്തു. അവിടെയുള്ള അവസ്ഥ അല്ലാഹു മെച്ചപ്പെടുത്തുന്നതിനായി ദുആ ചെയ്യുക. അല്ലാഹു മുറിവേറ്റവർക്ക് പെട്ടെന്ന് ആരോഗ്യം പ്രദാനം ചെയ്യട്ടെ. അവരുടെ നാശനഷ്ടങ്ങൾ പരിഹരിക്കുമാറാകട്ടെ. സമാധാനത്തോട്കൂടി ജൽസ നടത്തുവാൻ അവർക്ക് സാധിക്കട്ടെ.

നമസ്കാരങ്ങൾക്ക് ശേഷം ഒരു ജനാസ ഗായിബ് നമസ്കാരംകൂടി ഞാൻ നിർവഹിക്കുന്നതാണ്. പാകിസ്താനിലെ ബഹുമാന്യ സിദ്ദീഖ ബേഗം സാഹിബ ദുൻയാപ്പൂരിയുടെതാണ്. അവർ ലയിഖ് അഹ്മദ് മുശ്താഖ് സാഹിബ് മുബലിഗ് ഇൻ ചാർജ് തെക്കേ അമേരിക്കയുടെ മാതാവാണ്. ശയ്ഖ് മുസഫർ അഹ്മദ് സാഹിബിന്റെ ഭാര്യയാണ്. ഫെബ്രുവരി ഒന്നിന് 74-ാം വയസ്സിൽ അവർക്ക് വഫാത്ത് സംഭവിച്ചു. - ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ- ഹസൂർ തിരുമനസ്സ് അവരുടെ സ്വഭാവഗുണങ്ങൾ വിവരിച്ച് കൊണ്ട് അവർക്ക് വേണ്ടി ദുആ ചെയ്തു. അല്ലാഹു മർഹൂമയോട് പാപപൊറുതിയോട്കൂടിയും കാരുണ്യത്തോട്കൂടിയും വർത്തിക്കുമാറാകട്ടെ. അവരുടെ സന്താനങ്ങൾക്ക് അവരുടെ നന്മകൾ നില നിർത്തുവാൻ തൗഫീഖ് നല്കട്ടെ, അവർക്ക് വേണ്ടി ചെയ്ത ദുആകൾ സ്വീകരിക്കുമാറാകട്ടെ.

# ശരീരവും ആത്മാവും രൂപാന്തര ഘട്ടങ്ങളുടെ സാദൃശ്യങ്ങൾ

മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ ഉദ്ഭവത്തെയും വളർച്ചയേയും സൂചിപ്പിക്കുന്ന വിശുദ്ധ ഖുർആനിലെ ഗഹനമായ സൂക്തങ്ങളുടെ അർഥങ്ങളും തത്ത്വങ്ങളും സാദൃശ്യങ്ങളും വാഗ്ദത്ത മസീഹ് (അ) തന്റെ ബറാഹീനെ അഹ്മദിയ്യാ എന്ന പ്രശസ്ത ഗ്രന്ഥത്തിൽ വിവരിക്കുന്നു.

**വിവ: അബു അയ്മൻ**

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**മൂന്നാംഘട്ട സാദൃശ്യം**

ശാരീരിക അസ്തിത്വത്തിന്റെ മൂന്നാംഘട്ടം ആത്മീയ അസ്തിത്വത്തിന്റെ മൂന്നാം ഘട്ടവുമായി എങ്ങനെ സാദൃശ്യപ്പെട്ടിരിക്കുന്നു എന്നതിന്റെ വിശദീകരണമിതാണ്: ശാരീരിക അസ്തിത്വത്തിന്റെ മൂന്നാം ഘട്ടത്തെ വിഷയീകരിച്ച് പ്രതിപാദിക്കപ്പെട്ട വിശുദ്ധ ഖുർആൻ വചനം **"ഫഖലഖ്നൽ അലഖത്ത മുള്ഗത്തൻ"** എന്നതാണ്. അതായത്, 'അനന്തരം നാം അലഖയെ മാംസപിണ്ഡമാക്കിയിരിക്കുന്നു' മനുഷ്യന്റെ ശാരീരിക അസ്തിത്വം അവിശുദ്ധിയിൽനിന്ന് പുറത്തുകടക്കുന്നതും പൂർവസ്ഥിതിയെ അപേക്ഷിച്ച് ഒരളവോളം പ്രബലതയും ദൃഢതയും കൈവരിക്കുന്നതുമായ ഘട്ടമാണിത്. നുത്ഫയും രക്തപിണ്ഡമായ അലഖയും അവയുടെ അകതാരിൽ ഒരു നേരിയ അശുദ്ധി അന്തർവഹിക്കുന്നുണ്ടായിരുന്നു. തന്നെയുമല്ല, അവ മുള്ഗയെ അപേക്ഷിച്ച് രൂപത്തിൽ നേർത്തതും കട്ടിയില്ലാത്തതുമാണ്. എന്നാൽ മാംസപിണ്ഡമായ മുള്ഗ ഒരു പരിശുദ്ധാവസ്ഥ അതിന്റെ അന്തസ്ഥിതിയിൽ ആർജിക്കുകയും ആദ്യ രണ്ട് ഘട്ടങ്ങളെയും അപേക്ഷിച്ച് ഒരു പരിധിയോളം കാഠിന്യം പ്രാപിക്കുകയും ചെയ്യുന്നു. ഇതുതന്നെയാണ് ആത്മീയ അസ്തിത്വത്തിന്റെ മൂന്നാം ഘട്ടത്തിലും സംഭവിക്കുന്നത്. ആ ഘട്ടത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നു: **"വല്ലദീനഹും ലിസ്സക്കാത്തി ഫാഇലൂൻ"** ഈ സൂക്തത്തിന്റെ വിവക്ഷയിപ്രകാരമാകുന്നു, 'വിശ്വാസി രണ്ട് പൂർവഘട്ടങ്ങളും മറികടന്ന് തന്റെ ചുവട് മുന്നോട്ട് വെക്കുന്നു; അവനപ്പോൾ വ്യർഥ വിഷയങ്ങളിൽ നിന്ന് കരകയറുന്നവൻ മാത്രമായിരിക്കില്ല, പ്രത്യുത, മനുഷ്യസഹജമായി അവന്റെയുള്ളിൽ കുടികൊള്ളുന്ന പിശുക്കിന്റെ മാലിന്യം ദൂരീകരിക്കാനായി സക്കാത്ത് കൊടുക്കുന്നവൻ കൂടിയായിരിക്കും. അതായത്, ദൈവമാർഗത്തിൽ തന്റെ ധനത്തിലൊരംശം ചെലവഴിക്കുന്നു.' സക്കാത്തിന് തദ്വിശേഷണം നൽകപ്പെടാനുണ്ടായ കാരണം മനുഷ്യൻ അത് നിർവഹിക്കുമ്പോൾ അഥവാ, തന്റെ ഏറ്റവും പ്രിയപ്പെട്ട ധനം അല്ലാഹുവിനായി നൽകുമ്പോൾ ലുബ്ധതയുടെ അഴുക്കിൽനിന്ന് അവന്റെ ആത്മാവ് ശുദ്ധീകരിക്കപ്പെടുന്നു എന്നതുകൊണ്ടത്രെ. ലുബ്ധതയുടെ മാലിന്യവുമായി പ്രകൃത്യാ മനുഷ്യന് തീവ്രബന്ധമാണുള്ളത്; അവന്റെ അന്തരംഗത്തുനിന്ന് ആ മാലിന്യം നീങ്ങിപ്പോകുമ്പോൾ സ്വയം ശുദ്ധനായിക്കൊണ്ട് അവൻ പരമപരിശുദ്ധനായ ദൈവത്തിന്റെ സിഫത്തുമായി ഒരു പരിധിയോളം സാമ്യം പൂകുന്നു. *"കൊയീ ഉസ് പാക്ക് സേ ജൊ ദിൽ ലഗാവെ; കറെ പാക്ക് ആപ്കൊ തബ് ഉസ്കൊ പാവെ"* *(ആ പരിശുദ്ധ അസ്തിത്വത്തിൽ തന്നെ ഹൃദയാത്മനാ വിലയം ചെയ്യുന്നവനാരോ അവനാണ് ആ പരമപരിശുദ്ധനെ പ്രാപിക്കുന്നത്.)*

ഈയ്യൊരു സ്ഥാനം മുൻകടന്ന രണ്ട് ഘട്ടങ്ങളിലും ദൃശ്യമാകുന്നില്ല. ഭയഭക്തിയും വിനയഭാവങ്ങളും നിറഞ്ഞ അവസ്ഥയും കേവല വ്യർഥ വിഷയങ്ങളുടെ വർജനവും ലുബ്ധതയുടെ മാലിന്യം ഇപ്പോഴും ഉള്ളിൽ അവശേഷിക്കുന്ന ഒരുവനും ഉദ്ദേശിച്ചാൽ കരസ്ഥമാക്കാൻ സാധിക്കുന്ന പദവികളാണ്. എന്നാൽ താൻ പ്രയാസങ്ങളും കഷ്ടതകളും സഹിച്ച് സമ്പാദിച്ചതും തന്റെ

ജീവസന്ധാരണത്തിന്റ സർവാശ്ര യവും ഉപജീവനത്തിന്റെ അത്താ ണിയുമായ പ്രിയപ്പെട്ട ധനം പരിത്യജിക്കുമ്പോഴാണ് അകതാരി ൽനിന്ന് ലുബ്ധതയുടെ മാലിന്യം നീങ്ങിപ്പോവുകയും ഈമാനിൽ കരുത്തും കാഠിന്യവും വന്നുചേരു കയും ചെയ്യുന്നത്. ആദ്യത്തെ രണ്ടു ഘട്ടങ്ങളിലും ഈ പരിശുദ്ധി കരസ്ഥമാകുന്നില്ല. അവയിൽ ഗോപ്യമായ മാലിന്യങ്ങൾ അന്തർ ലീനമായിട്ടുണ്ട്.

ഇതിലടങ്ങിയിരിക്കുന്ന തത്ത്വമിതുതന്നെയാണ്: വ്യർഥ വിഷയങ്ങളിൽനിന്നു മുഖം തിരിക്കുക എന്നത് "തർക്കെ ശർ" അഥവാ 'തിന്മ വർജിക്കൽ' മാത്ര മാണ്. അതും എത്തരത്തിലുള്ള തെന്നാൽ, ചെയ്യുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ലാത്ത തിന്മ അഥവാ ജീവിതസന്ധാരണത്തിന് ഒരത്യാവശ്യവുമില്ലാത്ത പാഴ് വേലകളുടെ പരിത്യാഗം. തന്മൂലം ആത്മാവിന് ഒരു ഭാരവും അനുഭവിക്കേണ്ടിവരുന്നില്ല. എന്നാൽ താൻ കഷ്ടപ്പെട്ട് സമ്പാദിച്ച ധനം ദൈവത്തിന്റെ തിരുവുള്ളത്തി നായി വെടിയുക എന്നത് "കസ്ബെ ഖൈർ" അഥവാ, നന്മ സമ്പാദിക്കലാകുന്നു. തന്മൂലം ആത്മാവിന്റെ മാലിന്യങ്ങളിൽ വെച്ച് ഏറ്റവും വൃത്തികെട്ട മാലിന്യമായ പിശുക്ക് അവനിൽനിന്ന് ദൂരപ്പെടു മാറാകുന്നു. ഇതുതന്നെയാണ് അതിലടങ്ങിയിരിക്കുന്ന തത്ത്വജ്ഞാ നം. അക്കാരണത്താൽ ഈ ആത്മീ യ അസ്തിത്വത്തിന്റെ മൂന്നാം ഘട്ടം മറ്റു രണ്ട് ഘട്ടങ്ങളേയും അപേക്ഷി ച്ച് മികവുറ്റതും ശ്രേഷ്ഠവുമായി ത്തീരുന്നു. അപ്രകാരം ഇതിനോട് താദാത്മ്യം പുലർത്തുന്ന ശാരീരിക അസ്തിത്വത്തിന്റെ മൂന്നാം ഘട്ട ത്തിൽ '**മുള്ഗ**'യുടെ അവസ്ഥയും മറ്റു രണ്ട് അവസ്ഥകളായ '**നുത്ഫ**' യെയും '**അലഖ**'യെയും അപേക്ഷി ച്ച് ശ്രേഷ്ഠത ഉൾക്കൊള്ളുന്നതാകു ന്നു. കാരണം, അവരണ്ടും നേരിയ അവിശുദ്ധി ഉള്ളിൽ വഹിക്കുന്നവ യും എന്നാൽ മുള്ഗ പരിശുദ്ധി കൈവരിച്ച ഘട്ടവുമാകുന്നു. തന്നെയുമല്ല പൂർവഘട്ടത്തേക്കാൾ ഗർഭപാത്രവുമായുള്ള മുള്ഗയുടെ ബന്ധം സുദൃഢവും കൂടുതൽ സാന്ദ്രതയും കരുത്തും കൈവരി ച്ചതുമത്രെ.

ആത്മീയ ഘട്ടത്തിലെ സ്ഥിതിയും സമാനംതന്നെ. അതി നെ സ്മരിച്ചുകൊണ്ടുള്ള ദൈവ വചനം ഇപ്രകാരമാണ്, ''**വല്ലദീന ഹും ലിസ്സക്കാതി ഫാഇലൂൻ**'' അതായത്, 'തന്റെ ആത്മാവിനെ പിശുക്കിൽനിന്നും പരിശുദ്ധമാക്കാ ൻ വേണ്ടി തന്റെ ഇഷ്ടധനം ദൈവമാർഗത്തിൽ വ്യയം ചെയ്യുന്ന വനാണ് വിശ്വാസി. അവനാ കർമം സ്വന്തം ഇച്ഛയാൽ അനുഷ്ഠിച്ച തത്രെ.' ശാരീരിക ഘട്ടത്തിൽ മുള് ഗയിൽ കാണപ്പെടുന്ന എല്ലാ ശ്രേഷ്ഠ സവിശേഷതകളും ഈ ആത്മീയഘട്ടത്തിൽ വിശ്വാസിക്ക് കൈവരുമാറാകുന്നു. ദൈവമാർഗ ത്തിൽ ധനം ചെലവുചെയ്യലും തന്റെ കഠിനാധ്വാനത്താൽ സമ്പാദി ച്ച ജീവിതമാർഗത്തിനുള്ള മുതലു കൾ ദൈവപ്രീതി മാത്രം മുൻനിർ ത്തി അന്യർക്ക് നൽകലും, ലഗ് വിയാത്തിനെയും പാഴ്വേലകളേ യും വർജിക്കുക എന്ന അവസ്ഥ യെക്കാൾ ഏറെ പരിഷ്കരണം സിദ്ധിച്ച അവസ്ഥയാകുന്നു. എന്തെന്നാൽ ഈ ഘട്ടത്തിൽ സ്പഷ്ടവും സുവ്യക്തവുമായ രീതിയിൽ ലുബ്ധതയുടെ മാലിന്യ ത്തിൽനിന്നും പവിത്രതയാർജിക്കു കയും ദൈവവുമായുള്ള ബന്ധം വർധിക്കുകയും ചെയ്യുന്നു. തന്റെ സമ്പത്ത് ദൈവത്തിനുവേണ്ടി ചെലവഴിക്കൽ ലഗ്വിയാത്തിനെ ഉപേക്ഷിക്കുന്നതിനേക്കാൾ ആത്മാവിന് ഭാരിച്ച ജോലിയാകു ന്നു. അപ്രകാരം അധികമായ വിഷമതകൾ സഹിക്കേണ്ടി വരുന്ന കർമങ്ങളിലൂടെ ദൈവവുമായുള്ള ബന്ധത്തിലും വർധനവുണ്ടാകു ന്നു. തന്നെയുമല്ല, ഈ ആയാസ കർമം വിശ്വാസിയുടെ വിശ്വാസ ശക്തിയെയും പൂർവാധികം കരുത്തുറ്റതും സുദൃഢവുമാക്കി ത്തീർക്കുന്നു.

**നാലാംഘട്ട സാദൃശ്യം**

അനന്തരം അത്യുന്നതനായ ദൈവം തന്റെ തിരുവചനത്തിൽ നാലാം ആത്മീയ ഘട്ടത്തെ സംബന്ധിച്ച് ഇപ്രകാരം പ്രതിപാദി ക്കുന്നു: ''വല്ലദീനഹും ലി ഫുറൂജിഹിം ഹാഫിദ്വൂൻ" അതായ ത്, 'മൂന്നാം ഘട്ടത്തിൽനിന്ന് പുരോഗതി പ്രാപിച്ചുകൊണ്ട്, ദൈഹിക ദുർവികാരങ്ങളിൽ നിന്നും നിരോധിക്കപ്പെട്ട വിഷയേച്ഛ കളിൽനിന്നും തന്നെ സ്വയം സംരക്ഷിച്ചുനിർത്തുന്നവനത്രെ വിശ്വാസി.' ഈ ഘട്ടം മൂന്നാം ഘട്ടത്തെ അപേക്ഷിച്ച് ഉൽകൃഷ്ട മാകാൻ കാരണമെന്തെന്നാൽ, മൂന്നാം ഘട്ടത്തിൽ വിശ്വാസി തന്റെ അരുമയാർന്ന ധനം ദൈവമാർഗ ത്തിൽ ചെലവഴിക്കുന്നുണ്ടെങ്കിലും നാലാം ഘട്ടത്തിൽ ധനത്തേക്കാളേ റെ തനിക്ക് പ്രിയങ്കരവും പ്രീതി പാത്രവുമായ കാമവികാരങ്ങളെയാ ണ് അല്ലാഹുവിനുവേണ്ടി പരിത്യ ജിക്കുന്നത്. മനുഷ്യൻ വിഷയേച്ഛ യോട് എത്രത്തോളം തൽപരനാ ണെന്നാൽ, അതിനുവേണ്ടി തന്റെ പ്രിയപ്പെട്ട ധനം വെള്ളം പോലെ ഒഴുക്കിക്കളയാൻ അവൻ സന്നദ്ധ നാകുന്നു. ധനച്യുതി തെല്ലും ഗണ്യമാക്കാതെ ആയിരക്കണക്കി നു രൂപ തങ്ങളുടെ കാമവികാര ങ്ങൾ പൂർത്തിയാക്കാനായി നഷ്ട പ്പെടുത്തുന്നു. വിശന്നവനും വസ്ത്രരഹിതനുമായ അഗതിക്ക് ഒരണപോലും കൊടുക്കാൻ തങ്ങളു ടെ കൊടും പിശുക്ക് കാരണം അശക്തരായ വൃത്തികെട്ടവരും ലുബ്ധരുമായ ജനങ്ങൾ തങ്ങളുടെ മാംസദാഹത്തിന്റെ അത്യാസക്തി യാൽ ലക്ഷക്കണക്കിനു രൂപ അഭിസാരികകൾക്ക് നൽകി സ്വഭവനങ്ങൾ നരകതുല്യമാക്കി ത്തീർക്കുന്ന കാഴ്ചകൾ നാം സമൂഹത്തിൽ ദർശിക്കുന്നു. വിഷയേച്ഛകളുടെ കുത്തിയൊലി ക്കുന്ന ജലപ്രളയം ലുബ്ധതയുടെ അശുദ്ധിയെ പോലും ഒഴുക്കിക്കള യുന്ന ഒന്നാണെന്ന് മനസ്സിലാക്കാം.

അപ്പോൾ മനുഷ്യന്റെ

ലുബ്ധത അകറ്റുന്നതും ദൈവത്തിനുവേണ്ടി തന്റെ ഇഷ്ടധനം വ്യയം ചെയ്യുന്നതുമായ വിശ്വാസശക്തിയെ അപേക്ഷിച്ച് മനുഷ്യനെ ശാരീരിക ദുർവികാരങ്ങളുടെ കൊടുങ്കാറ്റിൽനിന്ന് സംരക്ഷിക്കുന്ന ഈ നാലാം ഘട്ട വിശ്വാസശക്തി അങ്ങേയറ്റം കരുത്തുള്ളതും പൈശാചിക ശക്തികളെ നേരിടുന്നതിൽ സമർഥവും ഈടുറ്റതുമാകുന്നു. എന്തെന്നാൽ, ഈ ഘട്ടത്തിൽ വിശ്വാസിയുടെ കർത്തവ്യം ''**നഫ്സെ അമ്മാറ**'' അഥവാ ദോഷപ്രവണമായ ആത്മാവ് പോലുള്ള ഞെരിപിരി കൊള്ളുന്ന പഴയ പെരുമ്പാമ്പിനെ തന്റെ കാലിനടിയിലിട്ട് ഞെരിച്ചു കളയലാകുന്നു. മാത്രമല്ല, കാമാസക്തികൾ പൂർത്തിയാക്കാനുള്ള ആവേശം കൊണ്ടോ, ചിലപ്പോൾ അഭിനയത്തിന്റെയും ജനങ്ങൾക്ക് പ്രദർശിപ്പിക്കാനുള്ള ഉത്സാഹത്തിന്റെയും സന്ദർഭത്തിലോ ലുബ്ധത അകന്നുപോയേക്കാം. എന്നാൽ, മനുഷ്യാത്മാക്കളിൽ മികച്ചുനിൽക്കുന്ന കാമവികാരങ്ങളുടെ കൊടുങ്കാറ്റ് അത്യന്തം രൂക്ഷവും ദീർഘിച്ച് നിലനിൽക്കുന്നതുമാണ്. അതിന്റെ ശമനം ദൈവകാരുണ്യമില്ലെങ്കിൽ സംഭവ്യമല്ല. എപ്രകാരം മനുഷ്യശരീര ഭാഗങ്ങളിൽ അസ്ഥികൾ ഏറ്റവും ശക്തിയുള്ളതും ഏറെ ആയുസ്സുറ്റതുമായിരിക്കുന്നുവോ അപ്രകാരം ഈ പേമാരിയെ ശമിപ്പിക്കുവാനുള്ള മനുഷ്യന്റെ വിശ്വാസശക്തിയും അത്യന്തം കരുത്തുറ്റതും നീണ്ടുനിൽക്കുന്നതുമാകുന്നു. തന്നിമിത്തം മനുഷ്യന് അത്തരം പ്രതിയോഗികളെ നീണ്ടകാലം പൊരുതിനിന്ന് പരാജയപ്പെടുത്താൻ സാധിക്കുമാറാകുന്നു. അതും ദൈവകാരുണ്യത്താൽ മാത്രം. അതിഭയാനകവും ഭീതിജനകവുമായ കാമവികാരങ്ങളുടെ പേമാരിയെ ഹദ്റത്തെ അഹ്ദിയ്യത്തിന്റെ പ്രത്യേക കൃപാകടാക്ഷം കൂടാതെ ശമിപ്പിക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല. ഇക്കാരണം കൊണ്ടുതന്നെയാണ് ഹദ്റത്ത് യൂസുഫ്(അ) ന് പറയേണ്ടിവന്നത്, "**വമാ ഉബർറിഉ നഫ്സീ ഇന്നന്നഫ്സൽ അമ്മാറത്തു ബിസ്സൂഇ ഇല്ലാ മാ റഹിമ റബ്ബീ**" *(ഞാനെന്റെ ആത്മാവിനെ നിർദോഷിയാണെന്ന് വിധിക്കുന്നില്ല. തീർച്ചയായും ആത്മാവ് അനേകം തിന്മകൾ ചെയ്യാൻ കൽപനകൾ നൽകിക്കൊണ്ടിരിക്കുന്നു. ദൈവം തമ്പുരാൻ സ്വയം കരുണ ചെയ്തുകൊണ്ടല്ലാതെ അവയിൽ നിന്നുള്ള മോചനം അസാദ്ധ്യമത്രെ – യുസുഫ് 54)* ഈ സൂക്തത്തിലെ ''**ഇല്ലാ മാ റഹിമ റബ്ബി**'' എന്ന വാക്യത്തോട് സമാനമായ പദം ഹദ്റത്ത് നൂഹ്(അ) ന്റെ പേമാരിയെ സംബന്ധിച്ച് പരാമർശിച്ച വേളയിലും ഉപയോഗിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു അരുൾ ചെയ്യുന്നു, ''**ലാ ആസിമൽ യൗമ മിൻ അമ്രില്ലാഹി ഇല്ലാ മൻറഹിമ**" *(അല്ലാഹുവിന്റെ കൽപനയിൽ നിന്നു സംരക്ഷണം തരുന്ന ഒരാളും ഇന്നുണ്ടാകില്ല; അവന്റെ കാരുണ്യവിധേയരൊഴികെ. ഹൂദ് 44)* വിഷയേച്ഛയുടെ അഥവാ കാമാസക്തിയുടെ പ്രളയത്തിന് അതിന്റെ രാക്ഷസീയതയിലും ഭയാനകത്വത്തിലും നൂഹ് (അ) ന്റെ പ്രളയത്തോട് താദാത്മ്യമുണ്ടെന്നതിലേക്കാണ് ഇത് വെളിച്ചം വീശുന്നത്.

ഈ നാലാം ആത്മീയ ഘട്ടവുമായി സാദൃശ്യപ്പെടുത്തിക്കൊണ്ടുള്ള ശാരീരിക അസ്തിത്വത്തിന്റെ നാലാംഘട്ടത്തെ കുറിച്ച് പ്രതിപാദിക്കപ്പെട്ട പരിശുദ്ധവചനമിപ്രകാരമാണ്: "**ഫഖലഖ്നൽ മുള്ഗത്ത ഇദ്വാമൻ**'' അതായത്, 'തുടർന്ന് നാം മുള്ഗയിൽനിന്ന് അസ്ഥികൾ സൃഷ്ടിച്ചിരിക്കുന്നു.' അസ്ഥികൾക്ക് മാംസത്തെ അപേക്ഷിച്ച് സാന്ദ്രതയും കാഠിന്യവുമുണ്ടെന്നതിൽ ആർക്കും സന്ദേഹമില്ല. മാത്രമല്ല മാംസത്തേക്കാൾ അസ്ഥികളുടെ അവശിഷ്ടങ്ങൾ കൂടുതൽ കാലം ബാക്കിനിൽക്കുന്നതും അതിന്റെ അടയാളങ്ങൾ ആണ്ടുകളോളം ശേഷിക്കുന്നതുമത്രെ. അപ്പോൾ ആത്മീയവും ശാരീരികവുമായ ഈ നാലാം ഘട്ടങ്ങൾ തമ്മിലുള്ള താദാത്മ്യം വളരെ സ്പഷ്ടം തന്നെ. ആത്മീയ അസ്തിത്വത്തിലെ നാലാം ഘട്ടം മൂന്നാം ഘട്ടത്തെക്കാൾ ഏറെ ശക്തിപ്രാപിച്ചതും ഊർജസ്സുറ്റതും റഹീമായ ദൈവവുമായി പൂർവാധികം ബന്ധം സ്ഥാപിതമായതുമാകുന്നു. (തുടരും)

## ദുനിയാവിന്റെ ക്ഷണികത

അബ്ദുല്ലാഹിബ്നു മസ്ഊദി(റ)ൽ നിന്നും നിവേദനം: ഒരവസരത്തിൽ റസൂൽ തിരുമേനി (സ) ഒരു പായയിൽ കിടന്നുറങ്ങി. എഴുന്നേറ്റ് ആ പായ തിരുദൂതരുടെ ശരീരത്തിൽ അടയാളങ്ങളുണ്ടാക്കിയിരുന്നു. ഞങ്ങൾ അപ്പോൾ അവിടത്തോട് ചോദിച്ചു. അല്ലാഹുവിന്റെ പ്രവാചകരെ, അങ്ങേക്ക് ഞങ്ങളൊരു മാർദവമേറിയ വിരിപ്പുണ്ടാക്കിതന്നാലോ? അന്നേരം തിരുദൂതർ പറഞ്ഞു: ദുനിയാവുമായി എനിക്കെന്തു ബന്ധമാണുള്ളത്? ഒരു വൃക്ഷ ചുവടിൽ കുറച്ച് സമയം നിഴലേറ്റു വിശ്രമിച്ചു, പിന്നീട് അത് ഉപേക്ഷിച്ച് പോകുന്ന യാത്രക്കാരനെപോലെ മാത്രമാണ് ഞാനീ ലോകത്ത്. (മുസ്ലിം)

# ഇസ്‌ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ

മുസ്‌ലിം രാജ്യങ്ങളിൽ കഴിയുന്ന അമുസ്‌ലിംകളായ പൗരന്മാരോട് മുസ്‌ലിം ഭരണ കൂടം അനുവർത്തിക്കേണ്ട പ്രമാണിക സമീപനങ്ങളെ ക്കുറിച്ചും റസൂൽ തിരുമേനി (സ) യുടെയും ഖുലഫാ ഉർറാശിദായുടെയും മാതൃകയെ സംബന്ധിച്ചുമുള്ള വിവരണം. Minorities in an Islamic State എന്ന ലഘു കൃതിയുടെ വിവർത്തനം. **വിവ: കെ. വി. ഹസ്സൻ കോയ കോഴിക്കോട്.**

**മാലിക്ക് സൈഫുർറഹ്മാൻ**

ദൈവ പ്രചോദിതനായ പരിഷ്ക്കർത്താവ് എന്ന നിലയിൽ വിശുദ്ധ നബി (സ)യുടെ വാദങ്ങൾ മക്കക്കാരിൽ രോഷമുളവാക്കി. ഖുറൈശി മുഖ്യന്മാർ ഇസ്‌ലാമിനെ എതിർക്കാൻ തീരുമാനിച്ചു. പുതിയ മതം അറേബ്യയിൽ പടരുന്നത് ബിംബാരാധകർ വെച്ചുപൊറുപ്പിക്കുമായിരുന്നില്ല. തുടക്കത്തിൽ തന്നെ ഇസ്‌ലാമിനെ തകർക്കാൻ അവർ ദൃഢനിശ്ചയം ചെയ്തു. ഈ മഹാ വിപത്ത് ഉന്മൂലനം ചെയ്യാനായി തങ്ങളാലാവുന്ന എല്ലാ മാർഗങ്ങളും അവർ അവലംബിച്ചു. മുസ്‌ലിംകൾക്കെതിരായ ഖുറൈശികളുടെ ഈ സംരംഭത്തിൽ പൊതുജനങ്ങളും പങ്കുചേർന്നു മുസ്‌ലിംകൾക്ക് യാതനകളുടെയും പരീക്ഷണങ്ങളുടേയും കാലഘട്ടം ആരംഭിച്ചു. അവരുടെ ജീവിതവും സ്വത്തും അഭിമാനവും എല്ലാം നിരന്തമായ ഭീഷണിക്കു വിധേയമായി. മുസ്‌ലിംകൾ മർദിക്കപ്പെടുകയു ബഹിഷ്ക്കരിക്കപ്പെടുകയും ശകാരിക്കപ്പെടുകയും ചെയ്തു. ഓരോ മുസ്‌ലിം പൗരനും സാധാരണ അവകാശങ്ങൾ പോലും നിഷേധിക്കപ്പെട്ടു. തങ്ങളുടെ മതം പ്രബോധിക്കാനും അതിനെ പരസ്യമായി സ്തുതിക്കാൻ പോലും അവർക്ക് അസാദ്ധ്യമായിരുന്നു. ഇസ്‌ലാം സ്വീകരിക്കപ്പെടുകയും അതിനെ പുകഴ്ത്തുകയും ചെയ്കയെന്നാൽ അതിന്റെ അർഥം മരണം വരിക്കുകയെന്നതായിരുന്നു. റസൂൽ തിരുമേനി(സ)യുടെ അവസ്ഥയും മറിച്ചായിരുന്നില്ല. അദ്ദേഹം അപമാനിക്കപ്പെടുകയും ശകാരിക്കപ്പെടുകയും ചെയ്തു. ഏത് വിധത്തിലാണ് മക്കക്കാർ അദ്ദേഹത്തോട് പെരുമാറിയതെന്നതിന് ഉദാഹരണമായി ഹദ്റത്ത് ആയിശ (റ), തിരു നബി (സ)യുടെ പത്നി നിവേദനം ചെയ്ത് ഹദീസ് ഇപ്രകാരമാണ്. ഈ ദുരിതങ്ങളെ പരാമർശിച്ചു കൊണ്ട് നബി (സ) തിരുമേനി ഒരിക്കൽ പറഞ്ഞു.

അബൂലഹബും ഉത്ബയും എന്റെ അയൽവാസികളായിരുന്നു. അവരുടെ പദ്ധതിയും ആസൂത്രണങ്ങളും കാരണമായി ഞാൻ എല്ലാ ഭാഗത്ത് നിന്നും വലയം ചെയ്യപ്പെട്ടു. എന്റെ ജീവിതം ദുർഭരമാക്കാൻ അമേധ്യത്തിന്റെ കൂമ്പാരം എന്റെ വാതിൽ പടിക്കൽ നിക്ഷേപിച്ചിരുന്നു. പുറത്തേക്ക് വരുമ്പോൾ ഞാൻ ഈ മാലിന്യം നീക്കുകയും ഞാനി പ്രകാരം പറയുകയും ചെയ്യുമായിരുന്നു. അബ്ദു മനാഫിന്റെ പുത്രന്മാരെ എന്തിനാണിങ്ങനെ ചെയ്യുന്നത്? ഇങ്ങനെയാണോ അയൽ വാസികളോടുള്ള കടമ നിങ്ങൾ നിർവഹിക്കുന്നത്.

മേൽ പറഞ്ഞ ഹദീസിൽ നിന്ന് വ്യക്തമാകുന്നത് പ്രകാരം ഇസ്‌ലാം സ്വീകരിക്കുന്നതിൽ നിന്ന് ഞങ്ങളെ തടയാൻ ഖുറൈശികൾ ചെയ്യാത്ത ഒരു ഹീന കൃത്യവുമില്ലായിരുന്നു. ഞങ്ങളുടെ സഹോദര മതങ്ങളിൽ നിന്ന് ആളുകൾ ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യുന്നത് കണ്ട ശത്രുക്കൾ പുതിയ മതത്തെ ഉന്മൂലനം ചെയ്യുവാൻ ദൃഢനിശ്ചയം ചെയ്തു. മക്കാ നിവാസികളിൽ നിഷ്ക്കളങ്കരായ അവരുടെ ഭക്തനായ നേതാവിനോട് കാണിച്ച വെറുപ്പിന്റെ തീവ്രത വളരെ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. മുസ്‌ലിംകൾക്ക് നേരെ മക്കക്കാരുടെ മോശപ്പെട്ട പെരുമാറ്റവും മുസ്‌ലിംകൾക്ക് നേരെ അവർ കാണിച്ച ഹീനമായ രീതിയും മക്കാ വിട്ടുപോയി വേറെയെവിടെയെങ്കിലും അഭയം

തേടാൻ മുസ്‌ലിംകളെ നിർബന്ധിത രാക്കി.

## മർദനത്തിന്റെ ഫലം

മർദിതരായ മുസ്‌ലിംകൾ മക്കയിൽ നിന്ന് 200 നാഴിക അകലെയുള്ള യത്തിരിബിലേക്ക് പോയി. അവിടെ നബി തിരുമേനി (സ)ക്ക് ചില അനുയായികൾ ഉണ്ടായിരുന്നു. പക്ഷേ പലായനം പോലും മക്കാക്കാരുടെ കോപം ശമിപ്പിച്ചില്ല. പകരം അവർ അങ്ങേയറ്റം കാഠിന്യം കാണിക്കുകയും എതിർപ്പ് അക്രമാസക്തമാക്കുകയുമാണ് ചെയ്തത്. അവർ മുസ്‌ലിംകളെ സമാധാനത്തിലും സുരക്ഷയിലും ജീവിക്കാൻ അനുവദിക്കുമായിരുന്നില്ല. അവർ അഭയാർഥികളെ പിന്തുടരാനും വധിക്കുവാനും പദ്ധതി ആസൂത്രണം ചെയ്തു. നിരവധി തവണ അവർ ശക്തമായ ആയുധ സജ്ജരായി മുസ്‌ലിം കളെ ആക്രമിച്ചു. സധൈര്യം നേരിടുകയും അവരുടെ മുന്നേറ്റം തടയുകയും ചെയ്തു. മക്കക്കാരെ അപേക്ഷിച്ച് നബി തിരുമേനി (സ) യുടെ അനുയായികളുടെ കുറഞ്ഞ എണ്ണം കണക്കിലെടുത്താൽ മുസ്‌ലിംകളുടെ ശ്രദ്ധേയമായ വിജയം ദൈവാനുഗ്രഹം മുഖേന യുള്ള ഒരത്ഭുതമായേ വിവരിക്കാനാവൂ.

ഈ യുദ്ധങ്ങളെല്ലാം ചെയ്യപ്പെട്ടത് ആത്മരക്ഷാർഥമായിരുന്നു. നബി (സ) തിരുമേനി മക്കക്കാരോട് എന്നല്ല മറ്റു ശത്രുക്കളോടും ആത്മരക്ഷാർഥമല്ലാതെ യുദ്ധം ചെയ്തതായി ആർക്കും കാണിക്കാൻ സാധിക്കുന്നതല്ല. അദ്ദേഹം നിർബന്ധിതാവസ്ഥയിലാണ് യുദ്ധം ചെയ്തത് എന്ന കാര്യം അദ്ദേഹത്തിന്റെ വിമർശകർ പോലും സമ്മതിക്കുന്ന കാര്യമാണ്.

മുസ്‌ലിംകൾ ഒരിക്കലും ആദ്യമായി ശത്രുക്കളെ ആക്രമിച്ചിട്ടില്ല എന്നതും തങ്ങളുടെ ജീവരക്ഷാർഥമാണ് യുദ്ധം ചെയ്തത് എന്നത്കൊണ്ടും സർവ ശക്തനായ ദൈവത്തിന്റെ സഹായം കൊണ്ട് മാത്രമാണ് മുസ്‌ലിംകൾ വിജയം കൈവരിക്കുകയും ബലാൽക്കാരമായി തങ്ങളെ പുറത്താക്കിയ പട്ടണത്തിലേക്ക് തിരിച്ചു വരികയും ചെയ്തത്.

## പ്രവാചകന്റെ മഹത്വം

നബി (സ) തിരുമേനി സഹജീവികളായ മനുഷ്യരോട് കാണിച്ച സ്നേഹവും അദ്ദേഹത്തിന്റെ ഹൃദയ മൃദുലതയും താഴെ പറയുന്ന ഉദാഹരണത്തിൽ നിന്ന് ഒരാൾക്ക് തീരുമാനിക്കാവുന്നതാണ്. മക്കാ വിജയവേളയിൽ തന്റെ മർദകരോട് പ്രതികാരം ചെയ്യാൻ അവസരം കൈവന്നപ്പോൾ ആ മഹാത്മാവ് അവർക്ക് പൊതു മാപ്പ് നൽകുകയാണ് ചെയ്തത്. ഒരു സംഭവം ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

മദീനയിലേക്ക് പലായനം ചെയ്യുന്നതിന് മുമ്പ് നബി തിരുമേനി (സ) കഅബയുടെ താക്കോൽ സൂക്ഷിപ്പുകാരനായ ഉസ്മാനിബ്നു ത്വൽഹായോട് ദൈവ ഗേഹത്തിന്റെ വാതിൽ തുറന്ന് വെക്കാൻ പറയുകയുണ്ടായി. അങ്ങേയറ്റത്തെ അഹങ്കാരത്തോടെ ത്വൽഹ ആ അപേക്ഷ നിരസിച്ചു. അപ്പോൾ റസൂൽ തിരുമേനി (സ) പറഞ്ഞു: ഈ താക്കോലുകൾ ഒരു ദിനം എന്റെ കൈകളിലെത്തും. അപ്പോൾ എനിക്ക് ഇഷ്ടമുള്ളവർക്ക് ഞാൻ അത് നൽകുന്നതാണ്. വളരെ പുഛത്തോടെയും നിന്ദയോടെയും ഉസ്മാൻ ആർത്തു വിളിച്ചു: ആ ദിനം ഖുറൈശിന്റെ മക്കൾ അധികരമില്ലാത്തവരായി തീരുമോ? മക്കാ പതന ദിവസം നബി (സ) തിരുമേനി കഅബയിൽ പോയി. ഉസ്മാനെ തന്റെയടുക്കലേക്ക് വിളിച്ചു. ഭയം കൊണ്ട് വിറച്ച് ഉസ്മാൻ തിരുമുമ്പിൽ ഹാജരായി. താൻ ഒരിക്കൽ പ്രവാചകനോട് എങ്ങനെയായിരുന്നു പെരുമാറിയതെന്ന് ഓർത്തു. ഉസ്മാന്റെ അനുചിതമായ പെരുമാറ്റം അവഗണിച്ചു കൊണ്ട് പ്രവാചകൻ ഉസ്മാന് മാപ്പ് നൽകി. സ്നേഹത്തിന്റെയും കാരുണ്യത്തിന്റേയും സ്വരത്തിൽ അയാളെ അഭിസംബോധന ചെയ്തു. ഉസ്മാൻ താങ്കൾക്ക് മാപ്പു നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഈ ദിനം പൊറുക്കലിന്റേതാണ്. പ്രതികാരത്തിന്റേതല്ല. കഅബയുടെ താക്കോൽ സൂക്ഷിപ്പുകാരനായി താങ്കൾ നിയമിക്കപ്പെട്ടിരിക്കുന്നു. താങ്കളിൽ നിന്നും ഈ താക്കോൽ എടുത്തുമാറ്റാൻ ശ്രമിക്കുന്നവർ തട്ടിപ്പറിക്കാരനായി കണക്കാക്കപ്പെടും.

മക്ക കീഴടക്കിയത് ഇങ്ങനെയുള്ള ആളായിരുന്നു. ആ ദിവസം തനിക്ക് പരിക്കേൽപ്പിച്ച വരോട് പ്രതികാരം ചെയ്യാനുള്ള അവകാശവും അധികാരവും അവിടുത്തേക്ക് ഉണ്ടായിരുന്നു. അഹങ്കാരികളായ മക്കക്കാർ അന്ന് അവിടുത്തെ കാരുണ്യത്തിന്റെ കീഴിലായിരുന്നു. അവിടുന്ന് ഇച്ഛരിക്കുന്നതെന്തും ചെയ്യാൻ അപ്പോൾ കഴിയുമായിരുന്നു. എന്നാൽ അവിടുന്ന് അവർക്കെല്ലാം പൊറുത്തു കൊടുക്കുകയാണു ണ്ടായത് !! എത്രമാത്രം മാന്യമായാണ് തന്റെ കൊടും ശത്രുക്കളോട് പോലും അവിടുന്ന് പെരുമാറിയത്. അത് അദ്ദേഹത്തിന്റെ ആദ്യകാല ശത്രുക്കളിൽ നിരവധിയാളുകളുടെ പരിവർത്തനത്തിന് കാരണമായി. എന്നിട്ടും ചില ഗോത്രക്കാർ അവിടുത്തെ പ്രജകളായിരുന്നിട്ടും തങ്ങളുടെ പഴയ മതത്തോട് വിശ്വസ്തത പുലർത്താനാണ് ഇഷ്ടപ്പെട്ടത്.

## ദിമ്മിയ്യത്ത് വ്യവസ്ഥ

റസൂൽ തിരുമേനി (സ) യോട് മക്കക്കാർ കാണിച്ച അനുചിതവും ക്രൂരവുമായ പെരുമാറ്റത്തിന് കാരണം കണ്ടെത്താൻ ശ്രമിച്ചാൽ നമുക്ക് യുക്തിപരമായ ഒരു ഒഴിവ് കഴിവ് കണ്ടെത്താൻ കഴിയാതെ വരും. എന്തെന്നാൽ റസൂൽ തിരുമേനി ശാന്തനും സമാധാന സ്നേഹിയുമായ ഒരു പൗരനായിരുന്നു. പ്രവാചക ദൗത്യം ഏൽക്കുന്നതിന് മുമ്പേ തന്നെ അദ്ദേഹം ദാന ധർമങ്ങളും നിസ്വാർഥ സേവനങ്ങളും മൂലം അറിയപ്പെട്ടിരുന്നു. പിന്നീട് ശത്രുക്കളായി മാറിയവർ പോലും

അദ്ദേഹത്തെ അമീനും സ്വാദിയും (വിശ്വസ്തനും സത്യസന്ധനുമായാണ്) ഗണിച്ചിരുന്നത്. സത്യസന്ധതക്കും ഉദ്ഗ്രഥനത്തിനും ധാർമികമായ ആർജവത്തിനും സാമൂഹികവും രാഷ്ട്രീയവുമായി പ്രാധാന്യമുള്ള പ്രവർത്തികളിൽ ഭാഗഭാക്കാകുന്നതിനും അദ്ദേഹം പ്രസിദ്ധനായിരുന്നു. അദ്ദേഹം ജനങ്ങളെ ഏകദൈവാരാധനയിലേക്ക് വിളിച്ചു. തിന്മകളുടെ വഴികൾ ഉപേക്ഷിക്കാനും നീതിയോടെയും ഉന്നത ധാർമിക മാനദണ്ഡമനുസരിച്ച് ജീവിതം നയിക്കാനും അദ്ദേഹം ജനങ്ങളെ ഉപദേശിച്ചു. ആവശ്യക്കാരെയും ദരിദ്രരേയും സഹായിക്കാനും അദ്ദേഹം ഉപദേശിച്ചു.

ഇവയിലൊന്നും മക്കക്കാരുടെ കോപം ജ്വലിപ്പിക്കാനുള്ള ഒന്നുമുണ്ടായിരുന്നില്ല. ഒരുപക്ഷേ പ്രവാചക (സ) ന്റെ അവരോടുള്ള സമാധാനപരമായ മനോഭാവവും യുക്തി പരമായ അദ്ധ്യാപനങ്ങൾ മൂലം ഉണ്ടായിട്ടും മക്കക്കാർ അദ്ദേഹത്തെ സമാധാന പരമായി ജീവിക്കാൻ അനുവദിച്ചില്ല. ഇസ്‌ലാം ആചരിക്കുന്നതിൽ നിന്ന് മുസ്‌ലിംകളെ പിന്തിരിപ്പിക്കാൻ മക്കക്കാർ കാടത്തപരമായ ശക്തി പ്രയോഗിച്ചു. തങ്ങളുടെ വിശ്വാസം കൈക്കൊള്ളാനും ആചരിക്കാനുമുള്ള അടിസ്ഥാന പരമായ മനുഷ്യാവകാശങ്ങൾ മുസ്‌ലിംകൾക്ക് നിഷേധിക്കപ്പെട്ടു. ഇപ്പോൾ മുസ്‌ലിംകൾ അധികാരത്തിലേറിയതിനാൽ പുതിയ ഭരണത്തിന് കീഴിൽ തങ്ങളുടെ ഭാവിയെന്തായിരിക്കുമെന്ന കാര്യത്തിൽ അമുസ്‌ലിം കൾ സ്വാഭാവികമായും ഉത്കണ്ഠാകുലരായിരുന്നു. തങ്ങൾ മുസ്‌ലിംകളുമായി യുദ്ധം ചെയ്ത മതപരമായ സ്വാതന്ത്ര്യത്തിന്റെ പേരിലായിരുന്നുവെന്ന് അവർക്കറിയാമായിരുന്നു. തങ്ങൾക്ക് അധികാരമുള്ളപ്പോൾ തങ്ങൾ മുസ്‌ലിംകളുടെ അവകാശങ്ങൾ നിഷേധിച്ചിരുന്നുവെന്നും അവർക്കറിയാമായിരുന്നു. മുസ്‌ലിം ഗവൺമെന്റിന്റെ കീഴിൽ തങ്ങളുടെ വിശ്വാസമാചരിക്കാൻ അവർ അനുവദിക്കയില്ലെന്ന് അമുസ്‌ലിംകൾ ഭയപ്പെട്ടിരുന്നു. പ്രശ്നം ഒന്നു തന്നെയായിരുന്നു. അധികാരത്തിന്റെ തുലാസ് മുസ്ലിംകൾക്കനുകൂലമായിമാറിയെന്നു മാത്രം. എന്നാൽ വിശുദ്ധ നബി (സ) അമുസ്‌ലിംകളോട് പറഞ്ഞത് താൻ ജയം നേടിയെങ്കിലും താനേതൊരു തത്വത്തിന് വേണ്ടിയാണോ പോരാടിയത് അത് താൻ ഉയർത്തിപ്പിടിക്കുമെന്നായിരുന്നു. ഓരോ വ്യക്തിയുടെയും മതസ്വാതന്ത്ര്യാവകാശം സംരക്ഷിക്കേണ്ടത് തങ്ങളുടെ ബാദ്ധ്യതയാണെന്ന് മുസ്‌ലിംകൾ കരുതുന്നുവെന്ന് റസൂൽ തിരുമേനി (സ) പ്രഖ്യാപിച്ചു. അവർ മുസ്‌ലിംകളും മുസ്‌ലിംകളുടെ ദിമ്മികളുമായിക്കുമെന്നും അല്ലാഹുവിനും അവന്റെ പ്രവാചകനും അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ബാധ്യസ്ഥരാണെന്നും അദ്ദേഹം അവരോട് പറഞ്ഞു. മുസ്‌ലിംകൾ അനുഭവിക്കുന്ന എല്ലാ അവകാശങ്ങളും അദ്ദേഹം അമുസ്‌ലിംകൾക്ക് നൽകി. അവരുടെ ജീവനും സ്വത്തും സംരക്ഷിതവും മുസ്‌ലിംകളുടേത് പോലെത്തന്നെ പവിത്രവും അലംഘനീയവുമാണ്. 'ദമ്മ' എന്നത് ഒരു അറബി പദമാണ്. അതിൽ നിന്നാണ് ദിമ്മി എന്ന പദം നിഷ്പന്നമായത്. അതിന്റെ അർഥം എല്ലാവിധത്തിലുള്ള സംരക്ഷണവും രക്ഷയും അനുവദിക്കപ്പെട്ട ആൾ എന്നാണ്. മേൽ പറഞ്ഞതിൽ നിന്ന് വ്യക്തമാവുന്നത് ഇസ്‌ലാമിക നിയമപ്രകാരം അടിസ്ഥാനപരമായ മനുഷ്യാവകാശത്തെ സംബന്ധിച്ചേടത്തോളം മുസ്‌ലിമിനും അമുസ്‌ലിമിനും തുല്യമായ അവകാശങ്ങളാണ് ഉള്ളത്. മുസ്‌ലിംകളുടേയും അമുസ്‌ലിംകളുടേയും അവകാശങ്ങൾക്ക് തമ്മിൽ ഒരു വിവേചനവും ഇല്ല. തിരുനബി (സ) അനുവദിച്ചിട്ടുള്ള ഈ സ്വാതന്ത്ര്യ പ്രമാണം ഹദ്റത്ത് അലി (റ) പ്രകടിപ്പിച്ചിട്ടുള്ളത് ഇപ്രകാരമാണ്.

ദിമ്മികൾ ജിസിയ നൽകാൻ സമ്മതിച്ചിട്ടുണ്ട്. അതിന് കാരണം അവരുടെ ജീവനും സ്വത്തുക്കളും മുസ്‌ലിംകളുടെ ജീവനും സ്വത്തുക്കളും പോലെ സുരക്ഷിതരായി കരുതപ്പെടും എന്നതിനാലാണ്. അതിനാൽ ഇക്കാര്യങ്ങളിൽ മുസ്‌ലിംകളുടെയും ദിമ്മികളുടെയും അവകാശങ്ങൾക്കിടയിൽ വിവേചനമില്ല.

ഹദ്റത്ത് ഉമറും ( റ) ജുർജാനിലെ നിവാസികളും തമ്മിൽ നിശ്ചയിച്ച ഉടമ്പടി താഴെ കാണുന്നത് പ്രകാരമാണ്.

ജുർജാനിലെ ജനതയുടെ സ്വത്തും ജീവനും സാമൂഹിക ജീവിതവും മതവും സംരക്ഷിക്കപ്പെടുന്നതാണ്. അവരുടെ പദവിയിൽ ഒരു മാറ്റവും വരുത്തുകയില്ല. ഒരു വിധത്തിലും അവരിൽ കൈകടത്തുകയില്ല.

## മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കുമിടയിലുള്ള സമത്വം

നബി തിരുമേനി (സ) ദിമ്മികൾക്ക് അഥവാ അമുസ്‌ലിംകൾക്ക് സ്ഥിരമായി അനുവദിച്ച അവകാശങ്ങൾ നിർവചിക്കുന്ന സ്വാതന്ത്ര്യ പ്രമാണത്തിലെ വ്യവസ്ഥകൾ നാം കണ്ടിട്ടുണ്ട്. ഇസ്‌ലാമിന് കീഴിൽ അമുസ്‌ലിംകൾക്ക് നീതി പൂർവകമായ അവകാശമാണോ യഥാർഥത്തിൽ നൽകിയിട്ടുള്ളത് എന്ന് നിശ്ചയിക്കാൻ മുസ്‌ലിംകൾ അനുവദിക്കുന്ന അവകാശങ്ങൾ നമുക്കൊന്ന് പരിശോധിക്കാം. മുമ്പ് മുസ്‌ലിംകളുടെ ശത്രുക്കളായിരുന്ന, യുദ്ധം ചെയ്യുന്ന ഗോത്രങ്ങളെ പരാമർശിച്ചുകൊണ്ട് നബി (സ) തിരുമേനി പറഞ്ഞു:

സമാധാന പൂർവം ജീവിക്കാനുള്ള എന്റെ അവകാശം നശിപ്പിക്കുകയും മതസ്വാതന്ത്ര്യത്തിന്റെ പവിത്രാവകാശം ലംഘിക്കുകയും ചെയ്തവർക്കെതിരെ യുദ്ധം ചെയ്യാൻ ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ദൈവം ഏകനാണെന്ന കാര്യം സ്വീകരിക്കുകയും നമ്മുടെ രീതിയിൽ അവനെ ആരാധിക്കുകയും നമ്മുടെ ഖിബ്‌ല യെ സ്വീകരിക്കുകയും നാം തയ്യാറാ

ക്കിയ മാംസം ഭക്ഷിക്കുന്നതിനെ ആക്ഷേപിക്കാതിരിക്കുകയും മറ്റു വാക്കുകളിൽ മുസ്‌ലിമാവാൻ സമ്മതിക്കുകയും നമുക്കെതിരിൽ യുദ്ധം ചെയ്യുന്നത് ഉപേക്ഷിക്കു കയും ചെയ്യുന്നവരുടെ മുൻ കാല ദുഷ്ചെയ്തികൾ മാപ്പാക്കപ്പെടും. അല്ലാഹുവും അവന്റെ പ്രവാചക നും അവരുടെ സംരക്ഷണം സ്വയം ഏറ്റെടുത്തിരിക്കുന്നതിനാൽ ഭരണാധികാരം ഏറ്റെടുത്തിട്ടുള്ള മുസ്‌ലിംകളുടെ ബാധ്യതയാണ് തങ്ങളുടെ കർത്തവ്യം ചുറുചുറു ക്കോടെ നിർവഹിക്കുക എന്നത്. അവർ ഒരിക്കലും അതിന്റെ പ്രാധാന്യത്തെ വില കുറച്ച് കാണരുത്.

നബി തിരുമേനി(സ)യുടെ അസന്ദിഗ്ദമായ ഈ പ്രസ്താവന വ്യക്തമായും കാണിക്കുന്നത് അദ്ദേഹം ദിമ്മി മുസ്‌ലിംകൾക്ക് നൽകിയ അവകാശങ്ങൾ യുദ്ധം ചെയ്ത് പിന്നീട് ഇസ്‌ലാം സ്വീകരിച്ച ഗോത്രങ്ങൾക്ക് നൽകിയ അതേ അവകാശങ്ങൾ തന്നെയാണെന്നതാണ്.

ഈ അവകാശസമത്വത്തിന്റെ അടിസ്ഥാനത്തിലാണ് മുസ്‌ലിം സാമ്രാജ്യത്തിലെ അമുസ്‌ലിം പൗരന്മാരുടെ അവകാശങ്ങൾ മുസ്‌ലിം നിയമ വിദഗ്ധർ താഴെ പറയും വിധം നിർവചിച്ചിട്ടുള്ളത്.

അമുസ്‌ലിംകൾ മുസ്‌ലിം രാജ്യത്ത് ജീവിക്കാൻ തിരഞ്ഞെടുക്കുകയും അവിടുത്തെ നികുതികൾ അടക്കാൻ സമ്മതിക്കുകയും ചെയ്താൽ അവർക്ക് മുസ്‌ലിം കൾ അനുഭവിക്കുന്ന എല്ലാ അവകാശങ്ങളും അനുവദിക്കപ്പെടുന്നതാണ്. അതേ പ്രകാരം മുസ്‌ലിംകൾ നിറവേറ്റുന്ന അതേ ബാദ്ധ്യതകൾ അവരും നിറവേറ്റേണ്ടതാണ്.

## ദിമ്മി ബഹുമാന്യമായ പദവി

ചുരുക്കത്തിൽ അമുസ്‌ലിംകൾക്കായുള്ള സംരക്ഷണത്തിന്റെയും ഉത്തരവാദത്വത്തിന്റേയും പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് മുസ്‌ലിം രാജ്യത്തിലെ അമുസ്‌ലിം പൗരന്മാർ ദിമ്മികൾ എന്ന് വിവരിക്കപ്പെടുന്നത്. ചില അജ്ഞരായ മുല്ലമാരുടെ വ്യാഖ്യാനം കാരണം ഈ പ്രയോഗത്തിന് അപകടകരമായ അർഥവും വഹിക്കുന്നുണ്ടെന്നത് സത്യമാണ്. പക്ഷേ ആദ്യകാല ഇസ്‌ലാമിന്റെ മഹത്തായ ദിനങ്ങളിൽ ദിമ്മി എന്ന പദം കൊണ്ട് അർഥമാക്കിയിരുന്നത് അമുസ്‌ലിം പൗരന്മാരുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കാനുള്ള മുസ്‌ലിംകളുടെ പവിത്രമായ ഉത്തര വാദിത്വമായിരുന്നു. അതായത് അമുസ്‌ലിംകളായ പൗരന്മാർക്ക് സമാധാനത്തോടെ ജീവിക്കാനുള്ള പൂർണമായ അവസരമുണ്ടായിരിക്കണം. ചെറിയ തോതിൽ പോലും അവരുടെ സുരക്ഷക്ക് ഭീഷണിയോ അപകടമോ ഉണ്ടാവില്ല. ദിമ്മികൾ എന്ന പ്രയോഗം മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും അന്തസ്സിന്റെ ഉറവിടമായിരുന്നു.

ദിമ്മി വ്യവസ്ഥകൾ ഒരു ഗവൺമെന്റിന്റെ മഹത്വത്തിന്റെ രഹസ്യം ഉൾക്കൊണ്ടിരുന്നു. പൊതു ജനങ്ങൾ ജാതി മത വ്യത്യാസമന്യേ ഈ വിധം ഒരു മുസ്‌ലിം രാജ്യത്തിലെ പൗരന്മാരാകുന്നതിൽ അഭിമാനം കൊണ്ടിരുന്നു. ഒരു ഘട്ടത്തിലും ഒരു വ്യക്തിയുടെ മൗലികാവകാശങ്ങൾ പരിമിതപ്പെടുത്തുക എന്ന് അർഥമാക്കുകയോ ചെയ്തിട്ടില്ല.

വിശുദ്ധ നബി (സ)യുടെയും ഖലീഫമാരുടെയും കാലഘട്ടത്തിൽ സമത്വത്തിന്റെ തത്വം അതിന്റെ ഉന്നതമായ അർഥത്തിൽ പാലിക്കപ്പെട്ടിരുന്നുവെന്നത് ലോക ചരിത്രത്തിലെ ഒരു തുറന്ന അദ്ധ്യായമാണ്. മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിൽ സാമൂഹികമോ പൗരസംബന്ധിയോ ആയ കാര്യങ്ങളിൽ ഒരു വിവേചനവും ഉണ്ടായിരുന്നില്ല. രാജ്യത്തിലെ ഓരോ ഉദ്യോഗസ്ഥനും അമുസ്‌ലിം പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വ്യക്തമായ നിർദേശങ്ങൾ നൽകപ്പെട്ടിരുന്നു.

## അമുസ്‌ലിംകളുമായി റസൂൽ തിരുമേനിയുടെ (സ) യുടെ സാമൂഹികമായ ബന്ധങ്ങൾ

ഇസ്‌ലാമിക രാജ്യത്തിലെ തലവനെന്ന നിലയിലാണ് നബി തിരുമേനി(സ) അമുസ്‌ലിംകളോട് പെരുമാറിയിരുന്നത്. കേവല സമത്വത്തിന്റെ ഉറച്ചനിലയിലായിരുന്നു ആ പെരുമാറ്റം. അവരുമായി നല്ല നിലയിൽ വ്യാപാര സാമൂഹിക ബന്ധങ്ങൾ സ്ഥാപിക്കാൻ കഠിനമായി ശ്രമിച്ചിരുന്നു. അപ്രകാരം ഒരിക്കൽ നബി (സ) തിരുമേനി ഒരു ജൂതനോട് കുറച്ചു പണം കടം വാങ്ങിയിരുന്നു. അൽപ്പം കാലം കഴിഞ്ഞപ്പോൾ ആ ജൂതൻ പണം തിരിച്ചു വാങ്ങാൻ വന്നു. അയാൾ റസൂൽ തിരുമേനി(സ)യോട് പരുഷവും അപമാനകരവുമായ രീതിയിൽ പെരുമാറുകയും നീചമായ ഭാഷ പ്രയോഗിക്കുകയും ചെയ്തു. ഇത് കാരണം തിരു സഖാക്കൾ കോപിഷ്ടരായി.

തിരുമേനി (സ) അവരെ സാന്ത്വനപ്പെടുത്തിക്കൊണ്ട് പറഞ്ഞു:

ദയവ് ചെയ്ത് അയാളെ പറയാനനുവദിക്കുക. അയാൾക്ക് പറയാനുള്ള അവകാശമുണ്ട്. എന്തെന്നാൽ അയാൾ ആവശ്യപ്പെടുന്ന തുക നൽകാൻ ഞാൻ കടപ്പെട്ടവനാണ്.

അതിന് ശേഷം അയാളുടെ തുക അയാൾക്ക് നൽകി. റസൂൽ തിരുമേനി (സ) യിൽ നിന്ന് ഇത്രയും നല്ല പെരുമാറ്റം അനുഭവപ്പെട്ടപ്പോൾ ഒടുവിൽ അയാൾ ഇസ്‌ലാം സ്വീകരിച്ചു.

ദിമ്മി ആയ ഖൈബറിൽ നിന്നുള്ള ജൂതസ്ത്രീ ഒരിക്കൽ വിഷം ചേർത്ത് പൊരിച്ച് ഇറച്ചി നൽകിക്കൊണ്ട് തിരുമേനി(സ) യെ അപായപ്പെടുത്താൻ ശ്രമിച്ചു. അതു കണ്ടു പിടിക്കപ്പെട്ടപ്പോൾ ആ സ്ത്രീ ക്ഷമാപണം ചെയ്തു. അവളെ ശിക്ഷിക്കുന്നതിന് പകരം റസൂൽ തിരുമേനി (സ) അവർക്ക് പൊറുത്തുകൊടുക്കുകയാണ് ചെയ്തത്.

# കൊതുക്: പറക്കുന്ന വിസ്മയം


രോഗകാരിയായ ഒരു ക്ഷുദ്രപ്രാണി എന്ന സങ്കൽപ്പമാണ് മനുഷ്യന് കൊതുകിനെ പറ്റിയുള്ളത്. ജൂറാസിക് കാലഘട്ടം മുതൽ കൊതുകിന്റെ സാന്നിദ്ധ്യമുണ്ട്. മനുഷ്യന്റെ പരിണാമ ചരിത്രത്തിൽ തുടക്കം മുതൽ സാന്തത്യമുള്ള കൊതുക് മനുഷ്യന് രോഗപ്രതിരോധ സംവിധാനത്തിനാവശ്യമായ സവിശേഷതകൾ സംഭാവന ചെയ്തിട്ടുണ്ടായിരിക്കാം. ഒരു ഖുർആൻ വചനത്തെ ഉപജീവിച്ച് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്) കൊതുകിനെ സംബന്ധിച്ച് നടത്തുന്ന അത്ഭുതകരവും ശ്രദ്ധേയവുമായ നിരീക്ഷണങ്ങൾ.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

കൊതുകിനെ പറ്റി യുക്തിപരമായും ബുദ്ധിക്ക് ബോധ്യം വരുന്ന രീതിയിലും ധാരാളം വിശദീകരിക്കേണ്ടിയിരിക്കുന്നു. കൊതുകിന്റെ ഓരോ അവയവത്തിലും അതിന്റെ ഘടനയിലുമുള്ള അതിലോലവും സൂക്ഷ്മവുമായ സാങ്കേതിക വിശേഷങ്ങളെക്കുറിച്ചുള്ള നിഗൂഢതകൾ മറനീക്കണമെങ്കിൽ ശാസ്ത്രജ്ഞൻമാരുടെ തലമുറകൾ തന്നെ വേണ്ടി വരും. അത്തരത്തിലുള്ള ഒരു പഠനം അറ്റമില്ലാത്തതാണ്. കാരണം ഒരു തലത്തിൽ മനസ്സിലാക്കിക്കഴിയുമ്പോൾ മറനീക്കാനുള്ള നിഗൂഢതകളുടെ മറ്റൊരുതലം അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ കാത്തിരിപ്പുണ്ടാവും.

ദൈവത്തിന്റെ സൃഷ്ടിയിലെ ഈ കൊച്ചു വിസ്മയത്തെ എടുത്തുകാട്ടിക്കൊണ്ട് അവന്റെ സൃഷ്ടിവൈഭവത്തിന്റെ മഹത്വം മനസ്സിലാക്കാൻ ഖുർആൻ ജനങ്ങളെ ഉദ്ബോധിപ്പിച്ചതിൽ അത്ഭുതമില്ല. മനുഷ്യൻ നിസ്സാരമായി കണക്കാക്കുന്ന ഈ കൊച്ചു ജീവിയെ ഉദാഹരണമായി കാണിക്കാൻ സ്രഷ്ടാവായ ദൈവത്തിന് ലജ്ജിക്കേണ്ടതായി ഒന്നുമില്ല. ഈ ഖുർആനിക പ്രമേയം നമുക്ക് വീണ്ടും ഒന്നു വിശദമാക്കാം. അങ്ങനെ ഈ പറക്കും യന്ത്രത്തിന്റെ വിസ്മയങ്ങൾ വായനക്കാരനുമായി പങ്കുവെക്കാം. ഏറ്റവും പുരോഗമിച്ച സാങ്കേതിക വിജ്ഞാനത്തിന്റെ ഗുരുക്കൻമാരെന്ന് കരുതുന്നവരുടെ യന്ത്രനിർമിതികളെപ്പോലും നാണിപ്പിക്കുന്നതാണ് ഈ പറക്കുന്ന കൊച്ചു വിസ്മയത്തിന്റെ രൂപഘടന.

കൊതുകിനെ സംബന്ധിച്ച് ഖുർആൻ പറഞ്ഞ വചനങ്ങളോടു കൂടി നമുക്ക് ആരംഭിക്കാം. അത് മറ്റു ജീവികളിൽ നിന്ന് വളരെ വ്യത്യസ്തമാണെന്നാണ് ഖുർആൻ പറയുന്നത്. ഒരു ജീവിയുടെ സൃഷ്ടിയിൽ അതിന്റെ സ്രഷ്ടാവ് ലജ്ജിക്കുന്നില്ലെന്ന് പ്രത്യേകം എടുത്ത് പറയപ്പെട്ട ഒരു ജീവിയാണ് കൊതുക്. ഖുർആൻ പറയുന്നു:



**ഒരു കൊതുകിനെ, അതിൻമേൽ എന്തൊന്നാണോ വഹിക്കുന്നത് ആ കാരണത്താൽ അതിനെ ഉദാഹരണമായി കാണിക്കാൻ അല്ലാഹു ലജ്ജിക്കുന്നില്ല (അവമതിപ്പ് കാണിക്കു**

ന്നില്ല).(വി. ഖുർആൻ 2:27)

ഇവിടെ ഉപയോഗിച്ച ഫൗഖ എന്ന പദത്തിന്റെ അക്ഷരാർഥം മീതെ എന്നാണ്. എന്നാൽ മറ്റു ഖുർആൻ പരിഭാഷകർ ഈ അക്ഷരാർഥം എടുത്തിട്ടില്ല. അങ്ങനെ അവർ ചെയ്യാതിരുന്നതിനു കാരണം അതിന്റെ മുകളിൽ എന്തെങ്കിലും വഹിക്കുന്നു എന്നതിനെക്കുറിച്ച് അവർക്ക് അറിവില്ലാതിരുന്നത് കൊണ്ടാണ്.

വായനക്കാരുടെ മനസ്സിനെ മഥിക്കുന്ന ചില പ്രധാന ചോദ്യങ്ങൾ താഴെ ഉദ്ധരിക്കാം. ഈ വചനത്തിലെ ആന്തരാർഥത്തിലെ സന്ദേശം ചുരുങ്ങിയത് ഈ ഗ്രന്ഥകർത്താവിന്റെയെങ്കിലും ജിജ്ഞാസയെ എപ്പോഴും കുഴക്കിയിട്ടുണ്ട്. ഖുർആനിൽ മറ്റെന്തെങ്കിലും സൃഷ്ടിയുമായി ബന്ധപ്പെടുത്തി ഇത്തരത്തിൽ ലജ്ജിക്കേണ്ടിവരുന്നതിനെ പറ്റി ഒരു നിഷേധം പറഞ്ഞിട്ടില്ല. എവിടേയും അഭിമാനത്തോടെയാണ് സൃഷ്ടി പ്രക്രിയയെക്കുറിച്ച് ഖുർആൻ പറയുന്നത്. ഖുർആൻ അങ്ങനെ പറയാനുള്ള കാരണമെന്തായിരിക്കും? ഈ വചനത്തിൽ കൊതുകിന് കൊടുത്ത അസാധാരണ പരിഗണന സൂചിപ്പിക്കുന്നത് കൊതുകിന്റെ പ്രത്യേകമായ നിസ്സാരതയിലേക്ക് വായനക്കാരന്റെ ശ്രദ്ധയെ ക്ഷണിക്കാനായിരിക്കുമോ? നിസ്സാരമായി ഗണിക്കപ്പെട്ട ഒന്നിന്റെ സൃഷ്ടിയിൽ ലജ്ജിക്കുന്നില്ല അല്ലെങ്കിൽ നാണമൊന്നുമില്ല എന്ന നിഷേധം വാസ്തവത്തിൽ അതിലെ നിസ്സാരതയെയാണ് നിഷേധിക്കുന്നത്. മനുഷ്യൻ കൊതുകിനോട് കാട്ടുന്ന ഈ അവഗണന പുനഃപരിശോധിക്കണം എന്നാണ് ഈ നിഷേധം സൂചിപ്പിക്കുന്നത്. താഴെ പറയുന്ന സൂചനകൾ ഈ ഖുർആനിക പ്രസ്താവനയിൽ അന്തർഭവിച്ചിരിക്കുന്നു.

(a) പൊതുവെ മനസ്സിലാക്കപ്പെടുന്നത് പോലെ കൊതുകുകൾ നിസ്സാരമോ അവഗണിക്കപ്പെടേണ്ടതോ ആയ ഒരു വസ്തു അല്ല.

(b) കൊതുക് നിർവഹിക്കുന്ന പങ്ക് ഇതു വരെ പൂർണമായും മനസ്സിലാക്കപ്പെട്ടിട്ടില്ല. അതിനെ സംബന്ധിച്ച് കൂടുതൽ ഗവേഷണം ആവശ്യമാണ്.

കൊതുകിനെപറ്റി ഗവേഷണം നടത്തിനോക്കിയപ്പോൾ അത് നിർവഹിക്കുന്ന പങ്ക് വളരെയേറെ അപകടകരവും ഭീകരവുമാണെന്നാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. പ്രതിലോമകരമായ ഈ വശം സമ്മതിക്കുന്നതോടൊപ്പം ഈ കൊച്ചു ജീവിയോട് ബന്ധപ്പെട്ട ലജ്ജാകരമായ വസ്തുത ശക്തമായി നിഷേധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. കൊതുകിന്റെ പ്രതിലോമകരമായ ഈ പങ്ക് നിഷേധിക്കപ്പെടാൻ കാരണം കൊതുകിനെ അത്തരത്തിൽ സൂക്ഷ്മമായി നിർമിച്ചത് കൊണ്ടാവണം. രണ്ടാമതായി സൃഷ്ടിപദ്ധതിയിൽ കൊതുകിന്റെ ഈ നിഷേധാത്മക വശം എന്തെങ്കിലും നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ടായിരിക്കുകയും വേണം. അപ്രകാരം തന്നെ കൊതുകിന്റെ സൃഷ്ടിയുടെ അനിവാര്യതയും അതിലെ സൃഷ്ടിപ്പിലെ പരിപൂർണതയും ലജ്ജാകരം എന്നതിനേക്കാൾ സ്രഷ്ടാവിന്റെ അഭിമാന ചിഹ്നമായി മനസ്സിലാക്കേണ്ടതുണ്ട്. കൊതുക് അതിന്റെ ശരീരഘടനയിൽ മറ്റൊരു ജീവിക്കുമില്ലാത്ത രീതിയിലുള്ള അസാമാന്യവും അവികലവുമായ ഘടനാ സൗന്ദര്യം പ്രദർശിപ്പിച്ചാൽ മാത്രമേ നമ്മുടെ നിഗമനങ്ങൾ ശരിയാണെന്ന് തെളിയിക്കപ്പെടുകയുള്ളൂ. മാത്രമല്ല, ജീവന്റെ പൊതുവായ പദ്ധതിയിലും അതിന്റെ പരിണാമത്തിലുമുള്ള കൊതുകിന്റെ പങ്ക് മറഞ്ഞ് കിടക്കുന്ന അനുഗ്രഹമാണ്. അത് ശാസ്ത്രജ്ഞൻമാർ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. ഇപ്പോൾ നമുക്ക് അവതരിപ്പിക്കാൻ കഴിയുന്നത് നമ്മുടെ ശരീരത്തിന്റെ പ്രതിരോധ സംവിധാനം വികസിപ്പിക്കുന്നതിലും പൂർത്തീകരിക്കുന്നതിലും കൊതുക് നിർവഹിക്കുന്ന പങ്കിനെക്കുറിച്ചാണ്. അത് ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു.

മേൽക്കൊടുത്ത ഖുർആനിക വചനത്തിൽ അടങ്ങിയ എല്ലാ സാധ്യതകളും ശരിയാണ്, അത് കൊതുകിനെ സംബന്ധിച്ച അഗാധ പഠനത്തിലേക്ക് ഈ ഗ്രന്ഥകർത്താവിനെ ആനയിക്കുകയുണ്ടായി. കൊതുകിന്റെ ശരീരഘടന, ജീവിലോകത്ത് അത് നിർവഹിച്ച പങ്ക് എന്നിവയാണത്. കൊതുക് തുടക്കത്തിൽ പ്രത്യക്ഷപ്പെട്ട കാലത്തേതിനേക്കാൾ സങ്കീർണവും വിഷമകരവുമായിട്ടുള്ള ധർമമാണ് ജീവി ലോകത്ത് പിന്നീട് നിർവഹിച്ചതായി കാണാൻ കഴിയുക. കൊതുകിനെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങളിലെല്ലാം അതിന്റെ അവയവങ്ങളുടെ പരിണാമത്തെപ്പറ്റി വിവരിക്കുന്നതിൽ പരാജയപ്പെട്ടതായി കാണാം. ഈയൊരു അഭാവം ഗ്രന്ഥകാരന്റെ ശ്രദ്ധയെ പ്രത്യേകം ആകർഷിക്കുകയുണ്ടായി. മറ്റു പല സംഗതികളിലും മൃഗങ്ങളുടെ അവയവങ്ങളുടെ പരിണാമത്തെ കുറിച്ചും അതിന്റെ സൂക്ഷ്മ വശങ്ങളെക്കുറിച്ചും പ്രതിപാദിച്ചു കൊണ്ടുള്ള വളരെ നല്ല പഠനങ്ങൾ നമുക്ക് ലഭ്യമാണ്. കൊതുക് ഒരു സാധാരണ സൃഷ്ടിയല്ല എന്ന ഖുർആന്റെ അവകാശവാദത്തെ സ്ഥാപിക്കാൻ നാം വളരെയധികമായി ഇത്തരം പഠനങ്ങളെ ആശ്രയിച്ചിട്ടുണ്ട്. കൊതുകിന്റെ പരിണാമത്തെക്കുറിച്ചുള്ള കൂടുതൽ ഗവേഷണം അമേരിക്കയിലേയും കാനഡയിലേയും സമർഥരായ അഹ്മദി പണ്ഡിതൻമാർ ഏറ്റെടുത്തു കഴിഞ്ഞു. ഇത് കൂടുതൽ സമയം വേണ്ടുന്ന ഒരു പ്രക്രിയയാണ്. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം ആ ഗവേഷണഫലങ്ങൾ അറിയുന്നത് വരെ വൈകിക്കാൻ

കഴിയില്ല. ലഭ്യമായ വിവരങ്ങളുടെ സഹായത്താൽ ഈ പഠനം മുഴുമിപ്പിക്കാൻ ഞങ്ങൾ തീരുമാനിച്ചു.

ഒരുപക്ഷേ, പ്രത്യക്ഷത്തിൽ അതിനിസ്സാരമായി കാണപ്പെടുന്ന കൊതുക്, മനുഷ്യനും മറ്റു ജീവികളുമായി ബന്ധമുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ജീവിയായിരിക്കും. കൊതുക് ക്രിറ്റേഷ്യസ് യുഗത്തിൽ (65140 ദശലക്ഷം വർഷങ്ങൾക്ക് മുമ്പേ) ആവിർഭവിച്ചതാണെന്ന് കരുതപ്പെടുന്നു. പുഷ്പിക്കുന്ന സസ്യങ്ങൾക്കൊപ്പം ആവിർഭവിച്ച ഷഡ്പദങ്ങളും കൊതുകുകളും ഒന്നിച്ചാണ് രൂപം കൊണ്ടതെന്നും കരുതപ്പെടുന്നു. കൊതുക് ജുറാസിക് കാലഘട്ടത്തിലും (136190 ദശലക്ഷം വർഷങ്ങൾക്ക് മുമ്പേ) ഉത്ഭവിച്ചതാകാം. സസ്തനികൾ രൂപം കൊണ്ടിട്ടില്ലാത്ത ആ കാലത്ത് അവർ ഉരഗങ്ങളിൽ നിന്നും ഉഭയജീവികളിൽ നിന്നും സസ്തനികളുടെ പ്രാകൃത ജീവി രൂപങ്ങളിൽ നിന്നും ഒരുപക്ഷേ ദിനോസറുകളിൽ നിന്നു പോലും രക്തം കുടിച്ചിട്ടുണ്ടാകും. പ്രകൃതി ശാസ്ത്രജ്ഞൻമാർ കരുതുന്നതു പോലെ ആ വിദൂരകാല ഘട്ടത്തിൽ ഉണ്ടായ കൊതുകുകളുടെ രക്തദാഹത്തിന്റെ ആവിർഭാവം ഒരുപാട് ചോദ്യങ്ങളുയർത്തുന്നു. എന്തുകൊണ്ടാണ് കൊതുകുകൾക്ക് രക്തകൊതിയുണ്ടായത്? വെറും സസ്യങ്ങൾ ഉൽപാദിപ്പിക്കുന്നത് ഭക്ഷിച്ചുകൊണ്ട് അവ ദീർഘകാലം കഴിഞ്ഞതല്ലേ?

രണ്ട് ചിറകുള്ള കൊതുക് ഡിപ്ടെറാ(Diptera–രണ്ട് ചിറകുള്ള പ്രാണി)വർഗത്തിലെ കൂലിസിഡ (Culicidue)കുടുംബത്തിലെ അംഗമാണ്. ഷഡ്പദങ്ങളിൽ നിന്ന് മറ്റ് കൊതുകിനുള്ള അടിസ്ഥാനപരമായ വ്യത്യാസം കൊതുകിന് തലയിൽ നിന്ന് തുമ്പികൈ (Proboscis) പോലെയുള്ള ഒരു അവയവമുണ്ട് എന്നതാണ്. മറ്റു പ്രത്യേകതകൾ അതിന്റെ ചിറകുകളിലെ സിരകളിൽ കാണുന്ന ശൽക്കങ്ങളാണ്(Scales). മറ്റൊന്ന് മറുഭാഗത്തെ ചിറകിന്റെ അരികിനോട് ചേർന്ന് കരയിട്ടത് പോലെ കാണുന്ന ശൽക്കങ്ങളുമാണ്. അതുപോലെ രണ്ടാമത്തേയും നാലമത്തേയും അഞ്ചാമത്തേയും നീളത്തിലുള്ള സിരകൾ ശാഖകളായി പിരിഞ്ഞിരിക്കുകയും ചെയ്യുന്നു.

രണ്ടു ചിറകുള്ള മറ്റു പ്രാണികളെപ്പോലെ കൊതുക് തന്റെ പ്രത്യുൽപാദനവേളയിൽ ഒരു സമ്പൂർണ കായാന്തരണത്തിന് * വിധേയമാവുന്നു. പക്ഷേ, മറ്റു പറക്കുന്ന ചെറു പ്രാണികളിൽ നിന്ന് വിഭിന്നമായി നിരവധി നിർണായകമായ പ്രത്യേകതകൾ കൊതുകുകൾക്കുണ്ട്. മുട്ട വിരിഞ്ഞുണ്ടാകുന്ന കൊതുകിന്റെ ലാർവകൾക്ക് (കൂത്താടി) അതിന്റെ മാതാപിതാക്കൻമാരുമായി യാതൊരു സാമ്യതയുമില്ല. അത് പൂർണമായും വെള്ളത്തിലാണ് ജീവിക്കുന്നതും അവിടെ വെച്ച് തന്നെയാണ് വളരുന്നതും.

അത്ഭുതകരമെന്ന് പറയട്ടെ, കൊതുകിനെ സംബന്ധിച്ച് ഏറ്റവും ആധികാരികമായി പറയാൻ കഴിയുന്ന അനിഷേധ്യരായ വക്താക്കൾക്ക്, ഈ കൊച്ചു ജീവിയുടെ ശരീരാവയവങ്ങളിൽ ഏതെങ്കിലും ഒരു ഭാഗത്തിന്റെ രൂപകൽപനയിലോ നിർമാണത്തിലോ പ്രകൃതി നിർദ്ധാരണം എന്തെങ്കിലും പങ്ക് നിർവഹിച്ചതായുള്ള ചിത്രം സമർപ്പിക്കാനാവുമോ? അവരാകട്ടെ കൊതുകിന്റെ ശരീരഘടനയെക്കുറിച്ചും ലാർവ മുതൽ പക്വമായ കൊതുകു വരെയുള്ള അതിന്റെ എല്ലാ രൂപാന്തര ഘട്ടങ്ങളെക്കുറിച്ചും അഗാധമായ അറിവുള്ളവരുമാണ്.

രക്തക്കുടിയനല്ലാത്ത കൊതുകിനെ രക്തക്കുടിയനായ ഒരു കൊതുകാക്കി രൂപാന്തരപ്പെടുത്താൻ ആകസ്മികത ശ്രമിക്കുകയാണെങ്കിൽ അതിന് ഒരുപാട് ദീർഘമേറിയ ഇടക്കാലഘട്ടം തരണം ചെയ്യേണ്ടതുണ്ട്. രക്തക്കുടിയൻ കൊതുകിന്റെ ശരീരാവയവങ്ങൾ വളരെ സാവകാശത്തിൽ കൊച്ചു കൊച്ചു മുന്നേറ്റങ്ങളിലൂടെ വികസിച്ചു വരേണ്ടതുണ്ട്. അതാകട്ടെ ഓരോ അവയവവുമായി പരിപൂർണ സമഗ്രതയോടെ ഏകോപിച്ചുകൊണ്ട് അത്ഭുതകരമായ അനുപാതത്തിലായിരിക്കുകയും വേണം. ഇത്തരത്തിൽ ഘട്ടം ഘട്ടമായുള്ള വികസനത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഏതൊരാ ളിലും അത് വിസ്മയമുളവാക്കും. അതായത് കൊതുകിന്റെ പരിപൂർണ വളർച്ചയെത്തിയതും പൂർണമായി സംഘടിക്കപ്പെട്ടതുമായ അന്തിമഘട്ടത്തിലേ ഇത്തരത്തിലുള്ള പുതിയ അവയവങ്ങൾക്ക് പ്രസക്തിയുള്ളൂ. അതിനു മുമ്പേയുള്ള ഘട്ടങ്ങളിൽ കൊതുകിന്റെ ജീവിതത്തിൽ ഇത് യാതൊരു പ്രയോജനവും നൽകുന്നില്ല. ഉദാഹരണത്തിന് രക്തക്കുടിയനല്ലാത്ത സസ്യാഹാരിയായിരുന്ന കൊതുകിന് രക്തം എവിടെയാണ് ഉള്ളതെന്നും അത് ലഭ്യമാകുന്ന സ്ഥലം എവിടെ യാണെന്നും കണ്ടുപിടിക്കേണ്ട ആവശ്യമുണ്ട്. കൊതുകിന്റെ ഈ ചെറിയ ആവശ്യത്തെപ്പറ്റി പഠിക്കുമ്പോൾ ശാസ്ത്രജ്ഞൻമാർക്ക് കൊതുകിന്റെ ഈ ആവശ്യത്തെ ന്യായീകരിക്കുന്ന സങ്കീർണമായ അനുബന്ധ വ്യവസ്ഥിതിയുടെ അസ്തിത്വവും കണ്ടുപിടിക്കേണ്ടതുണ്ട്.

കൊതുകിന് ഉചിതമായ ഇരയെ കണ്ടുപിടിക്കണമെങ്കിൽ ശരീരഘടനാ ശാസ്ത്രപരവും(Anatomical), സംവേദനേന്ദ്രിയപരവും (Sensory) ശരീരശാസ്ത്രപര(Physiological)വുമായ നിരവധി മാറ്റങ്ങൾ തന്റെ ശരീരത്തിൽ വരുത്തേണ്ടതുണ്ട്. പരിസ്ഥിതിയിൽ നിന്നുമുണ്ടാവുന്ന

---

***കായാന്തരണം** (Metamorphosis): ജീവികൾ ലാർവഘട്ടത്തിൽ (മുട്ട വിരിഞ്ഞുള്ള കുഞ്ഞുങ്ങൾ) പൂർണ്ണ വളർച്ചയെത്തിയ പക്വതയാർന്ന ഘട്ടത്തിലേക്കുള്ള പരിവർത്തനത്തെയാണ് കായാന്തരണം അഥവാ മെറ്റാമോർഫോസിസ് എന്ന് പറയുന്നത്(വിവ:)

നിരവധി ബാഹ്യമായ ഉദ്ദീപന വർഷങ്ങളുടെ നടുവിൽ കൊതുക് തനിക്ക് യോജിച്ച പ്രോട്ടീൻ കണ്ടെത്തുന്ന സാധാരണ ജോലിയും നിർവഹിക്കുന്നു. കൊതുക് ആർജിച്ചെടുത്ത ഈ വിദ്യയെ സംബന്ധിച്ച് ശാസ്ത്രജ്ഞൻമാർ പറയുന്നു.

> ......ദൃഷ്ടിയിൽപെടുന്ന അടയാളങ്ങൾ, താപം മുതലായവയോടുള്ള പ്രതികരണങ്ങളും കൂടാതെ കാർബൺ ഡൈഓക്സൈഡ്, ലാക്റ്റിക് ആസിഡ്, ബാഷ്പീകൃതമാവുന്ന കൊഴുപ്പിന്റെ അമ്ലങ്ങൾ മുതലായവയെല്ലാം രക്തമുള്ള ജീവികളുടെ പ്രത്യേകതകളാണ്. (ഇതൊക്കെയാണ് കൊതുകിനെ തന്റെ ഇരയിലേക്ക് നയിക്കുന്ന ഉദ്ദീപനങ്ങൾ)

കൊതുക് അഭിമുഖീകരിക്കുന്ന മറ്റൊരു ബുദ്ധിമുട്ട് രാസവസ്തുക്കളുടെ ഗന്ധം വായുപ്രവാഹം മുഖേന അന്തരീക്ഷത്തിൽ പരക്കുന്നു എന്നതാണ്. അതുകൊണ്ട് തന്റെ ഇരയിലേക്ക് ഒരു പരോക്ഷ വഴി കൊതുക് കണ്ടെത്തേണ്ടി വരുന്നു. ഇരയെ തേടുന്ന കൊതുക് താപം ഉപയോഗിച്ചാണ് ഇരയുടെ അടുത്തേക്ക് വരുന്നത്. കൊതുകിന്റെ സ്വഭാവത്തിലെ ഈ സംഭവ പരമ്പരകളോടനുബന്ധിച്ച് കൊതുകിൽ വളരെ പൂർണ്ണമായ ഒരു ഉദ്ദീപന പ്രതികരണ സംവിധാനം രൂപം കൊള്ളുകയുണ്ടായി. കൊതുക് ബോധപൂർവം ഇരയെ തേടിപോവുന്നില്ല. പുറമെ നിന്നുണ്ടാകുന്ന ഉദ്ദീപനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനേക്കാൾ കൊതുകിന്റെ സ്വഭാവങ്ങൾ മുൻകൂട്ടി പ്രോഗ്രാം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് പറയുന്നതാണ് ശരി. മറ്റൊരു സങ്കീർണമായ പ്രശ്നം ഓരോ തരത്തിൽപ്പെട്ട കൊതുകുകളും പ്രത്യേക വർഗത്തിൽപ്പെട്ട ഇരയെ തേടിപോവുന്ന സ്വഭാവമുള്ളവയാണ്. ഉദാഹരണത്തിന് ചില വർഗത്തിൽപ്പെട്ട കൊതുക് പശുവിൽ നിന്നു വമിക്കുന്ന വാസനകൾക്കനുസരിച്ചുള്ള ഉദ്ദീപനങ്ങളോട് മാത്രമേ പ്രതികരിക്കൂ. അതാകട്ടെ മനുഷ്യനിൽ നിന്നുള്ള ഉദ്ദീപനങ്ങളോട് പ്രതികരിക്കില്ല.

കൊതുകിന്റെ ഈ സ്വഭാവം മെസോസോയിക് (Mesozoic era)കാലഘട്ടത്തിൽ(65 ദശലക്ഷം വർഷങ്ങൾക്ക് മുമ്പേ) രൂപം കൊണ്ടതാണെന്ന് ശാസ്ത്രജ്ഞൻമാർ ഊഹിക്കുന്നു.

> ......ഉരഗങ്ങൾ, പക്ഷികൾ, സസ്തനികൾ എന്നിവയുടെ ഭൂപ്രദേശങ്ങളിലെ സ്ഥിരമായ താമസ സ്ഥലങ്ങളു(കൂടുകൾ)ടെ സ്ഥാപനം...... (ഈ കാലഘട്ടത്തിലാണ് കൊതുകിന്റെ പ്രസ്തുത സ്വഭാവം രൂപം കൊണ്ടതെന്ന് ശാസ്ത്രജ്ഞൻമാർ കരുതുന്നു.)

ചില ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായപ്രകാരം പക്ഷികൾ സസ്തനികൾ, ദിനോസർ എന്നിവർക്കിടയിൽ മാതാപിതാക്കൻമാർ അവരുടെ കുഞ്ഞുങ്ങളെ പരിചരിക്കാനാരംഭിച്ചു. പിന്നീട് അവക്ക് കൊതുകുകളുമായുണ്ടായ ചങ്ങാത്തം കൊതുകിന് സുരക്ഷിതവും നിർഭയവുമായ വാസസ്ഥാനം സമ്മാനിക്കുകയുണ്ടായി. അതായത് കൊതുകിന് പക്ഷിക്കുഞ്ഞുങ്ങളുടെ കൂടിനരികെ താമസിക്കുക എന്നത് ഒരു നേട്ടമായി എന്നർഥം. അപ്രകാരം തന്നെ ഘോരവനങ്ങളിൽ ദിനോസറുകൾ അവരുടെ കുഞ്ഞുങ്ങളെ വളർത്തുന്ന മടകൾക്കടുത്തുള്ള കൊതുകുകളുടെ വാസസങ്കേതവും അവക്ക് രക്തം കുടിക്കാനുള്ള അവസരം നൽകി. അങ്ങനെ കൊതുക് രക്തപാനത്തിന് ആഗ്രഹിച്ചപ്പോൾ അത് യാതൊരു തടസ്സവും കൂടാതെ ലഭ്യമായി. തീർച്ചയായും വളരെ വിസ്മയകരമായ ഒരു കണ്ടുപിടിത്തമാണ് ശാസ്ത്രജ്ഞൻമാർ മുന്നോട്ടു വെച്ചത്. ഇങ്ങനെയാണ് പെൺ കൊതുകുകളിൽ രക്തം കുടിക്കാനുള്ള തുമ്പിക്കൈ രൂപപ്പെട്ടതെന്നാണ് അവരുടെ നിഗമനം. എങ്കിൽ അത് അത്ഭുതകരമായ ഒരു കണ്ടുപിടിത്തം തന്നെ. പെൺ കൊതുകുകൾ തങ്ങൾക്ക് വളരെ എളുപ്പമായി ലഭിക്കുന്ന ഇരകൾക്ക് നേരെ തിരിയുന്നതിന് മുമ്പേതന്നെ രക്തം കുടിക്കുന്ന യന്ത്രങ്ങളായി തീർന്നിട്ടുണ്ടെങ്കിൽ മാത്രമേ ശാസ്ത്രജ്ഞൻമാരുടെ ഈ നിർദേശം ഗൗരവമായി എടുക്കേണ്ടതുള്ളൂ. അല്ലാത്തപക്ഷം ഈ സംഭവങ്ങളുടെ സംയോജനം ചോര കുടിക്കുന്ന പെൺ കൊതുകുകളുടെ പരിണാമത്തിന് കാരണമായ യാതൊരു ശാസ്ത്രീയരീതിയും പാലിക്കുന്നില്ല. അതായത് ഒരു മനുഷ്യ ഇരയുടെ മേൽ കൊതുക് 5 സെക്കന്റിനകം വന്നു നിൽക്കുകയും പറന്നകലുകയും ചെയ്യും എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഒരു ഇരയെ കണ്ടെത്താൻ കൊതുക് ഉപയോഗിക്കുന്ന അത്യന്തം സങ്കീർണ്ണമായ സഹജ സ്വഭാവങ്ങൾ പരിഗണിക്കുമ്പോൾ കൊതുകിന്റെ രക്തപാന സ്വഭാവം ആകസ്മികമായി രൂപം കൊണ്ടതാണെന്ന് കരുതുവാനുള്ള സാധ്യത വളരെ വിദൂരമാണ്.

രക്തം കുടിക്കുന്ന കൊതുകിന് അതിന്റെ ശരീരാവയവ വ്യവസ്ഥിതിയിൽ രക്തം കണ്ടെത്താനുള്ള ചില ക്രമീകരണങ്ങൾ മാത്രം ഉണ്ടായാൽ പോര. അതിന് ചർമം കുത്തി തുളച്ച് കയറാനുള്ള അവയവവും രക്തം എവിടെയാണുള്ളതെന്ന് നിർണയിക്കാനുള്ള അവയവവും രക്തം സൂക്ഷിക്കുന്നതിന്റെ – തേൻ സൂക്ഷിക്കുന്ന സംഭരണിയിൽ നിന്ന് വിഭിന്നമായി കൊതുകിന്റെ ഈ രക്തസഞ്ചി അതിന്റെ പോഷണത്തിനുള്ള മുഖ്യ സ്ഥാനമാണ്. രക്തം കുടിക്കുന്ന കൊതുകുകൾക്ക് പോലും ചില പ്രത്യേക സമയങ്ങളിൽ മാത്രമേ രക്തം ആവശ്യമായി വരികയുള്ളൂ.

നേരത്തെ പറഞ്ഞത് പോലെ കൊതുകിന്റെ പരിണാമ ചരിത്രത്തെപറ്റി ശാസ്ത്ര സാഹിത്യങ്ങൾ പൊതുവെ നിശബ്ദത പാലിക്കുകയാണ്. ശാസ്ത്രജ്ഞന്മാർ പലവിധത്തിലുള്ള ഷഡ്പദങ്ങളുടേയും ഉത്ഭവത്തെപ്പറ്റി പരാമർശിക്കുന്ന സന്ദർഭത്തിൽ ഒരു വസ്തുത ചൂണ്ടിക്കാട്ടുന്നു.

> .........ചില അറിയപ്പെടുന്ന ജീവി വർഗങ്ങൾ ഉന്നതമായ രീതിയിൽ രൂപം കൊണ്ടതാണ്. പരാദങ്ങളായ കുലീസിഡെ (കൊതുക് വർഗം) പോലുള്ളവ. ഇവയുടെ പരിണാമത്തിന്റെ ഉറവിടം അവ്യക്തമാണ്.

ഈ അവ്യക്തതയുടെ കാരണമായി അവർ പറയുന്നത് അപര്യാപ്തമായ ഫോസിൽ രേഖകളാണെന്നാണ്. പക്ഷേ അതൊരു നീതികരിക്കത്തക്ക സംഗതിയല്ല. അവർ ഡാർവിന്റെ സിദ്ധാന്തങ്ങളാണല്ലോ പിന്തുടരുന്നത്. അതങ്ങനെ തന്നെയായിരിക്കുകയും വേണം. ഡാർവിൻ, ഗാലപ്പോസ് ദ്വീപിലെ ഫിൻച് പക്ഷി (Finch Bird)- യുടെ പരിണാമ ചരിത്രം പഠിക്കുകയുണ്ടായി. പക്ഷേ, ഈ പക്ഷിയുടെ ഫോസിൽ റിക്കാർഡുകളില്ലാതെയായിരുന്നു പഠനം. അപ്രകാരം കൊതുകിന്റെ വിശദവും പൂർണവുമായ ഫോസിൽ രേഖകളില്ലാതെ തന്നെ അതിന്റെ പരിണാമ പ്രക്രിയയെ പ്പറ്റി ശാസ്ത്രജ്ഞന്മാർക്ക് വിശകലനം ചെയ്യാമായിരുന്നു. മറ്റു ഷഡ്പദങ്ങളുമായി താരതമ്യം ചെയ്ത് കൊണ്ട് ആധുനിക കൊതുകുകളെക്കുറിച്ചും മറ്റു പെൺകൊതുകുകളെ അതേ വർഗത്തിലുള്ള കൊതുകുകളുമായി താരതമ്യം ചെയ്തുകൊണ്ടും പരിണാമ ചരിത്രത്തിൽ ഏതെല്ലാം പടവുകൾ കടന്നാണ് കൊതുക് ഇപ്പോഴത്തെ രൂപം പ്രാപിച്ചതെന്നും പഠിക്കാൻ സാധിക്കുന്നതാണ്.

കൊതുകിന്റെ അന്യാദൃശമായ സ്വഭാവ ഗുണങ്ങളെപ്പറ്റി വിശകലനം ചെയ്യുന്നതിനു മുമ്പേ കൊതുകിന്റെ പരിണാമത്തെ സംബന്ധിച്ചുള്ള സാധ്യതകളെപ്പറ്റി ശാസ്ത്രജ്ഞന്മാർ മുന്നോട്ടു വെക്കുന്ന ചിത്രം നമുക്കൊന്ന് പരിശോധിച്ചു നോക്കാം. നട്ടെല്ലുള്ള കശേരുകികളായ ജീവികളുടെ രക്തം കുടിക്കുന്നതിന് മുമ്പേയുള്ള കൊതുകിന്റെ പൂർവഗാമികൾ മൃദുലമായ ശരീരമുള്ള പ്രാണികളുടെ രക്തം കുടിച്ചിരുന്നിരിക്കണം. പിന്നീട് അവയുടെ പരിണാമ ചരിത്രത്തിലൊരു ഘട്ടത്തിൽ പ്രായപൂർത്തിയായ കൊതുകുകൾ തങ്ങളുടെ ശീലം നട്ടെല്ലുള്ള ജീവികളുടെ രക്തപാനമാക്കി മാറ്റുകയാണുണ്ടായത്. ഈ വീക്ഷണമനുസരിച്ച് കൊതുകിന്റെ പൂർവഗാമികളായവരുടെ വക്ത്ര ഭാഗങ്ങൾ (Mouth Part) പിന്നീട് പൂർണ്ണനിലയിൽ രൂപാന്തരം പ്രാപിച്ച കൊതുകകളുടേതിന് സമാനമായ രീതിയിലുള്ളവയായിരിക്കണം. ലാർവ ഘട്ടത്തിൽ (ഉദാഹരണത്തിന് ഒരു ഷഡ്പദമായ ചിത്രശലഭത്തിന്റെ ശലഭപ്പുഴു ഘട്ടം മുതൽ ശലഭമായി രൂപാന്തരപ്പെടുന്ന ഘട്ടം വരെയുള്ള സാദൃശ്യം) ഈ കൊതുകുകളൊന്നും തന്നെ നട്ടെല്ലുള്ള ജീവികളെ ആശ്രയിക്കുകയോ അവരുമായി സഹജീവിതം നയിക്കുകയോ ചെയ്യുന്നില്ല. അങ്ങനെയായിരുന്നുവെങ്കിൽ അതിന് രക്തത്തിന്റെ ആവശ്യത്തിനായുള്ള ഒരു പരിണാമാർജിതഗുണം ഉണ്ടാകുമായിരുന്നു. അത് മാത്രമല്ല ദിനോസറുകൾ തീർച്ചയായും കൊതുകിന്റെ ഏറ്റവും ആദ്യത്തെ ഇരയായിരുന്നുവെങ്കിൽ മൃദുലമേനിയുള്ള ഷഡ്പദങ്ങളുടെ രക്തം കുടിച്ചു ജീവിച്ച ശീലത്തിൽ നിന്ന് ദിനോസറുകളുടെ കട്ടികൂടിയ തൊലിയിലേക്ക്കൊതുകിന്റെ അവയവത്തിന് തുളച്ചു കയറുക എന്നത് കൂടുതൽ അസാധ്യമാണ്. ഈ പരിണാമ പ്രക്രിയക്ക് സമൂലമായ മാറ്റത്തിലേക്ക് നയിക്കുന്ന അനുകൂലനങ്ങൾ (Adaptation leading to Radical switch) ആവശ്യമാണെന്ന് ശാസ്ത്രജ്ഞൻമാർ സ്വയം സമ്മതിക്കുന്നു. അതായത് ഷഡ്പദങ്ങളുടെ രക്തം കുടിക്കുന്നതിൽ നിന്ന് ദിനോസറുകളുടെ രക്തം കുടിക്കുന്നതിലേക്കുള്ള മാറ്റത്തിന് വേണ്ട അനുകൂലനങ്ങൾ. ഈ മാറ്റമുണ്ടായതിന് കാരണമായി ശാസ്ത്രജ്ഞൻമാർ പറയുന്നത് വെറും അവരുടെ ഊഹം മാത്രമാണ്. അതായത് കൊതുകിന്റെ പൂർവഗാമികൾ യാദൃച്ഛികമായി തങ്ങളുടെ ഇരകളുടെ രക്തപാനം ആരംഭിക്കുകയും അത് അനവരതം തുടരുകയും ചെയ്തു എന്നാ ണ് അവരുടെ നിഗമനം. ചിത്രം പ്രകാരം രക്തം വലിച്ചെടുത്ത് കുടിക്കുന്നതിന് വിവിധ തരത്തിലുള്ള വിശേഷവത്കൃത സംവിധാനങ്ങൾ കൊതുകിനകത്ത് തന്നെ രൂപം കൊള്ളേണ്ടതുണ്ട്. പരസ്പരം ആശ്രയിച്ചു കഴിയുന്ന അനുകൂലന വ്യവസ്ഥിതിയോടു കൂടിയ കൊതുകിന്റെ ഈ രക്തപാന സ്വഭാവം ആകസ്മികമായി മാറിയതാണെന്ന് കരുതുവാൻ പ്രയാസമുണ്ട്.

കശേരുകികളുടെ രക്തം വലിച്ചു കുടിക്കാൻ പെൺ കൊതുകിന് മൂന്നു വിധത്തിലുള്ള ഉപാധികൾ ആർജിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ രക്തപാനം എന്ന വിശേഷവത്കൃതമായ ഈ പ്രവർത്തനം നടത്തുവാൻ സാധ്യമാവൂ. രക്തം വലിച്ചു കുടിക്കണമെങ്കിൽ ശരീരഘടനയുടേയും രൂപത്തിന്റേയും പുതിയ അനുകൂലനങ്ങൾ ആവശ്യമാണ്.

> .......തൊലി തുളച്ചു കയറുന്നതിനുള്ള വക്ത്ര ഭാഗങ്ങളുടെ വികസനം, രക്തത്തിന്റെ ദഹനത്തിനായുള്ള പ്രോട്ടിയോലൈറ്റിക് എൻസൈമിന്റെ സാന്നിധ്യം പോലെയുള്ള ശരീരഘടനാപരമായ രൂപ പരിണാമങ്ങൾ, സ്വഭാ

വപരമായ ആർജിത പരിവർത്തനങ്ങൾ, അതായത് രക്തമുള്ള വസ്തുക്കളുടെ കണ്ടെത്തൽ, രക്തമില്ലാത്തവയിൽ നിന്ന് അതിനെ വേർതിരിച്ചു കാണൽ എന്നിവ.

ഇതിനെല്ലാറ്റിനും അഗാധമായ ശാസ്ത്രീയ ജ്ഞാനവും സാങ്കേതിക ജ്ഞാനവും ആവശ്യമാണ്.

പെൺകൊതുകിന് തന്റെ ഇരയെ തിരിച്ചറിയാനും രക്തം സ്വീകരിക്കാനുമുള്ള കഴിവ് മാത്രമല്ല, രക്തം ഊറ്റിക്കുടിക്കാനുള്ള കഴിവുമുണ്ടായിരിക്കണം . ഇതിന് പ്രോബോസിസ് (രക്തം കുടിക്കാനുപയോഗിക്കുന്ന കൊതുകിന്റെ തുമ്പിക്കൈ പോലെയുള്ള അവയവം) പോലെയുള്ള ഉന്നതക്കിടയിലുള്ള സൂക്ഷ്മമായ വിശേഷവത്കൃത അവയവങ്ങൾ ആവശ്യമാണ്. പെൺ കൊതുകിന്റെ പ്രോബോസിസ് ലോകത്തിലെ ഏഴ് അത്ഭുതങ്ങളെക്കാൾ വലിയ അത്ഭുതമാണ്. അത് കലാവൈഭവത്തിന്റെ മഹിഷ്ഠ മാതൃകയാണ്. ജീവ പരിണാമത്തെ രൂപപ്പെടുത്തിയെടുത്തതും അങ്ങനെ ഒരു മാതൃകയാക്കിയതും അന്ധമായ പ്രകൃതി ശക്തികളുടെ പ്രവർത്തന ഫലമല്ല എന്ന് ബോധ്യമാവണമെങ്കിൽ വാസ്തവത്തിൽ കൊതുകിന്റെ മുഴുവൻ ദഹന വ്യവസ്ഥിതിയെ സംബന്ധിച്ചും സൂക്ഷ്മമായി പഠിക്കേണ്ടതുണ്ട്. നമുക്ക് പെൺ കൊതുകിന്റെ പ്രൊബോസിസിലേക്ക് തന്നെ തിരിയാം. അതിന്റെ സൃഷ്ടിപ്പിലെ ബാഹ്യമാത്രമായ ഒരു പരിശോധന മതി, ദശലക്ഷക്കണക്കിന് വർഷം കൊണ്ട് പ്രകൃതിനിർദ്ധാരണം ക്ഷമാപൂർവം നിർമിച്ചതാണ് അതെന്നുള്ള സങ്കൽപം തൂത്തെറിയാൻ. അത് തന്നെ ധാരാളമാണ്. ചർമ്മം തുളക്കാനും രക്തമൂറ്റിക്കുടിക്കാനും പൂർണ വളർച്ചയെത്തിയ പെൺ കൊതുക് ഉപയോഗിക്കുന്ന അവയവമാണ് പ്രോബോസിസ്. നീളമുള്ള ആറ് ഭാഗങ്ങളുൾപ്പെട്ട അവയവമുള്ള അവ ഒരു ഉറയിൽ സൂക്ഷിക്കപ്പെട്ട ഉപകരണമാണത്. ഇരയുടെ തൊലി തുളക്കാനുള്ള വേധക ഉപകരണങ്ങളടങ്ങിയതാണ് ഈ ആറ് ഭാഗങ്ങൾ. അത് ബ്ലൈഡ് പോലെ മൂർച്ചയേറിയ മുനയുള്ള ഒരു ഉപകരണമാണ്. പ്രോബോസിസിന് അകത്ത് തന്നെ സൂക്ഷിക്കപ്പെടുന്ന ഈ അവയവം, രക്തഭക്ഷണം ആവശ്യമായി വരുന്ന സന്ദർഭത്തിൽ മാത്രമേ പുറത്തെടുക്കാറുള്ളൂ. ശസ്ത്രക്രിയക്കുപയോഗിക്കുന്ന കത്തി പോലെയുള്ള മൂർച്ചയുള്ള ആ ഉപകരണം ആവശ്യത്തിന് മാത്രമേ ഉറയിൽ നിന്ന് ഊരുകയുള്ളൂ.

## പെൺകൊതുകിന്റെ വക്ത്ര ഭാഗങ്ങൾ

**Mouth Parts**

കൊതുക് കടിക്കുന്ന അവസരത്തിൽ ലാബ്റം എപിപാരിങ്ങ്സ് ഒരു ഭക്ഷണ കുഴൽ പോല പ്രവർത്തിക്കുന്നു. അതിലൂടെയാണ് രക്തം വലിച്ചെടുക്കുന്നത്. കൊതുക് കടിക്കുമ്പോൾ ഉമിനീർ ആ മുറിവിലേക്ക് ഹൈപ്പോ പാരിങ്ങ്സിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നു.

അതിൽ രക്തം വലിച്ചൂറ്റി കുടിക്കാൻ പറ്റിയ ഒരു പമ്പും ചെടിയിൽ നിന്നുള്ള രസദ്രാവകം പ്രത്യേകമായി അന്നപഥത്തിലേക്ക് കൊണ്ടു പോകാനുള്ള വയറ് പോലെയുള്ള ഒരു കുഴലുമുണ്ട്.

വിദഗ്ധരായ പ്രകൃതിശാസ്ത്രജ്ഞരുടെ അഭിപ്രായ പ്രകാരം മിഡ്ഗട്ട്(Midgut) എന്ന അവയവത്തിന് മുന്നിലെ കട്ടികൂടിയ ഭാഗമായ കാർഡിയ(Cardia) യുടെ സൂക്ഷ്മമായ പ്രവർത്തനം മൂലം മദ്ധ്യഅന്നപഥത്തിലെ മിഡ്ഗട്ടിൽ രക്തം നേരിട്ട് ശേഖരിക്കപ്പെടുന്നു. ബാക്കി വരുന്ന സസ്യ നീരു പോലെയുള്ള ഭക്ഷണം ഡൈവർട്ടിക്കുല (Diverticula) എന്ന അവയവത്തിൽ കുറച്ച് നേരത്തേക്ക് സൂക്ഷിക്കുകയും ചെയ്യുന്നു.

കൊതുകിന്റെ പ്രോബോസിസിലെ അതുല്യമായ ഉമിനീർ ഗ്രന്ഥി ജന്തുലോകത്തൊരിടത്തും കാണാത്ത ഒരത്ഭുതമാണ്. ഈ ഗ്രന്ഥികൾക്ക് മുമ്പിൽ കൊതുകിന്റെ മുഴുവൻ രക്തപാന വ്യവസ്ഥയും ഒന്നുമല്ല. ഇവ ഉൽപ്പാദിപ്പിക്കുന്ന ഉമിനീരിൽ രക്തം കട്ടപിടിക്കാതിരിക്കാൻ ആവശ്യമായ ഗുണവിശേഷങ്ങളുള്ള പ്രത്യേക തരം രാസപദാർഥങ്ങൾ അടങ്ങിയിരിക്കുന്നു. സാധാരണഗതിയിൽ ശരീരത്തിലെ രക്തധമനി പൊട്ടിയാൽ രക്തത്തിലെ പ്ലെയിറ്റ്ലൈറ്റുകൾ സെക്കന്റുകൾക്കകം ആ മുറിവ് അടക്കാൻ രക്തം കട്ടകെട്ടുന്ന പ്രക്രിയ ആരംഭിക്കും. എന്നാൽ, ചോരയൂറ്റൽ സാധ്യമാക്കിത്തീർക്കാൻ പെൺ കൊതുകുകളുടെ ഉമിനീരിൽ ആപിറേയ്സ് (Apyrase) എന്ന ഒരു എൻസൈം അടങ്ങിയിരിക്കുന്നു. ആപിറേയ്സ് മൃഗങ്ങളുടെ കോശ കലകളിൽ വളരെ അപൂർവമായേ കാണുന്നുള്ളൂ. എന്നാൽ കൊതുകിന്റെ ഉമിനീർഗ്രന്ഥിയിൽ ഈ എൻസൈം ധാരാളമുണ്ട്. ആപിറേയ്സ് എന്ന ഈ അമ്ലം പ്ലെയിറ്റ്ലൈറ്റുകളുടെ അതിവേഗത്തിൽ രക്തം കട്ടയാക്കുന്ന പ്രവണതക്കെതിരെ പ്രവർത്തിക്കുന്നു.

എന്നാൽ, അതിനേക്കാൾ അത്ഭുതകരമായിട്ടുള്ളത് കൊതുകിന്റെ ദഹന വ്യവസ്ഥിതിയും രക്തപ്രവാഹങ്ങളുമെല്ലാം അപകടകാരിയായ ഈ എൻസൈമിൽ (ആപിറേയ്സ്) നിന്ന് സംരക്ഷിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ഈ എൻസൈം എപ്പോഴാണോ ആവശ്യമുള്ളത് അപ്പോൾ മാത്രമേ ഉപയോഗിക്കപ്പെടുന്നുള്ളൂ. അതും കൊതുകിന്റെ പ്രോബോസിസിലെ കുത്താനുപയോഗിക്കുന്ന അവയവത്തിന്റെ അറ്റത്താണ് നിലകൊള്ളുന്നത്.

ഉണങ്ങിയ സസ്യദ്രാവകവും സസ്യങ്ങളിലെ മധുരക്കുഴമ്പും ദ്രവ

രൂപത്തിൽ വലിച്ചെടുക്കുന്നത് എളുപ്പമാക്കാൻ കൊതുക് വ്യാപകമായി ഉമിനീർ ഉപയോഗിക്കുന്നു. അപ്പോഴും ആപിറേയ്സിന്റെ സാന്നിധ്യം ഉമിനീരിലുണ്ട്. എങ്കിലും കൊതുകിന്റെ ഉമിനീരിലുള്ള ആപിറേയ്സ് അപ്പോൾ പ്രവർത്തനക്ഷമമാകുന്നില്ല. കാരണം സസ്യദ്രാവകത്തിൽ രക്തത്തിന്റെ അംശമില്ലല്ലോ. ഉപയോഗിക്കപ്പെടാത്ത എല്ലാ ആപിറേയ്സ് എൻസൈമുകളും കൊതുകിന്റെ ആന്തരാവയവത്തിൽ വെച്ചു ദഹിച്ചു പോകുന്നു. അതാകട്ടെ അതിന്റെ രക്ത ചംക്രമണ വ്യവസ്ഥിതിയിൽ യാതൊരു വിധ പ്രയാസങ്ങളും സൃഷ്ടിക്കുന്നില്ല. ഇതിൽ നിന്ന് ഏതൊരാൾക്കും മനസ്സിലാക്കാൻ സാധിക്കുന്ന ഒരു കാര്യം ഇത് പ്രകൃതിയുടെ തെരഞ്ഞെടുപ്പിനെ മാത്രം ആശ്രയിച്ചു കൊണ്ടുള്ള ഒരു ആകസ്മികതയുടെ കളിയല്ല. ഇത് വളരെ ബോധപൂർവം നിർവഹിക്കപ്പെടുന്ന ഒരു ആസൂത്രിത പദ്ധതിയാണ് എന്നാണ്. ജീവി ലോകത്ത് കൊതുക് നിർവഹിക്കുന്ന പ്രതിലോമകരമായ പ്രവർത്തനങ്ങൾ ഈയൊരു ഘടകത്തെ ആശ്രയിച്ചു കൊണ്ടുള്ളതാണ്. ഇരയുടെ രക്തപ്രവാഹത്തിലേക്ക് ആപിറേയ്സ് കലർന്ന ഉമിനീർ സ്രവിപ്പിക്കുന്നത് പെൺ കൊതുകിന് സഹജമായി സാദ്ധ്യമല്ലായിരുന്നുവെങ്കിൽ ലോകവ്യാപകമായി വിവിധതരം ജീവികളിൽ രോഗം പരത്തുക എന്ന പ്രതിലോമ പ്രവൃത്തി കൊതുകിന് നടത്താൻ സാധ്യമല്ലായിരുന്നു. കൊതുകിന്റെ മുഴുവൻ ശരീരഘടനയും പരിശോധിച്ചാൽ ഈയൊരു ലക്ഷ്യത്തിനു വേണ്ടി ബോധപൂർവം സൃഷ്ടിക്കപ്പെട്ടതായിട്ടാണ് കാണുന്നത്.

ശാസ്ത്ര ലോകം 500 ഓളം വൈറസുകൾ കണ്ടെത്തിയിട്ടുണ്ട്. അതിൽ ഏറെക്കുറെ പകുതിയും കൊതുകുകളിൽ കാണപ്പെടുന്നു. അതിൽ നൂറോളം വൈറസുകൾ മനുഷ്യനിൽ മാത്രം രോഗം പരത്തുന്നവയാണ്. ചില കൊതുകുകൾ ചില പ്രത്യേക തരം ജീവികളെ മാത്രമേ ആക്രമിക്കുകയുള്ളൂ. എങ്കിലും അവയും മനുഷ്യനിലേക്ക് പകരാൻ കഴിയുന്ന വൈറസുകൾ വഹിക്കുന്നവയാണ്. ഉദാഹരണത്തിന് ചില വൈറസുകൾ കുരങ്ങിൽ നിന്ന് മനുഷ്യനിലേക്കും, മനുഷ്യനിൽ നിന്ന് കുരങ്ങിലേക്കും കൊതുക് മുഖേന പകരുന്നതാണ്. അതായത് ഇത്തരം കൊതുകുകൾ ഈ രണ്ട് ജീവികളെയും കുത്താറുണ്ട്. കൊതുകുകൾ ഏതെങ്കിലും ഒരു വൈറസിന്റെ വാഹകർ മാത്രമായിരിക്കില്ല. അവ ഒരേ സമയം പല വിധത്തിലുള്ള വൈറസുകളും വഹിക്കുന്നു. മാത്രമല്ല ഒരു മേഖലയിൽ ശക്തരായ വാഹകരായി വർത്തിക്കുന്ന കൊതുകുകൾ മറ്റൊരു മേഖലയിൽ ഉദാസീനരായും കാണപ്പെടുന്നു.

കൊതുക് പരത്തുന്ന പകർച്ച വ്യാധികളിൽ ലോകവ്യാപകമായി ഏറ്റവും മുന്നിൽ നിൽക്കുന്നത് മലേറിയ അഥവാ മലമ്പനിയാണ്. അതുപോലെ തന്നെ മന്ത്, മഞ്ഞപ്പനി, ഡെങ്കിപ്പനി, മസ്തിഷ്ക്ക വീക്കം മുതലായ അറിയപ്പെടുന്ന രോഗങ്ങൾക്ക് കാരണം കൊതുകുകളാണ്. മനുഷ്യന് പുറമെ മൃഗങ്ങൾക്ക് വരുത്തിവെക്കുന്ന നാശനഷ്ടങ്ങൾ അതിനേക്കാൾ ഭയാനകമാണ്. മലേറിയ എപ്പോഴും രോഗിയെ നേരിട്ട് കൊല്ലുന്നില്ല. പക്ഷേ മലേറിയ ബാധിച്ച രോഗിയുടെ ശരീരത്തെ മാരകമായ നിരവധി രോഗങ്ങൾക്ക് ആക്രമിക്കാൻ പാകത്തിൽ ആക്കിത്തീർക്കുന്നു.

ലോകത്തിലെ ഏറ്റവും വലിയ കൊലയാളിയായ മലേറിയ രോഗം മരണകാരണമാണെന്ന് പലപ്പോഴും തിരിച്ചറിയപ്പെടുന്നില്ല. മൂന്നാം ലോക രാജ്യങ്ങളിൽ സംഭവിക്കുന്ന പല മലേറിയ മരണങ്ങളും രജിസ്റ്റർ ചെയ്യപ്പെടുകയോ അത് മലേറിയ രോഗം കൊണ്ടാണെന്ന് തിരിച്ചറിയപ്പെടുകയോ ചെയ്യുന്നില്ല. മലേറിയ ബാധിത മേഖലയിൽ സാധാരണയായി മലേറിയ രോഗികൾക്കുണ്ടാകുന്ന ക്ഷയം ന്യൂമോണിയ മുതലായ രോഗങ്ങളുടെ കാരണം കൊണ്ടാണ് പല മലേറിയാ രോഗികളും മരിക്കുന്നത്. അതുപോലെ മലേറിയുമായി ബന്ധപ്പെടുന്ന മറ്റു പല രോഗങ്ങളും രോഗബാധയേൽക്കുന്നയാളിലുണ്ടാവുന്നു. ഇത് പ്രധാനപ്പെട്ട അവയവങ്ങൾ തകരാറിലാക്കുന്നത് കൊണ്ടും രോഗി മരിക്കുന്നു.

രണ്ട് തരത്തിൽപ്പെട്ട ഫൈലേറിയാ വിരകൾ ഉണ്ടാക്കുന്ന മന്ത്രോഗം വ്യാപകമായി പരത്തുന്നത് കൊതുകുകളാണ്. രോഗാണുക്കളുടെ ദീർഘനാളത്തെ അതിന്റെ പ്രവർത്തനം മൂലം മനുഷ്യർക്കും അതുപോലെ വളർത്തു മൃഗങ്ങൾക്കും മന്ത്രോഗമുണ്ടാകുന്നു.

കൊതുക് പരത്തുന്ന മറ്റൊരു രോഗമാണ് മഞ്ഞപ്പനി (Yellow Fever). ഇത് നാട്ടുമഞ്ഞപ്പനി, കാട്ടുമഞ്ഞപ്പനി എന്നീ രണ്ട് രൂപങ്ങളും ഉൾപ്പെടുന്നതാണ്. ഇതിൽ കാട്ടുമഞ്ഞപ്പനി മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കും തിരിച്ച് മനുഷ്യരിൽ നിന്ന് മൃഗങ്ങളിലേക്കും കൊതുക് മുഖേന പകരുന്നതാണ്. മനുഷ്യ ചരിത്രത്തിൽ മഞ്ഞപ്പനി നടത്തിയ സംഹാരം ഒരു പൊതു വിജ്ഞാനമാണ്. പടിഞ്ഞാറൻ ആഫ്രിക്ക വെള്ളക്കാരന്റെ ശ്മശാനം എന്നറിയപ്പെട്ടത്, ഈ മഞ്ഞപ്പനി കൊണ്ടൊന്നു മാത്രമാണ്.

മനുഷ്യന്റേയും മൃഗങ്ങളുടേയും ജീവന് മാത്രമല്ല കൊതുകുകൾ വമ്പിച്ച തോതിൽ നഷ്ടം വരുത്തിവെക്കുന്നത്, മനുഷ്യന്റെ സാമ്പത്തിക രംഗത്തും കൊതുകുകൾ വലിയ തോതിൽ വിപരീത ഫലങ്ങളുണ്ടാക്കുന്നു. ഓഫീസുകളിലേയും ഫാക്ടറികളിലേയും, വയലുകളിലേയും പ്രവൃത്തി സമയങ്ങൾ അത് കവർന്നെടുക്കുന്നു. കൊതുകുകളുടെ ആവാസ മേഖലക്കടുത്തുള്ള ഭൂമിയുടെ വില ഗണ്യമായി കുറയുന്നു. ആ മേഖലയിലെ മനുഷ്യാധിവാസവും കുറയാൻ കാരണമാകുന്നു. രണ്ടാം

ലോകമഹായുദ്ധത്തിന്റെ ചരിത്രം പരിശോധിച്ചാൽ പല പ്രമുഖ യുദ്ധ ങ്ങളും ജയിക്കുകയോ തോൽക്കു കയോ ചെയ്തതും യുദ്ധപുരോഗതി നിയന്ത്രിച്ചതും നിസ്സാരവും പ്രസ്താവയോഗ്യമല്ലാത്തതുമായ ഈ കൊച്ചു പ്രാണിയാണെന്ന് കാണാൻ കഴിയും.

നമുക്ക് പ്രകൃതി നിർദ്ധാ രണം എന്ന വിഷയത്തിലേക്ക് തന്നെ തിരിച്ചു വരാം. പ്രകൃതിയുടെ ഈ ബൃഹത്തും മഹത്തും വിഭ്രമ കരവുമായ പ്രവർത്തന പദ്ധതി യിൽ ആകസ്മികമായ പ്രകൃതി യുടെ തിരഞ്ഞെടുപ്പ് എന്ന പ്രതിഭാ സത്തിന് വല്ല പങ്കുമുണ്ടോ? ജീവി കളെ രൂപപ്പെടുത്തിയ പല ഘടക ങ്ങളുടേയും അടിസ്ഥാനത്തിൽ പ്രകൃതി ശാസ്ത്രജ്ഞൻമാർ അവ രുടെ നിലപാടുകൾ പുനഃപരിശോ ധിക്കണമെന്നാണ് നമുക്ക് അഭ്യർഥി ക്കാനുള്ളത്. ആപിറേയ്സ് എന്ന ഈ ഒരൊറ്റ എൻസൈമിന്റെ കാര്യം മാത്രം ശ്രദ്ധിച്ചാൽ മതി അവരുടെ കണ്ണു തുറപ്പിക്കാൻ. ആൺ കൊതു കുകളെ ഒഴിവാക്കിക്കൊണ്ട് പെൺ കൊതുകുകളിൽ മാത്രം ഈ എൻസൈം ഉൽപ്പാദിപ്പിക്കാൻ പ്രകൃതി നിർദ്ധാരണത്തിന് എന്ത് സാങ്കേതിക ജ്ഞാനവും സർഗാത്മ കതയുമാണുള്ളത്? പെൺ കൊതു കുകൾ പണ്ട് സസ്യാഹാരികളായി രുന്നുവെന്നാണല്ലോ പ്രകൃതി ശാസ്ത്രജ്ഞൻമാർ പറയുന്നത്. ആ സസ്യാഹാരം ഉപേക്ഷിച്ച് രക്ത ഭക്ഷണത്തിലേക്ക് മാറുവാൻ പ്രകൃ തിയുടെ നിർദ്ധാരണത്തിന് എന്തു കൊണ്ട് നിർബന്ധിക്കാൻ കഴി ഞ്ഞു? ഇതിലേക്ക് എന്തെങ്കിലും യുക്തിഭദ്രമായ ഒരു കാരണം സമർപ്പിക്കുവാൻ പ്രകൃതി ശാസ്ത്ര ജ്ഞൻമാരോട് ബഹുമാന പുരസ്സരം വീണ്ടും ആവശ്യപ്പെടുകയാണ്. മാത്രമല്ല പെൺകൊതുകുകൾ മാത്രമാണ് ഇരകളുടെ രക്തം കുടി ക്കുന്നത്. അതേസമയം ആൺ-പെൺ ചെയ്യാൻ സാധിക്കും. പക്ഷേ *ഫൗഖ* യുടെ വ്യക്തമായ അക്ഷരാർത്ഥം പഴയ വിവർത്ത കൻമാർ മനസ്സിലാക്കുകയുണ്ടായി ല്ല; *'അത് എന്തൊന്നാണോ (കൊതു ക്) വഹിക്കുന്നത്'* എന്നാകുന്നു. ഭൂമിയെ പറ്റിയും അത് വഹിക്കുന്ന തിനെ സംബന്ധിച്ചും ഖുർആൻ പറ യുന്ന സന്ദർഭത്തിൽ *'ഫൗഖ'* എന്ന ഇതേപദം തന്നെയാണ് ഉപ യോഗിക്കുന്നത്. *'വമാഫൗഖൽ അർള്' = ഭൂമിയുടെ മേൽ എന്തെ ന്നാണോ വഹിക്കുന്നത് അതെല്ലാം.*

ഈ ഖുർആനിക വചനം അക്ഷരാർത്ഥത്തിൽ പുനഃ വി വർത്തനം ചെയ്യുന്നുവെന്നിരിക്കട്ടെ അത് ഇങ്ങനെ വായിക്കാം. *ഒരു കൊതുകിനെയും, എന്തൊന്നാണോ അതിനു മേലുള്ളത് അല്ലെങ്കിൽ എന്തൊന്നാണോ അത് വഹിക്കുന്ന ത്, അതിനെയും ഉദാഹരണമായി ഉദ്ധരിക്കാൻ അല്ലാഹു ലജ്ജിക്കുന്നി ല്ല.*

പൂർവകാലത്തെ പണ്ഡിത ന്മാർ ഈ വചനത്തിന്റെ പ്രത്യക്ഷ മായ അർഥം ഗ്രഹിക്കുന്നതിൽ പരാ ജയപ്പെട്ടത് എന്തുകൊണ്ടാണെന്ന് നമുക്കിപ്പോൾ നന്നായറിയാം. കൊതുക് അദൃശ്യമായ വൈറസു കളുടെ വാഹകരാണെന്നതിനെ പറ്റി അവർക്ക് യാതൊരറിവുമുണ്ടായിരു ന്നില്ല.

വമ്പിച്ച തോതിൽ രോഗമു ണ്ടാക്കുന്ന രോഗവാഹിയായ ഒരു ജീവിയെപ്പറ്റി പറയുന്നതിൽ ദൈവം ലജ്ജിക്കാതിരുന്നതിന് കാരണം ജീവന്റെ ബൃഹദ് പദ്ധതിയിൽ ഒരു സന്തുലനം സൃഷ്ടിക്കാൻ ബോധ പൂർവം ചില ഉദ്ദേശ്യ ലക്ഷ്യത്തോ ടെയാണ് കൊതുകിനെ ദൈവം സൃഷ്ടിച്ചത് എന്നത് കൊണ്ടാണ്. അതങ്ങനെ പറയുവാനുള്ള കാരണം വിസ്മയകരമായ ഈ പറക്കും യന്ത്രം സ്വയം തന്നെ സ്രഷ്ടാവിന്റെ സൃഷ്ടി വൈഭവ ത്തോടുള്ള ഒരു ആദരാഞ്ജലിയാ ണ്. ജീവന്റെ പ്രതിരോധ സംവി ധാനം രൂപപ്പെടുത്തുന്നതിൽ കൊതുക് വളരെ നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ടാകുമെന്നുള്ള അഭിപ്രായം നാം ഉന്നയിക്കുന്നു. ഒരുദാഹരണം. സിക്കിൾ സെൽ അനീമിയ (Sickle cell anaemia) എന്നത് രോഗവുമായി ബന്ധപ്പെട്ട താണെന്ന് നമുക്കറിയാം. ഗാംബിയ ക്കാരുടെ ഇടയിലാണ് ഈ രോഗം വ്യാപകമായുള്ളത്. ഈ വിളർച്ച രോഗത്തിന് (Anaemia) മലേറിയ യുടെ ഏത് കഠിന രൂപത്തേയും പ്രതിരോധിക്കാനുള്ള കഴിവുണ്ട്. ജീവന്റെ ബൃഹദ് പദ്ധതിയിൽ കൊതുകുമായി ബന്ധപ്പെട്ട ഏത് രോഗമാണ് പ്രതിരോധ സംവിധാന ത്തിന് സഹായകമാവുക എന്നത് ഇപ്പോഴും അജ്ഞാതമാണ്. അങ്ങനെ ഒരു സാധ്യതയും ഇല്ലാ തില്ല. ഇങ്ങനെയുള്ള കൊതുക്ജന്യ രോഗങ്ങൾ ഒരുപക്ഷേ ജീവികളുടെ പ്രതിരോധ സംവിധാനത്തിന് തുടക്കം കുറിക്കാനും രൂപാന്തരപ്പെ ടുത്താനും സഹായകരമായിട്ടുണ്ടാ കും. അത് അപ്രകാരം ആവാനും ആവാതിരിക്കാനും സാധ്യതയുണ്ട്. എന്നാൽ, ജീവനിലേക്കും മരണത്തി ലേക്കും നയിക്കുന്ന ഘടകങ്ങൾ ഒരുപോലെ സൃഷ്ടിയുടെ അവി ഭാജ്യ ഘടകമാണെന്ന ഖുർആന്റെ പ്രഖ്യാപനം അനിഷേധ്യമാണ്.

മറ്റൊരു വിചിത്രമായ കാര്യം കൊതുക് നൂറുക്കണക്കിന് രോഗങ്ങ ളുടെ സ്രോതസ്സുകളെ വഹിക്കുന്നു വെങ്കിലും കൊതുക് ഒരു രോഗ ത്തിനും വിധേയമാകുന്നില്ല. മലേ റിയ പനി ബാധിച്ച് വിറക്കുന്ന ഒരു കൊതുകിനെ ഒരു പ്രകൃതി ശാസ്ത്രജ്ഞനും കണ്ടതായി തെളി വില്ല. മറ്റുള്ളവർക്ക് പകരുന്ന ഏതെ ങ്കിലും ഒരു രോഗം അതിന്റെ ആന്തര വ്യവസ്ഥിതിയിലോ കാലിനോ ചിറകിനോ ബാധിച്ച ഒരു കൊതുകിനേയും ആരും കണ്ടു പിടിച്ചിട്ടുമില്ല. മന്തുരോഗമുണ്ടാ ക്കുന്ന വൈറസിന്റെ വാഹകരാണ് കൊതുകുകൾ. പക്ഷേ, കൊതു കിന്റെ തുമ്പികൈക്ക് മന്ത് ബാധിച്ച ഒരു കൊച്ചു ആനയുടെ തുമ്പി ക്കൈയുടെയത്ര വലുപ്പമുണ്ടായ ഒരു സംഭവം ഇതുവരെയുണ്ടായിട്ടി ല്ല.ഒരു കൊതുകിനെ നിർമിക്കാൻ അഗാധമായ ശാസ്ത്രീയ ജ്ഞാന

വും അതുപോലെ സങ്കീർണമായ സാങ്കേതിക വിദ്യയും ആവശ്യമാണ്. ഇക്കാലത്ത് പോലും മനുഷ്യന് കൊതുകിന്റെ ഒരു പ്രോബോസിസ് (തുമ്പിക്കൈ) പോലും നിർമിക്കാൻ സാധ്യമായിട്ടില്ല. ആധുനിക കാലത്തെ ഏറ്റവും സമർഥനും നവീകൃതവുമായ ഒരു ജെനിറ്റിക് എഞ്ചിനീയറുടെ ചെവിയിൽ ഒരു വെല്ലുവിളിയുമായി മൂളിപ്പറന്ന്, 'വരിക! കഴിയുമെങ്കിൽ തന്നെ പോലെയൊന്നിനെ ഉണ്ടാക്കുക' എന്ന് ഒരു കൊതുകിന് പറയാൻ സാധിക്കും. എന്നാൽ, വിസ്മയകരമെന്ന് പറയട്ടെ, ലോകത്തുള്ള എല്ലാ കൊതുകുകളും കൂടി ചേർന്നാലും നിരീശ്വരത്വത്തിന്റെ മന്ദ നിദ്രയിൽ നിന്ന് ഒരു നിരീശ്വരവാദിയെ കുത്തിയുണർത്താൻ സാധ്യമല്ല! കൊതുകിനെ അതിന്റെ മൂളിപ്പാട്ടുമായി പറക്കാനനുവദിക്കുക! ബധിരന് ഒരിക്കലും കേൾക്കാൻ സാധ്യമല്ല, അന്ധൻ അത് കാണുകയുമില്ല.

മേൽ പറഞ്ഞ പ്രസ്താവന മൊത്തം സംഗ്രഹിച്ചു പറയുകയാണെങ്കിൽ, ജീവികളുടെ കോശങ്ങളിലെ ജനിതക മുദ്രകളിൽ സൂക്ഷ്മമായി ആലേഖനം ചെയ്യപ്പെട്ട സന്ദേശങ്ങൾ ഇതൾ വിടർത്തുമ്പോൾ കാണുന്ന വ്യവസ്ഥാപിതമായ സ്വഭാവങ്ങളിലും രൂപഘടനയിലുമാണ് നാം വീണ്ടും ഊന്നൽ നൽകുന്നത്. കോശദ്രവ്യത്തിലെ പ്രോട്ടീനുകൾ കോശത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന കാവൽ മാലാഖമാരാണ്. സ്വഭാവ വാഹികളായ ഡി.എൻ.എ, ആർ.എൻ.എ, സോമാറ്റിക് കോശം, പ്രത്യുൽ പ്പാദന കോശം മുതലായ ഒരു ജീവകോശത്തിനുള്ളിലെ എല്ലാ ഘടകങ്ങളും പുറത്തെ പരിതഃസ്ഥിതിയിൽ നിന്നും അവയുടെ സ്വാധീനത്തിൽ നിന്നും തികച്ചും സ്വതന്ത്രമായാണ് നിലകൊള്ളുന്നത്. ജീവന്റെ ജനിതക പുരസ്കർത്താവായിക്കൊണ്ട് കോശത്തിനു മേൽ മേധാവിത്വം പുലർത്താൻ ബോധശൂന്യമായ പരിസ്ഥിതിക്ക് യാതൊരു പ്രവർത്തന സംവിധാനവുമില്ല. പരിസ്ഥിതി എന്ന ഈ ജനിതക രക്ഷിതാവിന് സ്വയം തന്നെ ആസൂത്രണം നടത്താനും സാധ്യമല്ല. കോശത്തിനകത്തെ സൂക്ഷ്മമായ അമിനോ അമ്ലങ്ങളുടെ ക്രമികമായ വിന്യാസം നടത്താനും പരിസ്ഥിതിക്കാവില്ല. അമിനോ അമ്ലത്തിന്റെ സ്ഥാനമോ ഏതെങ്കിലും പരസ്പര ബന്ധമോ അവതാളത്തിലായെങ്കിൽ ജീവന്റെ അടിസ്ഥാന ശിലകളാകെ താറുമാറാകുകയും അതിന്റെ സർഗ്ഗാത്മക കഴിവുകളും ലക്ഷ്യവും പിഴച്ചു പോവുകയും ചെയ്യും. അതുകൊണ്ടാണ് കോടാനുകോടി വർഷം പ്രവർത്തിച്ചാലും ആകസ്മികതക്ക് കോശങ്ങളെ പോലെയൊന്ന് രൂപാന്തരപ്പെടുത്തിയെടുക്കാൻ സാധ്യമല്ല എന്ന് ധാരാളം ശാസ്ത്രജ്ഞൻമാർ കണക്കു കൂട്ടി പറയുന്നത്. എങ്കിലും കോശങ്ങൾ അവയുടെതായ ഒരു ലോകം രൂപപ്പെടുത്തിയെടുത്തിരിക്കുന്നു. അതാകട്ടെ കാലാവസ്ഥാപരവും പാരിസ്ഥിതികവുമായ സ്വാധീനങ്ങളിൽ നിന്ന് തികച്ചും മുക്തവുമാണ്.

ഈ സങ്കീർണ്ണമായ ജീവപരിണാമ പദ്ധതിയിൽ നിന്ന് ദൈവത്തെ നിഷ്കാസിതമാക്കുകയാണെങ്കിൽ, മറ്റൊരു സ്രഷ്ടാവിനെ പകരം കണ്ടെത്തി പ്രതിഷ്ഠിക്കേണ്ടി വരും. അചര പ്രപഞ്ചത്തിന്റെ നിഗൂഢതകളെ പറ്റി ഒന്നും പറയാതെ വിടാം. എന്നാൽ, ഭൂമിയിലെ ജീവികളുടെ അത്ഭുത ലോകം; രൂപപ്പെടുത്തുകയും അവരുടെ അസ്തിത്വത്തെ എണ്ണമറ്റ സങ്കീർണ്ണതകൾ കൊണ്ട് നിറക്കുകയും ചെയ്ത ആ തിരുഹസ്തത്തെക്കുറിച്ച് അവർ വിലപിച്ചു കൊണ്ടിരിക്കും. ദൈവത്തെ നിരാകരിക്കുകയാണെങ്കിൽ, ജീവിലോകത്തിന്റെ ഈ വിലാപം എന്നെന്നേക്കും ഉത്തരമില്ലാത്തതും കേൾക്കാത്തതുമായി നിലനിൽക്കും. മനുഷ്യന് ഒരു കാര്യത്തെ സംബന്ധിച്ച് തീർച്ചയായും അറിയാം, ജീവൻ ഒരിക്കലും തന്നെ സ്വയം സൃഷ്ടിക്കപ്പെട്ടതല്ല. മരണത്തിന് ജീവനെ സൃഷ്ടിക്കാനും സാധ്യമല്ല. പ്രകൃതിയുടെ തിരഞ്ഞെടുപ്പിന് ബോധമോ ജീവനോ ഇല്ല. അത് ഭൂഗുരുത്വത്തെ പോലെ നിശ്ചേതമായൊരു പ്രതിഭാസമാണ്. ചെങ്കുത്തായ മലമുകളിൽ നിന്ന് അതിന് ഒരു പാറയെ താഴേക്ക് തള്ളിയിടാം. അത് ഒരു മാനിന്റെ പുറത്താണോ അതല്ല മുള്ളൻ പന്നിയുടെ പുറത്താണോ വന്നു വീഴുക എന്ന് പ്രകൃതി നിർദ്ധാരണത്തിന് ഒരിക്കലും അറിയാൻ സാധ്യമല്ല.

**REFERENCES**


1. Translation of The Holy Quran, verse 2:27
2. LANE, R.P., CROSSKEY, R.W. (1993) Medical Insects and Arachnids. Chapman & Hall, London, p.120
3. DOWNES, W.L., DANLEM, G.A. (1987) Key to the Evolution of Diptera: Role of Homoptera. Environmental Entomology: 16:852–853
4. KLOWDEN, M.J. (1995) Blood, Sex and the Mosquito. Bioscience: 45:327
5. WAAGE, J.K. (November 1979) The Evolution of Insect/ Vertebrate Associations. Biological Journal of the Linnean Society: 12:216
6. WAAGE, J.K. (November 1979) The Evolution of Insect/ Vertebrate Associations. Biological Journal of the Linnean Society: 12:188
7. KLOWDEN, M.J. (1995) Blood, Sex and the Mosquito. Bioscience: 45:326
8. WAAGE, J.K. (November 1979) The Evolution of Insect/ Vertebrate Associations. Biological Journal of the Linnean Society: 12:195
9. KLOWDEN, M.J. (1995) Blood, Sex and the Mosquito. Bioscience: 45:327

# ഔദാര്യം

ഔദാര്യം എന്ന സദ്ഗുണത്തെ പറ്റി അല്ലാഹുവിന്റെ കൽപ്പനയും
റസൂൽ തിരുമേനി(സ)യുടെ ഉപദേശങ്ങളും

**സമ്പാ: സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ**

**പരസ്പരം ഔദാര്യം കാണിക്കാനുള്ള ഒരവസരവും പാഴാക്കിക്കളയരുത്**
**(വിശുദ്ധ ഖുർആൻ 2:238)**

തിരുനബി (സ) അരുൾ ചെയ്തു.

1. സത്യ വിശ്വാസം കഴിഞ്ഞാൽ ജനങ്ങളോട് കാരുണ്യം കാണിക്കലാണ് ഏറ്റവും വലിയ നന്മ.
2. തന്റെ സഹോദരന് നന്മ ചെയ്യാൻ കഴിവുള്ള ഒരാൾ അക്കാര്യം ഉടൻ ചെയ്തു തുടങ്ങണം.
3. നിങ്ങൾ ഒരാളോട് തെറ്റായി പ്രവർത്തിച്ചു പോയാൽ അയാൾക്ക് ഉപകാരം ചെയ്യാൻ ബദ്ധപ്പെടുക.
4. തന്റെ കൂട്ടുകാരനെ ബഹുമാനിക്കുന്നത് ഏറ്റവും ഉത്തമമായ സ്വഭാവമാകുന്നു.
5. സ്വസഹോദരനോട് നന്മ വിചാരിക്കുകയാണെങ്കിൽ അതയാളോട് പറയണം.
6. ഒരു നല്ല ഉദ്ദേശ്യം ആരംഭിക്കുന്നതിലും പുണ്യമായിട്ടുള്ളത് അത് പൂർത്തിയാക്കലാണ്.
7. ജനങ്ങളിൽ വെച്ച് ഏറ്റവും കൊള്ളരുതാത്തവൻ അല്ലാഹുവിന്റെ പേരിൽ ഒരുപകാരം ആവശ്യപെട്ടാൽ ആ അപേക്ഷ തള്ളിക്കളയുന്നവനാണ്.
8. ചോദിക്കാതെ നിങ്ങൾക്ക് വല്ലതും ലഭിച്ചാൽ അത് ഭുജിക്കുകയും അതിലൊരു ഭാഗം ദാനമായി നൽകുകയും ചെയ്യുവിൻ.
9. മറ്റൊരാളുടെ നഗ്നത മറച്ചുകളയുന്നവൻ മരിച്ച ഒരാളിനെ ജീവിപ്പിച്ചവനെ പോലെയാകുന്നു.
10. കൂട്ടത്തിലായിരിക്കെ ഒരാളുടെ അന്തസ്സിന് ക്ഷതമേൽപ്പിക്കപെട്ടാൽ അവന് പ്രതിരോധം നൽകുക. അക്രമിയെ ശാസിക്കുകയും സ്ഥലം വിട്ടൊഴിയുകയും ചെയ്യുക.
11. ആരിൽ നിന്ന് നന്മ പ്രതീക്ഷിക്കുന്നുവോ അയാളത്രെ നിങ്ങളിൽ ഉൽകൃഷ്ടൻ. ആരിൽ നിന്ന് ഒരു നന്മയും പ്രതീക്ഷിക്കപ്പെടാതെയും ആരുടെ മോശമായ കാര്യങ്ങളിൽ നിന്ന് നിങ്ങൾ സുരക്ഷിതരും അല്ലയോ അയാളത്രെ നിങ്ങളിൽ ഏറ്റവും അപകൃഷ്ടൻ.
12. നിങ്ങൾ കൊടുക്കുന്നതിനൊത്തു നിങ്ങൾക്ക് ലഭിക്കും.
13. പാവങ്ങളോടൊപ്പം കൂടിക്കഴിയുവിൻ, അവരോട് സ്നേഹം കാട്ടുവിൻ.
14. മനുഷ്യ പുത്രാ, നിന്റെ ആവശ്യത്തിൽ കവിഞ്ഞുള്ളത് ഒരഗതിക്ക് നൽകിയിരുന്നുവെങ്കിൽ നിനക്കെത്ര നന്നായിരുന്നു. നീ അത് അടക്കി വെക്കുന്നതു നിനക്ക് ദോഷമാണ്. എന്നാൽ നിന്റെ ആവശ്യങ്ങൾക്ക് മതിയായത്ര സൂക്ഷിക്കുന്നുവെങ്കിൽ തെറ്റൊന്നുമില്ല. കൊടുക്കുന്ന കൈ വാങ്ങുന്ന കൈയേക്കാൾ ഉത്തമമായതാണ്.
15. തിരുനബി (സ) അനസ് ഇബ്നു മാലിക്കി(റ)നോട് അരുളി : മകനേ, പ്രഭാതം മുതൽ പ്രദോഷം വരെ ആരോടും പകയില്ലാത്ത വിധം നിന്റെ ഹൃദയത്തെ നിനക്ക് ആക്കി തീക്കാമെങ്കിൽ അപ്രകാരം തന്നെ നിന്റെ ഹൃദയത്തെ ആക്കി തീർക്കുക.
16. അല്ലാഹുവിന്റെ ക്ഷമാഗുണം അവന്റെ ദാസന്മാർ ഭൂമിയിൽ ചെയ്യുന്ന ദുഷ്കൃത്യങ്ങൾ മറച്ചു കളയുന്നു.
17. തിരുനബി(സ) ഒരിക്കലും തന്റെ കൈകൊണ്ട് ഒരാളേയും അടിച്ചിട്ടില്ല. സ്ത്രീയെയാകട്ടെ ഭൃത്യനെയാകട്ടെ ദൈവമാർഗത്തിൽ അവിടുന്ന് പ്രവർത്തിച്ചുവെങ്കിലും പ്രതികാരപരമായി ആർക്കും ഊനം വരുത്തിയിട്ടില്ല. എന്നാൽ ദൈവകൽപ്പനയെന്തെങ്കിലും ലംഘിച്ചാൽ സർവശക്തനായ അല്ലാഹുവിന്റെ നാമത്തിൽ ആ ശിക്ഷ നടത്തും.

# സ്വർഗവും കർമാനുഷ്ഠാനവും

സ്വർഗം നിശ്ചലമായ ഒരിടമല്ല. അവിടെയും മനുഷ്യന് പുരോഗതിയും വികാസവുമുണ്ട്.

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

പരലോകത്ത് മനുഷ്യന്റെ കർമങ്ങൾ അവസാനിക്കുമോ? അവിടെ അവൻ വയസ്സായ ഒരാളെ പോലെ തീറ്റയും കുടിയിലും മാത്രം നിരതനായിരിക്കുമോ? അതോ ഏതെങ്കിലും കർമ്മത്തിൽ ഏർപ്പെട്ടിരിക്കുമോ?

മനുഷ്യന്റെ ജീവിതം തന്നെ കർമങ്ങളാകുന്നു. എന്നതാകുന്നു ഇതിന് നൽകാനുള്ള ഉത്തരം ഒരാളെ അയാളുടെ കർമങ്ങളിൽ നിന്നും വേർപ്പെടുത്തുക എന്നു വെച്ചാൽ അയാളുടെ ജീവിതം ഉപയോഗ ശൂന്യമാക്കുക എന്നർഥമാകുന്നു. കർമരഹിതമായ ജീവിതം മരണത്തെക്കാൾ ചീത്തയാകുന്നു. നിഷ്ക്രിയമായ ജീവിതം നല്ലൊരു കാര്യമാണെങ്കിൽ ഈ ലോകത്തെ അലസ ജീവിതം നയിക്കുന്നവരെല്ലാം ഉത്തമന്മാരായി പരിഗണിക്കപ്പെട്ടിരിക്കുമായിരുന്നു സക്രിയമായ ജീവിതത്തിന്റെ ആനന്ദം നുകർന്നിട്ടുള്ളവർക്കറിയാം, കർമവും കർമത്തിലുള്ള മുന്നേറ്റവുമാണ് യഥാർഥത്തിലുള്ള ആനന്ദവും സുഖവുമെന്ന്. ഉദാസീനമായ ജീവിതം വിഡ്ഢിയുടെ സ്വർഗമാണ്; ബുദ്ധിയുള്ളവരാരും അതിനെ നന്മയായി കാണുകയില്ല. ഖുർആൻ പറയുന്നു:

അവരുടെ മുന്നിലും വലത് വശത്തും അവരുടെ പ്രകാശം പ്രസരിച്ചു കൊണ്ടിരിക്കും, ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചു തരേണമേ; ഞങ്ങൾക്ക് പൊറുത്തു തരേണമേ, തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. (66:9)

അതായത് ഓരോ വിശ്വാസിയും പുരോഗതിപ്പെട്ടുകൊണ്ടിരിക്കുകയും പുതിയ പുതിയ പടവുകൾ കണ്ടു കൊണ്ടിരിക്കുകയും അത് പ്രാപിക്കാനുള്ള ആഗ്രഹത്തോടെ അതിന് വേണ്ടി പരിശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ വീണ്ടും പറയുന്നു.

ഒരു സത്യവിശ്വാസിക്ക് സ്വർഗത്തിൽ തളർച്ച അനുഭവപ്പെടുകയില്ല. (15: 49)

സ്വർഗത്തിലും കർമം ഉണ്ടാകാമെന്നും എന്നാൽ അത് തളർച്ചയും ക്ഷീണവും സൃഷ്ടിക്കുകയില്ലെന്നും ഇതു മനസ്സിലാക്കിതരുന്നു. വീണ്ടു ഖുർആൻ പറയുന്നു:

അല്ലയോ ശാന്തിപ്രാപിച്ച ആത്മാവേ, നീ നിന്റെ നാഥനിലേക്ക് മടങ്ങുക, സംതൃപ്തനായും പ്രീതിപ്പെട്ടവനായും കൊണ്ട്. എന്നിട്ട് എന്റെ ഉത്തമ ദാസരിൽ ചേർന്നു കൊള്ളുക. (89:28–31) അവിടെ ദൈവത്തിന്റെ കുറ്റമറ്റ എല്ലാ ഗുണങ്ങളും വെളിപ്പെടുമാറാകുന്നു,

മനുഷ്യൻ ഈ ലോകത്തു വെച്ചും കർമങ്ങൾ അനുഷ്ഠിക്കുന്നുവെങ്കിലും യഥാർഥമായ കർമങ്ങളുടെ കാലം മരണത്തിന് ശേഷമാണ് ആരംഭിക്കുന്നത്. അപ്പോഴാണ് ഒരു സത്യ വിശ്വാസി ദൈവത്തിന്റെ യഥാർഥ ദാസനായി തീരുന്നത്. എന്തു കൊണ്ടെന്നാൽ, ദൈവത്തിന്റെ ഗുണങ്ങൾ തന്നിൽ ലയിപ്പിക്കാനുള്ള പൂർണമായ അവസരം അവന് കൈവരുന്നത് അപ്പോൾ മാത്രമാണ്.

ആകയാൽ മനുഷ്യന്റെ കർമങ്ങൾ അവിടെ അവസാനിക്കുന്നതല്ല. മറിച്ചു അത് വർധിക്കുകയാണ് ചെയ്യുക. വിശുദ്ധ നബി (സ)പറയുന്നു:

സ്വർഗത്തിൽ വിശ്വാസികൾക്ക് തസ്ബീഹുകളും തക്ബീറുകളും വെളിപാടുകൾ മുഖേന പഠിപ്പിക്കപ്പെടും.

ദൈവകീർത്തനത്തിനുള്ള പുതിയ സ്ത്രോത്രവചനങ്ങളും കീർത്തന വാക്യങ്ങളും പഠിപ്പിക്കപ്പെടും എന്നല്ല ഇപ്പറഞ്ഞതിന്റെ അർഥം. ഈ ജോലി അവൻ ചെയ്തുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ ഔന്നത്യവും മഹത്വവും മനസ്സിലാക്കിത്തരുന്ന പുതിയ പുതിയ ഗുണവിശേഷങ്ങൾ അവനു വെളിപ്പെടുത്തിക്കൊടുക്കുകയും അതുവഴി ആ ഗുണങ്ങളും തന്നിൽ പകർത്തുവാൻ അവൻ പരിശ്രമിക്കുകയും ചെയ്യും എന്നാണ് ഇപ്പറഞ്ഞതിന്റെ അർഥം.

മുമ്പു അറിയപ്പെട്ടിട്ടില്ലാത്ത ആ പുതിയ ഗുണ വിശേഷങ്ങൾ എന്തൊക്കെയാണെന്ന് ആരെങ്കിലും ചോദിച്ചു എന്നു വരാം. ആ ഗുണവിശേഷങ്ങൾ ഇപ്പോൾ അറിയുമാറില്ലേ? മനുഷ്യന് അവന്റെ

ഇന്ദ്രിയങ്ങൾ മുഖേന പഠിക്കാനാകുന്ന അറിവുകൾ മാത്രമേ ആർജിക്കുവാൻ സാധിക്കുകയുള്ളൂ. ആകയാൽ നമ്മുടെ ഇപ്പോഴത്തെ അറിവ് നമ്മുടെ ഐന്ദ്രിക ജ്ഞാനത്തിന്റെ പരിസീമകളിൽ മാത്രം ഒതുങ്ങുന്നതാണ്. നമ്മുടെ ഇന്ദ്രിയങ്ങളുടെ ഇപ്പോഴത്തെ ഗ്രാഹക ശക്തി വച്ചു നോക്കുമ്പോൾ ഈ അറിവുകൾ പരിപൂർണം തന്നെ. എന്നാൽ പുതിയ ജ്ഞാനേന്ദ്രിയങ്ങൾ മനുഷ്യൻ സ്വായത്തമാക്കുമ്പോൾ ദൈവത്തിന്റെ പുതിയ സിഫത്തുകൾ അഥവാ പുതിയ ഗുണങ്ങൾ അവനു ഗോചരമാകുന്നതാണ്. ദൈവം അപാരനായിരിക്കയാൽ ജ്ഞാന സിദ്ധിയിലും സൂക്ഷ്മമായ അറിവിലും മനുഷ്യൻ അഭിവൃദ്ധി പ്രാപിച്ചു കൊണ്ടു പോവും. ഒരോ പുതിയ അറിവും ഓരോകർമ മണ്ഡലം തുറന്നിടുന്നതും അതു തുടർന്നു കൊണ്ടു പോകുന്നതുമാണ്. ദിവസം തോറും അഥവാ കാലഗതിക്കൊപ്പം മനുഷ്യന്റെ ഈ സൂക്ഷ്മമായ അറിവുകൾ , ദൈവം അറ്റം പെടാത്തവനായിരിക്കയാൽ, വർദ്ധിച്ചു കൊണ്ടേ് പോകുന്നതാണ്.

ഈ ലോകം ഒരു കർമഭൂമിയായിരിക്കുന്നത് പോലെ സ്വർഗവും ഒരു കർമരംഗമാകുന്നു. അല്ല അതിലുപരിയായിട്ടുതന്നെ. വ്യത്യാസം ഇത്രമാത്രം ഈ ലോകത്ത് മനുഷ്യൻ പരാജയപ്പെടാനിടയുണ്ട്. താഴോട്ട് പതിക്കാനും സാധ്യതയുണ്ട്. പരലോകത്താകട്ടെ ഇത്തരം വിപത്തുകളൊന്നുമില്ല. ആത്മീയ ജ്ഞാനം സംബന്ധിച്ചിടത്തോളം ഈ ലോകം ഒരു പള്ളിക്കൂടം പോലെയാണ്. അവിടെ ഒരാൾ തോൽക്കുകയോ ജയിക്കുകയോ ചെയ്യാം. എന്നാൽ, പരലോകജീവിതം യൂണിവേഴ്സിറ്റി പരീക്ഷ പാസ്സായശേഷം ശാസ്ത്രീയ ഗവേഷണത്തിലേർപ്പെടുന്ന ഒരാളുടെ നിലയോട് ഉപമിക്കാവുന്നതാണ്. ഇയാൾ കഠിനജോലി ചെയ്യുന്നു. ചിലപ്പോൾ അയാളും കോളേജ് വിദ്യാർഥിയും തമ്മിലുള്ള വ്യത്യാസം, കോളേജ് വിദ്യാർഥി താൻ പരാജയപ്പെട്ടു പോകുമോ എന്ന ഭയത്തിനു വിധേയനാണെങ്കിൽ മറ്റേയാൾക്ക് അത്തരം ഒരു ഭയവും ഉണ്ടാകുന്നില്ല എന്നതത്രേ.

മുകളിൽ നൽകിയ വിവരം വ്യക്തമാക്കുന്നത് സ്വർഗത്തിലെ യഥാർഥമായ അനുഗ്രഹങ്ങളും യഥാർഥമായ സുഖാനുഭൂതികളും ആത്മീയ പുരോഗതിയിലാണ് അടങ്ങിയിരിക്കുന്നതെന്നും പൊതുവേ ആരോപിക്കപ്പെടുന്നത് പോലെ ശാരീരികമായ ഇച്ഛകളുടെ തൃപ്തിയല്ലെന്നും ആകുന്നു. ഏറ്റവും മഹത്തായ സ്വർഗീയ അനുഗ്രഹം ദൈവ സംതൃപ്തിയാണ്.

അല്ലാഹുവിൽ നിന്നുമുള്ള പ്രീതിയാണ് എല്ലാത്തിലും മഹത്തരമായിട്ടുള്ളത്. (9:72)

തിരുനബി(സ)യുടെ അരുളപ്പാടനുസരിച്ച് സ്വർഗത്തിലെ ഏറ്റവും വലിയ ആനന്ദം ദൈവ ദർശനമത്രെ. ചുരുക്കത്തിൽ ഒരു മുസ്ലിമിന്റെ സ്വർഗം യഥാർഥ ജ്ഞാനാർജനത്തിലും ആ ജ്ഞാനമനുസരിച്ചുള്ള സൽക്കർമങ്ങളിലും അതോടൊപ്പം മേൽ രണ്ടു മാർഗങ്ങളിലൂടേയും സാദ്ധ്യമായിത്തീരുന്ന ദൈവസാമീപ്യത്തിലും സായൂജ്യത്തിലുമാകുന്നു. ഇതിനേക്കാൾ മഹത്തരമായിട്ടുള്ള ഒരു ലക്ഷ്യത്തേക്കുറിച്ച് മനുഷ്യന് നിരുപിക്കാൻ കഴിയില്ല!

## തിരുനബി(സ)യുടെ അന്ത്യനിമിഷങ്ങൾ

ആയിശ(റ)യിൽ നിന്ന് നിവേദനം. 'എന്റെ വീട്ടിൽ വെച്ച് എന്റെ നെഞ്ചിൽ കിടന്നുകൊണ്ടാണ് തിരുനബി(സ) പരലോകം പ്രാപിച്ചത്. അത് അല്ലാഹു എനിക്ക് തന്ന ഒരനുഗ്രഹമത്രെ. മരണവേളയിൽ അല്ലാഹു എന്റെയും തിരുനബി(സ) യുടെയും തുപ്പുനീരുകൾ ഒന്നിച്ചുചേർത്തു. കൈയിൽ ഒരു മിസ്‌വാക്കുമായി അബ്ദുറഹിമാൻ എന്റെ അടുക്കൽ കടന്നുവന്നു. ഞാൻ തിരുമേനി (സ)യെ താങ്ങിയിരിക്കുകയായിരുന്നു. അപ്പോൾ തിരുമേനി(സ) അബ്ദുറഹിമാന്റെ നേരെ നോക്കുന്നതുകണ്ടു. തിരുമേനി(സ) പല്ലു തേക്കാൻ ഇഷ്ടപ്പെടുന്നുണ്ട് എന്ന് എനിക്ക് മനസ്സിലായി. അന്നേരം ഞാൻ ചോദിച്ചു: 'അങ്ങേയ്ക്കുവേണ്ടി ഞാനത് വാങ്ങട്ടെയോ?' തിരുമേനി(സ) സമ്മതഭാവത്തിൽ തലയാട്ടി അപ്പോൾ ഞാനത് വാങ്ങി. അത് വളരെ കടുപ്പമുള്ളതായിരുന്നു. ഞാൻ ചോദിച്ചു. 'അങ്ങേയ്ക്കുവേണ്ടി ഞാനതു പല്ലുകൊണ്ട് ചതച്ച് മൃദുവാക്കട്ടെയോ? അപ്പോഴും തിരുമേനി(സ) സമ്മതഭാവത്തിൽ തലയാട്ടി. ഞാനത് മൃദുവാക്കി കൊടുത്തു. തിരുമേനി(സ) അതുകൊണ്ട് ദന്തശുദ്ധിവരുത്തി. തിരുമേനി(സ)യുടെ മുൻപിൽ ഒരു വെള്ളപ്പാത്രമുണ്ടായിരുന്നു. അവിടുന്ന് ആ പാത്രത്തിൽ കയ്യിട്ട് തന്റെ മുഖത്ത് തടവിക്കൊണ്ട് ഇങ്ങനെ അരുളി. "ലാ ഇലാഹ ഇല്ലല്ലാഹു, മരണത്തിന് ചില വെപ്രാളങ്ങളുണ്ട്" അനന്തരം അവിടുന്ന് തന്റെ കൈയുയർത്തിക്കൊണ്ട് ഇങ്ങനെ പ്രാർത്ഥിച്ചു. "അല്ലാഹുവെ ഉന്നതരായ സുഹൃത്തുക്കളുടെ കൂട്ടത്തിൽ എന്നെ എത്തിക്കേണമേ." അവസാനം അവിടുത്തെ ജീവൻ വിട്ടുപിരിഞ്ഞു. കൈകൾ തളർന്നുചാഞ്ഞു.

– ബുഖാരി

# ബൈബിളിലില്ലാത്ത ത്രിത്വ വാദം

ക്രിസ്ത്യാനികളുടെ അടിസ്ഥാന വിശ്വാസമായ ത്രിത്വം യേശു പ്രബോധിച്ചതായി ബൈബിളിൽ യാതൊരു തെളിവുമില്ല എന്നത് ക്രിസ്തുമതം മറുപടി പറയേണ്ട ഒരു വെല്ലുവിളി തന്നെയാണ്.

**അതാവുൽ മുജീബ് റാശിദ്**

ക്രിസ്തുമതത്തിന്റെ അടിസ്ഥാന വിശ്വാസ പ്രമാണം ത്രിത്വമാണ്. അത് കൊണ്ട് ത്രിത്വ സിദ്ധാന്തത്തെ പറ്റി ബൈബിൾ പ്രാമാണികമായി തന്നെ വ്യാപകമായും ആവർത്തിച്ചും വിശദീകരിക്കേണ്ടതുണ്ടെന്ന് നമ്മുടെ യുക്തി ആവശ്യപ്പെടുന്നു. ത്രിത്വത്തിന്റെ അസ്തിത്വം ചരിത്രപരമായും തെളിയി ക്കേണ്ടതുണ്ട്. അതായത് പൗരാണിക കാലം മുതൽ തന്നെ ഈ സിദ്ധാന്തത്തിന്റെ സാന്നിദ്ധ്യം തെളിയിക്കണം. അത്ഭുതകരമെന്ന് പറയട്ടെ ക്രിസ്ത്യാനികൾ അഭിമാന പൂർവം വിശ്വസിക്കുന്ന ത്രിത്വ സിദ്ധാന്തം രണ്ട് വീക്ഷണ കോണിലും തെറ്റാണെന്ന് തെളിയുന്നു. യേശു ഒരിക്കലും ത്രിത്വം പ്രബോധിച്ചതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. ക്രിസ്ത്യാനികൾ ത്രിത്വത്തെ പറ്റി ബൈബിളിൽ സൂചനയുണ്ടെന്ന് പറഞ്ഞ് ഈ വാദത്തെ എതിരിടാറുണ്ട്. ഉദാഹരണത്തിന് മത്തായി 28: 19* ലെ പരാമർശം. ഈ വചനത്തിൽ മൂന്ന് അസ്തിത്വങ്ങളെക്കുറിച്ച് കേവലം പരാമർശിച്ചത് കൊണ്ട് മാത്രം ത്രിത്വത്തെ സ്ഥാപിക്കലാവുന്നില്ല. ഈ പരാമർശം ശരിയാവണമെന്നില്ല. അതിനെപറ്റി യേശു പരാമർശിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ ത്രിത്വത്തെപറ്റി പരാർശിക്കേണ്ടതിന് പകരം യേശു എപ്പോഴും ദൈവത്തിന്റെ ഏകത്വത്തെപറ്റിയും അവനെ ആരാധിക്കേണ്ടതിനെപ്പറ്റിയുമാണ് പറഞ്ഞത്. ഈ വസ്തുത തെളിയിക്കുന്നതിന്റെ ചില ഉദാഹരണങ്ങൾ.

***'ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശു ക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ.' (യോഹ: 17:3)***

***'നീ എന്തിന് എന്നെ നല്ലവൻ എന്നു വിളിക്കുന്നു. ദൈവം അല്ലാതെ മറ്റൊരു നല്ലവൻ ഇല്ല.'(ലൂക്ക: 18:19)***

***യേശു പറഞ്ഞു: 'പരമ പ്രധാനമായത് ഇതാണ്, അല്ലയോ ഈസ്റായേൽ കേൾക്കൂ, നമ്മുടെ ദൈവമായ കർത്താവാകുന്നു ഏക കർത്താവ്.' (മാർക്ക് 12:29)***

യേശുവിന്റെ ജീവചരിത്രം ആകമാനം നാം പരിശോധിക്കുകയാണെങ്കിൽ അദ്ദേഹം എപ്പോഴും ദൈവത്തിന്റെ ഏകത്വം മാത്രമാണ് പ്രേഷണം ചെയ്തതായി മനസ്സിലാക്കാൻ സാധിക്കുക ത്രിത്വത്തെ പറ്റി അദ്ദേഹം പ്രബോധനം ചെയ്ത ഏതെങ്കിലുമൊരു സംഭവം ചൂണ്ടിക്കാട്ടുവാൻ സാധ്യമല്ല. അദ്ദേഹം സ്വയം തന്നെ ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുക മാത്രമല്ല അത് മറ്റുള്ളവരിൽ പ്രചരിപ്പിച്ചതായി നിരവധി സംഭവങ്ങൾ ബൈബിളിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ കുരിശ് സംഭവത്തിന് മുമ്പായി നടന്ന ബൈബിൾ വിവരണങ്ങൾ ഈ വസ്തുത വ്യക്തമായി തെളിയിക്കുന്നു.

യേശുവിനെ കുരിശിക്കാൻ വേണ്ടി കുറ്റമാരോപിച്ച് യഹൂദികൾ പിടിച്ചപ്പോൾ എന്തായിരുന്നു വാസ്തവത്തിൽ അദ്ദേഹത്തിൽ ചാർത്തപ്പെട്ട കുറ്റം? അദ്ദേഹം ദൈവത്തിൽ പങ്കുകാരനാണെന്ന് സ്വയം വാദം ഉന്നയിച്ചു എന്നതായിരിക്കണമല്ലോ അദ്ദേഹത്തിൽ ആരോപിക്കപ്പെട്ട കുറ്റം. അതായത് ദൈവത്തിന്റെ അസ്തിത്വ സങ്കൽപ്പത്തിലെ ഒരംശം താനാണെന്ന് യേശു വാദിച്ചു എന്ന യോഹാന്നന്റെ സുവിശേഷ പ്രകാരം യേശുവിചാരണ വേളയിൽ ചോദ്യം ചെയ്തപ്പോൾ യേശു പറഞ്ഞ കാര്യം ബൈബിൾ വിവരിക്കുന്നു:

***'മഹാ പുരോഹിതന്മാർ യേശുവിനോട് അവന്റെ ശിഷ്യന്മാരേയും അവന്റെ പ്രബോധനത്തെയും കുറിച്ച് ചോദിച്ചു. യേശു പറഞ്ഞു: ഞാൻ ലോകത്തോട് പരസ്യമായി സംസാരിച്ചു. എല്ലാ യഹൂദരും ഒന്നിച്ചു കൂടുന്ന സിനഗോഗുകളിലും ദേവാലയത്തിലും വച്ചാണ് ഞാൻ എപ്പോഴും സംസാരിച്ചത്. ഞാൻ ഒന്നും രഹസ്യമായി പറഞ്ഞിട്ടില്ല. പിന്നെയെന്തിന് എന്നോട് ചോദിക്കണം? ഞാൻ എന്താണ് പറഞ്ഞതെന്ന് കേട്ടവരോട് ചോദിക്കുക. ഞാൻ പറഞ്ഞത് അവർക്കറിയാം' (യോഹ: 18:10)***

യേശു തന്റെ പ്രബോധനം പരസ്യമായിട്ടാണ് നടത്തിയതെന്ന് ഈ വചനം തെളിയിക്കുന്നു. അദ്ദഹം പ്രവാചകന്മാരുടെ പാരമ്പര്യം പിന്തുടർന്ന് കൊണ്ട് സത്യം യാതൊന്നും മറച്ചുവെക്കാതെ എല്ലാം പരസ്യ മായി പറയുകയാണ് ചെയ്തത്. ഈ സാഹചര്യത്തിൽ അദ്ദേഹം യഹൂദന്മാർക്ക് അഹിതകരമായ ദൈവദൂഷണം (ത്രിത്വവാദം) പറയുകയാണെങ്കിൽ പരസ്യമായി പറഞ്ഞ അക്കാര്യം കേട്ട ആയിരക്കണക്കിന് ശ്രോതാക്കളുണ്ടാകുമായിരുന്നു. പക്ഷേ അതൊരിക്കലും സംഭവിച്ചിട്ടില്ല. അതിന് വിരുദ്ധമായി യേശുവിന്റെ വിശ്വാസമില്ലായ്മ തെളിയിക്കാൻ നിരവധി സാക്ഷികളുണ്ടാകുമായിരുന്നു. പക്ഷേ അതൊരിക്കലും സംഭവിച്ചിട്ടില്ല. അതിന് വിരുദ്ധമായി യേശുവിന്റെ വിശ്വാസമില്ലായ്മ തെളിയിക്കാൻ ഒരു സാക്ഷിയെ പോലും ഹാജരാക്കാൻ അവർക്ക് സാധിച്ചിട്ടില്ല. യഹൂദ പുരോഹിത മുഖ്യൻ കള്ളസാക്ഷികളെ പോലും ഹാജരാക്കി നോക്കി. പക്ഷേ അവർക്ക് കെട്ടി ചമച്ച ആരോപണം തെളിയിക്കാൻ സാധിച്ചില്ല. അത് ഇപ്രകാരം ബൈബിളിൽ രേഖപ്പെട്ടു കിടക്കുന്നു:

***‘കാര്യം എങ്ങനെ കലാശിക്കാം എന്നു കാണാൻ അയാൾ അകത്തുകടന്നു പരിചാരകരുടെ കൂടെ ഇരുന്നു മുഖ്യ പുരോഹിതരും സംഘം മുഴുവനും യേശുവിന് മരണശിക്ഷ വിധിക്കാൻ അവന് എതിരെ കള്ളതെളിവുകൾ കിട്ടുമോ എന്ന് നോക്കി. പല കള്ള സാക്ഷികളും മുന്നോട്ടുവന്നെങ്കിലും തെളിവൊന്നും അവർക്ക് കിട്ടിയില്ല.’ (മത്തായി. 26:59-60)***

***‘മുഖ്യപുരോഹിതരും സംഘം മുഴുവനും യേശുവിന്ന് മരണശിക്ഷവിധിക്കാൻ അവന്ന് എതിരെ തെളിവുകൾ കിട്ടുമോ എന്നു നോക്കി. എന്നാൽ തെളിവൊന്നും അവർക്ക് കിട്ടിയില്ല. പലരും യേശുവിനെതിരെ കള്ളസാക്ഷ്യങ്ങൾ പറഞ്ഞെങ്കിലും അവരുടെ മൊഴികൾക്ക് പൊരുത്തം ഇല്ലായിരുന്നു. ചിലർ എഴുന്നേറ്റു അവനെതിരെ കള്ളസാക്ഷ്യം പറഞ്ഞു. മനുഷ്യ കരങ്ങൾക്കൊണ്ട് നിർമ്മിച്ച ദേവാലയം ഞാൻ നശിപ്പിക്കും മനുഷ്യ കരങ്ങൾക്കൊണ്ട് നിർമ്മിക്കാത്ത മറ്റൊന്ന് മൂന്ന് ദിവസം കൊണ്ട് ഞാൻ പണിയുകയും ചെയ്യും എന്ന് ഇവൻ പറയുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്. എന്നിട്ടും അവരുടെ മൊഴികൾ പൊരുത്തപ്പെട്ടിട്ടില്ല.’ (മാർക്ക് 14:55-59)***

യേശുവിനെതിരെ യഹൂദികൾ നടത്തിയ ദുരാരോപണങ്ങൾ തെളിയിക്കാൻ സത്യ സാക്ഷികളെ ഹാജരാക്കുവാൻ അവർക്ക് സാധിച്ചിരുന്നില്ല. അത് ഈ ബൈബിൾ പരാമർശങ്ങളിൽ നിന്ന് വളരെ വ്യക്തമാണ്. അവരുടെ ആരോപണങ്ങളിൽ നീതിമാനായ ന്യായാധിപൻ അതൃപ്തി രേഖപ്പെടുത്തി.

***‘പീലാത്തോസ് മുഖ്യ പുരോഹിതനോടും ജനത്തോടും പറഞ്ഞു: ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല.’ (ലൂക്ക് 23:4)***

***‘അപ്പോൾ പീലാത്തോസ് മുഖ്യപുരോഹിതരേയും പ്രമാണികളെയും ജനങ്ങളെയും വിളിച്ചു കൂട്ടിപ്പറഞ്ഞു: ജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്ന കുറ്റം ആരോപിച്ച് ഈ മനുഷ്യനെ നിങ്ങൾ എന്റെ അടുക്കൽ കൊണ്ടു വന്നു. ഇതാ നിങ്ങളുടെ മുമ്പേ വെച്ച് പരിശോധിച്ചിട്ടും നിങ്ങൾ ആരോപിക്കുന്ന കുറ്റമൊന്നും ഈ മനുഷ്യനിൽ ഞാൻ കണ്ടില്ല. ഹെറോദോസും കണ്ടില്ല. കാരണം അയാൾ ഇവനെ മടക്കി അയച്ചിരിക്കുന്നു. ഇതാ മരണ ശിക്ഷ അർഹിക്കുന്നതൊന്നും ഇവൻ ചെയ്തിട്ടില്ല.’ (25:15-15)***

***‘പിലാത്തോസ് ചോദിച്ചു: എന്താണ് സത്യം? ഇത് ചോദിച്ച ശേഷം അയാൾ വീണ്ടും യഹൂദരുടെ അടുക്കൽ ചെന്ന് പറഞ്ഞു: ഞാൻ ഇവനിൽ കുറ്റമൊന്നും കാണുന്നില്ല.’ (യോഹ: 18:, 38) ‘താൻ വിചാരിച്ചാൽ നടക്കാൻ പോകില്ലെന്നും മറിച്ച് ഒരു ലഹള ഉണ്ടായേക്കാമെന്നും തോന്നിയിട്ട് പീലാത്തോസ് കുറച്ച് വെള്ളം എടുത്ത് ജനക്കൂട്ടത്തിന്ന് മുമ്പാകെ കൈകഴുകി പറഞ്ഞു: ഈ മനുഷ്യന്റെ രക്തത്തിൽ എനിക്ക് പങ്കില്ല. നിങ്ങൾ തന്നെ അത് ഏറ്റുകൊള്ളുക.’ (മത്തായി 27:24)***

ത്രിത്വത്തിനെതിരെ ഞങ്ങളുടെ വാദമിതാണ്. കോടതിയിൽ ഏക ദൈവത്തിൽ വിശ്വസിക്കുന്ന യഹൂദരുണ്ടായിരുന്നുവല്ലോ. ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും ഇന്ന് വിശ്വസിക്കുന്നത് പോലെ ത്രിത്വത്തെക്കുറിച്ച് യേശു പ്രബോധിച്ചിരുന്നുവെങ്കിൽ യഹൂദന്മാർ അക്കാര്യം കോടതിയിൽ സ്ഥാപിക്കുമായിരുന്നു. തീർച്ചയായും യഹൂദികളുടെ മതവിശ്വാസത്തിന്നെതിരെ ദൈവദൂഷണം പറഞ്ഞതായും അതു വഴി യേശു കുറ്റവാളിയാണെന്ന് എളുപ്പത്തിൽ സ്ഥാപിക്കാനും സാധിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മേലുള്ള ദൈവദൂഷണ കുറ്റം തെളിയിക്കപ്പെട്ടിട്ടില്ലെന്ന് മാത്രമല്ല, അദ്ദേഹത്തിനെതിരെ കോടതിയിൽ ഹാജരാക്കിയ സാക്ഷി കളെല്ലാം കള്ളസാക്ഷികളാണെന്ന് തെളിയുകയുമാണുണ്ടായത്.

യേഹന്നാൻ രേഖപ്പെടുത്തുന്നു: ഞാൻ ലോകത്തോട് പരസ്യമായി സംസാരിച്ചു ( യോഹ: 18:20)

വാസ്തവത്തിൽ ത്രിത്വത്തെക്കുറിച്ച് യേശു പ്രബോധിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ആയിരക്കണക്കിനാളുകൾ സാക്ഷികളായി എളുപ്പത്തിൽ ലഭിക്കുമായിരുന്നു. അദ്ദേഹമാകട്ടെ പരസ്യമായിട്ടാണ് തന്റെ വിശ്വാസ പ്രഖ്യപനം നടത്തിയത്. ഒന്നും രഹസ്യമായിരുന്നില്ല. യേശു ത്രിത്വം പറഞ്ഞിരുന്നുവെങ്കിൽ അവർക്ക് കള്ള സാക്ഷികളെ ഹാജരാക്കേണ്ടി വരുമായിരുന്നില്ല. യേശു പറഞ്ഞ കാര്യങ്ങൾ യഹൂദ

**ശേഷം പേജ് 42 ൽ**

# പ്രവാചകത്വ പരിസമാപ്തിയും യേശുവിന്റെ രണ്ടാം വരവും

മുഹമ്മദ് നബി (സ) യോടെ എല്ലാ വിധത്തിലുള്ള പ്രവാചകത്വവും അവസാനിച്ചു എന്ന് വാദിക്കുകയും എന്നാൽ പഴയ ഇസ്റയേൽ പ്രവാചകനായ യേശു വീണ്ടും വരുമെന്നുമുള്ള മുസ്‌ലിം വിശ്വാസവും തമ്മിൽ പ്രകടമായ വൈരുദ്ധ്യമുണ്ട്. യുക്തി വിരുദ്ധവും പ്രമാണ വിരുദ്ധവുമായ ഈ സങ്കൽപം മുസ്‌ലിംകൾ തിരുത്തേണ്ടതുണ്ട്.

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ഏതൊരു പ്രവാചകന്റെയും പരിപൂർണ്ണത അദ്ദേഹത്തിന്റെ സന്ദേശവും അതുപോലെ അദ്ദേഹത്തിന്റെ സ്ഥാനവുമായി ബന്ധപ്പെടുത്തി നിരീക്ഷിക്കാവുന്നതാണ്. ഒരു പ്രവാചകന് അദ്ദേഹത്തിന്റെ സന്ദേശത്തിലും അദ്ദേഹത്തിന്റെ സ്ഥാനത്തിലും പരിപൂർണ്ണനാകാവുന്നതാണ്. എന്നാലും അദ്ദേഹത്തിന്റെ പരിപൂർണ്ണതയെ ലംഘിക്കാതെ തന്നെ അദ്ദേഹത്തിന് ശേഷം മറ്റൊരു ചെറിയ പ്രവാചകന് വരാവുന്നതാണ്. പ്രവാചകത്വത്തിന്റെ ഈയൊരു വശമാണ് നാം ഇപ്പോൾ സൂക്ഷ്മമായി പരിശോധിക്കാൻ പോവുന്നത്.

ഖുർആനിക നിയമങ്ങളുടെ പരിപൂർത്തീകരണത്തിലും, ആർക്കാണോ ഈ ഖുർആനിക നിയമം വെളിപ്പെട്ടത് ആ പ്രവാചകന്റെ പ്രവാചകത്വത്തിന്റെ പരിപൂർത്തീകരണത്തിലും മുസ്‌ലിംകളെല്ലാം ഏകകണ്ഠമായി വിശ്വസിക്കുന്നു. സമ്പൂർണ്ണ ജീവിത സംഹിതയായ ഖുർആൻ മനുഷ്യന്റെ യാതൊരു വിധ കൈകടത്തലുകളുമില്ലാതെ സംരക്ഷിക്കപ്പെടുമെന്ന് ഖുർആൻ തന്നെ പ്രഖ്യാപിക്കുന്നു. മുസ്‌ലിംകൾ വിശ്വസിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നത് പോലെ ഈ അവകാശവാദം ശരിയാണെങ്കിൽ അത്തരം ഒരു ഗ്രന്ഥം ഇറക്കപ്പെട്ട പ്രവാചകൻ ന്യായമായും പ്രമാണവാഹകനായ പ്രവാചകനാണെന്ന് അംഗീകരിക്കപ്പെടണം. ഇത് വളരെ വ്യക്തമായും മനസ്സിലാക്കാവുന്ന കാര്യമാണ്. ഇത് മുസ്‌ലിം ലോകം പൂർണ്ണമായും അംഗീകരിക്കുന്നു. പക്ഷേ, അമുസ്‌ലിംകളുടെ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ എല്ലാ കാലത്തേക്കുമുള്ള ആവശ്യങ്ങൾ നിറവേറ്റാനും വരാനിരിക്കുന്ന കാലത്തെ മാറ്റങ്ങൾക്കനുസൃതമായ ആവശ്യങ്ങളെ അവഗണിക്കാനും എങ്ങനെ ഒരു ഗ്രന്ഥത്തിന് കഴിയും എന്ന കാര്യം മനസ്സിലാക്കാൻ പ്രയാസമാണ്. ഇതിനോടൊപ്പം ഖുർആൻ സാർവ്വജനീനമായ ഒരു ഗ്രന്ഥമാണെന്ന അവകാശവാദം പ്രശ്നത്തെ പലമടങ്ങ് വർദ്ധിപ്പിക്കുകയാണ് ചെയ്യുക. ഒരു ദൈവിക ഗ്രന്ഥത്തിന് മനുഷ്യ സമൂഹത്തിന്റെയാകമാനം ഗോത്രീയവും പ്രാദേശികവുമായ എല്ലാ പ്രശ്നങ്ങളേയും തൃപ്തികരമായി എങ്ങനെ വിശദീകരിച്ചു കൊടുക്കാൻ സാധിക്കും? ഇവിടെ യൂറോപ്യൻമാർ, അമേരിക്കക്കാർ, ആഫ്രിക്കക്കാർ അറബികൾ, റഷ്യക്കാർ, ഇസ്രായേലിയർ കൂടാതെ നിരവധി ഏഷ്യൻ വംശജരുമുണ്ട്. അവർക്ക് ഗോത്രീയമായ വിവിധ പശ്ചാത്തലങ്ങളും പരമ്പരാഗതമായ സംസ്കാരങ്ങളുമുണ്ട്. അവരുടെ രാഷ്ട്രീയവും സാമൂഹികവുമായ പാരമ്പര്യങ്ങൾ വളരെയധികം വ്യത്യസ്തങ്ങളാണ്. ഒരു സാർവ്വജനീനമായ മതജീവിത സംഹിതക്ക് ഇവരെയെല്ലാവരെയും തുല്യനീതിയോടെ എങ്ങനെയാണ് തൃപ്തരാക്കാൻ കഴിയുക?

ഈ രണ്ട് ചോദ്യങ്ങളേയും അഭിമുഖീകരിച്ചു കൊണ്ട് ഖുർആൻ പറയുന്നു. അതിന്റെ എല്ലാ അദ്ധ്യാപനങ്ങളും മനുഷ്യ വംശത്തിന് പൊതുവെയുള്ള മാനസിക നിലയുടെ അടിസ്ഥാനത്തിലുള്ളതാണ്. അത് സമയത്തിനനുസരിച്ച് മാറുന്ന

തല്ല. മനുഷ്യന്റെ മാനസിക പ്രകൃതിക്ക് കൃത്യമായും യോജിച്ച നിലയിലുള്ള അധ്യാപനം ഒരിക്കലും മാറ്റത്തിന് വിധേയമല്ല. ഈ തത്ത്വമാണ് ഖുർആൻ സൂചിപ്പിക്കുന്നത്.

*അതിനാൽ ഋജുമാനസനായി നിന്റെ സകല ശ്രദ്ധയും മത(സേവന)ത്തിനായി തിരിച്ചു നിറുത്തുക. ദൈവം ഏതൊരു പ്രകൃതിയിൽ മനുഷ്യനെ സൃഷ്ടിച്ചുവോ ആ പ്രകൃതി(കൈക്കൊള്ളുക). അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല. അതത്രെ എന്നും നിലനിൽക്കുന്ന മതം. പക്ഷേ, മനുഷ്യരിൽ അധികമാളുകളും യാഥാർഥ്യം അറിയുന്നില്ല* ***(30:31)***

തീർച്ചയായും ദൈവം സൃഷ്ടിച്ച പ്രകൃതി ഒരിക്കലും മാറ്റാൻ സാധ്യമല്ല. മനുഷ്യന്റെ പ്രകൃതി സാർവ്വത്രികമായി ചരിത്രാതീതകാലം മുതൽ മാറ്റമില്ലാതെ നിലനിൽക്കുന്നുവെന്ന് നിരീശ്വരവാദികൾവരെ സമ്മതിക്കുന്നതാണ്. മാറ്റമില്ലാത്ത ഈ പ്രകൃതിക്ക് അനുസൃതമായിക്കൊണ്ട് നിലനിൽക്കുന്ന ന്യായപ്രമാണപുസ്തകം സ്വയംതന്നെ മനുഷ്യന്റെ ഇടപെടൽ മൂലം മാറുകയും ചെയ്യുന്നു. ഖുർആൻ ഈ അപകടത്തെ സംബന്ധിച്ച് ജാഗ്രതപ്പെടുത്തിക്കൊണ്ട് ഇതൊരു സുരക്ഷിത ഗ്രന്ഥമാണെന്ന് പ്രഖ്യാപിക്കുന്നു

***സത്യമായും ഈ പ്രബോധന ഗ്രന്ഥം ഇറക്കിയത് നാം തന്നെയാണ്. തീർച്ചയായും നാം അതിനെ സംരക്ഷിക്കുകയും ചെയ്യും (15:10)***

ചരിത്രം ഈ അവകാശവാദം ശരിയാണെന്ന് തെളിയിക്കേണ്ടതുണ്ട്. ആയതിനാൽ ഈ ഗ്രന്ഥം ഇറക്കപ്പെട്ട പ്രവാചകൻ അവസാനത്തെ ന്യായപ്രമാണ വാഹകനായ പ്രവാചകനാണെന്ന് അംഗീകരിക്കേണ്ടതുമുണ്ട്. ഈ അവകാശവാദത്തിൽ യാതൊരു യുക്തിവിരുദ്ധതയുമില്ല. എന്നാൽ ന്യായ പ്രമാണവാഹകരല്ലാത്ത പ്രവാചകൻമാർക്കും, വരാൻ പാടില്ല എന്ന് പറയുമ്പോൾ പരിപൂർത്തീകരണത്തിന്റെ ഈ വിധി പ്രസ്താവം യുക്തിപരമായ യാതൊരു നീതികരണവുമില്ലാതെ അതിലംഘിക്കപ്പെടുകയാണ്. അവർ തങ്ങളുടെ കേവലമായ പരിപൂർത്തീകരണത്തിന്റെ അവകാശവാദം പുറപ്പെടുവിച്ചതിന് ശേഷം അത് തകർക്കാൻ വേണ്ടിയുള്ള ശ്രമത്തിൽ ഏർപ്പെടുന്നു. അവരുടെ സർവ്വവലയിതമായ പരിസമാപ്തിയുടെ നിയമത്തിന് ഈ നിമിഷം മുതൽ വിള്ളൽ സംഭവിക്കുകയാണ്.

ഉത്തരമില്ലാത്ത ഈ പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ, അതൊരു പൊടിക്കൈയാണെന്ന് പറഞ്ഞ് അവർ അതിനെ തള്ളിക്കളയും. ഉത്തരം മുട്ടലിന്റെ യാതൊരു പ്രശ്നവുമില്ലെന്ന് പറയുകയും ചെയ്യുന്നു.

മുഹമ്മദ് നബി(സ)ക്ക് ശേഷമുള്ള യേശുവിന്റെ പുനരാഗമനം മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വ പരിസമാപ്തിയുമായി യാതൊരു വിധ വൈരുദ്ധ്യങ്ങളുമുണ്ടാക്കുകയില്ല എന്ന് അവർ വാദിക്കുന്നു. അവർ ഉന്നയിക്കുന്ന വാദമുഖങ്ങൾ ഇവയൊക്കെയാണ്.

× മുഹമ്മദ് നബി(സ)ക്ക് മുമ്പേയുള്ള പ്രവാചകൻമാരുടെ കൂട്ടത്തിൽ നിന്നാണ് യേശു (അ)വിന്റെ പുനരാഗമനമുണ്ടാവുന്നത്. അതുകൊണ്ട് മുഹമ്മദ് നബി(സ)യുടെ പരിസമാപ്തി ഒരിക്കലും ലംഘിക്കപ്പെടുകയില്ല. മുഹമ്മദ് നബി(സ) യുടെ അവതരണത്തിന് ശേഷം ഒരു പ്രവാചകൻ വരുകയാണെങ്കിൽ മാത്രമാണ് അത് ലംഘിക്കപ്പെടുക അങ്ങനെ വരുന്ന പ്രവാചകൻ പുതിയ നിയമം കൊണ്ടുവന്നില്ലെങ്കിൽ പോലും മുഹമ്മദ് നബി(സ)യുടെ ഉമ്മത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടാൽ അത് പരിസമാപ്തിയുടെ ലംഘനമായിരിക്കും.

× യേശു (അ)വിന്റെ പ്രവാചകത്വം ഒരിക്കൽ നൽകപ്പെട്ടതാണ് അത് ഇസ്‌ലാമിന് മുമ്പ് അദ്ദേഹം വന്നപ്പോൾ ലഭിച്ചതാണ്.

× മാത്രമല്ല തന്റെ രണ്ടാം വരവിൽ യേശു(അ) റസൂൽ തിരുമേനി (സ)യുടെ കീഴിലായിരിക്കും. സ്വതന്ത്രനായിരിക്കില്ല.

അതായത് യേശു(അ) പഴയ പ്രവാചകനായതു കൊണ്ടും, റസൂൽ തിരുമേനി(സ)ക്ക് കീഴെ ആയതുകൊണ്ടും പ്രവാചകത്വ സമാപ്തിയുടെ മുദ്ര പൊട്ടിക്കാൻ അദ്ദേഹത്തിന് സാധ്യമല്ല. അവരുടെ പ്രവാചകത്വ സമാപ്തിയുടെ സങ്കൽപം അർഥമാക്കുന്നത് പുതിയ പ്രവാചകനു വരാൻ പാടില്ല പഴയ പ്രവാചകൻമാർക്ക് രണ്ടാമതും വരാം എന്നാണ്. എന്നാൽ ഇത് ശുദ്ധമായ അസംബന്ധമാണ്. സർവ്വജ്ഞാനിയായ ദൈവം ആർക്ക് അനുകൂലമായാണോ ഇനിയൊരു പ്രവാചകൻ വരാതിരിക്കത്തക്ക വണ്ണം കേവലമായ പ്രവാചകത്വ സമാപ്തിയുടെ വിധി പാസ്സാക്കുന്നത് അങ്ങനെയാണെങ്കിൽ തന്നെ അദ്ദേഹത്തിന് ശേഷം മറ്റൊരു പ്രവാചകൻ തീർച്ചയായും ആവശ്യമുണ്ടെന്ന കാര്യം ദൈവത്തിന് അറിയാമായിരുന്നില്ലേ? പഴയതോ പുതിയതോ എന്ന ചോദ്യം ഇവിടെ അപ്രസക്തമാണ്. പ്രശ്നത്തിന്റെ കാതലായ വശം ആവശ്യത്തിന്റേതാണ്.

അവസാനത്തെ പ്രവാചകൻ വന്നതിന് ശേഷം മറ്റൊരു പ്രവാചകന്റെ ആവശ്യം, സ്വാഭാവികമായും അവസാനത്തെ പ്രവാചകൻ എന്ന സങ്കൽപവുമായി പരസ്പര വൈരുദ്ധ്യമുളവാക്കുന്ന ഒരു വിശ്വാസമാണ്. ഉത്തരമില്ലാത്ത ഈ പ്രഹേളികയെ അഭിമുഖീകരിക്കുമ്പോൾ ഒരു പുതിയ പ്രവാചകന്റെ ആവിർഭാവത്തിന്റെ ആവശ്യം ഉണ്ടാവുന്നത് അവസാനത്തെ പ്രവാചകൻ വന്നു പോയതിന് ശേഷം മാത്രമാണ് എന്ന വാദം ഉന്നയിച്ചു കൊണ്ട് ഈ വിഷയത്തിൽ

നിന്ന് ഉലമാക്കൾ എപ്പോഴും ഒഴിഞ്ഞു മാറുകയാണ് ചെയ്യാറ്. പുതിയ പ്രവാചകത്വത്തിന്റെ ആവശ്യം പഴയ പ്രവാചകനെ കൊണ്ട് നിറവേറ്റപ്പെട്ടിട്ടും ഇനിയൊരു പ്രവാചകനും വരാൻ പാടില്ല എന്ന മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വ പരിസമാപ്തിയുടെ കേവലത്വത്തിന് യാതൊരു കോട്ടവും തട്ടുന്നില്ല. പക്ഷേ ഏതൊരാൾക്കും തന്നെ സുതാര്യമായ ഈ വാദത്തിലെ വഞ്ചന കാണാവുന്നതാണ്. പഴയതോ പുതിയതോ എന്ന വ്യത്യാസം ഈ വിഷയത്തിൽ ആശയക്കുഴപ്പമുണ്ടാക്കാനുള്ള ബാലിശമായ ഒരു ശ്രമമാണ്. നസ്രേത്തുകാരനായ യേശുക്രിസ്തു(അ) രണ്ടാമതും പ്രത്യക്ഷനായി. മുഹമ്മദ് നബി(അ)യുടെ മേധാവിത്വത്തിനു കീഴടങ്ങിയാലും ഈസാ നബി അഥവാ യേശു മുഹമ്മദ് നബി(സ)ക്ക് ശേഷമുള്ള പ്രവാചകനാണ്. കടന്നു കഴിഞ്ഞ ജനതയിൽ നിന്നും പഴയ ഒരു പ്രവാചകനെ കടം വാങ്ങിക്കൊണ്ട് പുതിയ ഒരു ആവശ്യത്തെനിറവേറ്റുന്നത് പുതിയ അതേ ആവശ്യം നിറവേറ്റാൻ പുതിയ ഒരു പ്രവാചകനെ ഇസ്‌ലാമിന്റെ ജനതയിൽ നിന്നു തന്നെ എഴുന്നേൽപ്പിക്കുന്നതിനേക്കാൾ മോശമാണ്. പഴയ പ്രവാചകൻ പ്രവാചകത്വ സമാപ്തിയുടെ തത്വം ലംഘിക്കുന്നില്ലെങ്കിൽ പിന്നീട് വരുന്ന പുതിയ പ്രവാചകനും അത് ലംഘിക്കുന്നതല്ല.

## അൽ ഇമാം മഹ്ദി: മാർഗ ദർശനം ചെയ്യപ്പെട്ട നേതാവ്

യേശു(അ) വിന്റെ പുനരാഗമന വിഷയത്തിൽ നിന്ന് വ്യതിചലിക്കാൻ ഒരുപക്ഷേ നാം ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കുന്നു. അൽ ഇമാം അൽ മഹ്ദിയുടെ സ്ഥാനത്തെ പറ്റി നിരീക്ഷിക്കാൻ വേണ്ടി അൽപസമയത്തേക്ക് മാത്രമാണ് ഈ അനുവാദം.

റസൂൽ തിരുമേനി(സ)യുടെ പ്രവചന പ്രകാരം അവസാനകാലത്ത് ആവിർഭവിക്കുമെന്ന് പ്രവചിക്കപ്പെട്ട ആൾ യേശു(അ) മാത്രമല്ല. സൻമാർഗ്ഗ ദർശനം ചെയ്യപ്പെട്ടയാൾ എന്ന് അർത്ഥമുള്ള അൽ മഹ്ദി എന്ന സ്ഥാനപ്പേരോടു കൂടിയ മറ്റൊരു ദൈവിക പരിഷ്കർത്താവിനെക്കുറിച്ച് ആവർത്തിച്ചു കൊണ്ടുള്ള പരാമർശം റസൂൽ തിരുമേനി(സ)യുടെ വചനങ്ങളിൽ കാണാം. മിക്ക ഹദീസുകളിലും ഈസ(യേശു)യും മഹ്ദിയും മാർഗ്ഗ ദർശനം ചെയ്യപ്പെട്ട ആൾ വ്യത്യസ്ത വ്യക്തികളായിട്ടാണ് കാണപ്പെടുന്നത്. പക്ഷേ സുപ്രധാനമായ ഒരു ഹദീസ് (പ്രവാചക വചനം) ഒഴികെ ആറ് പ്രമാണിക ഹദീസു ഗ്രന്ഥങ്ങളിൽ പെട്ട ഇബ്നു മാജയുടെ ഹദീസ് സമാഹാരത്തിലാണ് രണ്ട് വാഗ്ദത്ത പരിഷ്ക്കർത്താക്കളും ഒരു വ്യക്തിയാണ് എന്ന ശക്തമായ ഒരു പ്രവാചക വചനമുള്ളത്. അവ ഒരു വ്യക്തിയുടെ രണ്ട് സ്ഥാനങ്ങൾ മാത്രമാണെന്നാണ് ആ ഹദീസ് പറയുന്നത്. ഹദീസിലെ ശരിയായ വചനം ഇപ്രകാരമാണ്

**ഈസ (യേശു) യല്ലാതെ മഹ്ദിയില്ല. (ഇബ്നു മാജ)**

ഇത് അർത്ഥമാക്കുന്നത് വാഗ്ദത്ത മഹ്ദിയെ തന്നെ ഈസ(അ)യായും പറയപ്പെട്ടിരിക്കുന്നു എന്നാണ്. അതായത് മിക്ക ഹദീസുകൾ പ്രകാരവും അൽ മഹ്ദി ഈ ഉമ്മത്തിൽ നിന്നാണ് വരിക. അപ്പോൾ യേശു(അ) ആകാശത്ത് നിന്നും അവരോഹിതനാവുന്ന ആളാണെങ്കിൽ അതെങ്ങനെ സാധ്യമാകും? അൽ മഹ്ദി വഹിക്കുന്ന ഒരു സ്ഥാനപ്പേരാണ് യേശു(അ) അഥവാ ഈസാ എന്നത്. എങ്കിൽ മാത്രമേ ഇത് സാധ്യമാവൂ. അല്ലാതെ വേറെ ഒരു യേശു(അ) ആകാശത്ത്

---

മഹ്ദിയുമായി ബന്ധപ്പെട്ട അവരുടെ തന്ത്രങ്ങൾ തികച്ചും വിഭിന്നങ്ങളാണ്. അവരെ സംബന്ധിച്ചിടത്തോളം ഇമാം മഹ്ദി കിരീടം വെക്കാത്ത പ്രവാചകനാണ്. പ്രവാചകന്റെ എല്ലാ ഗുണങ്ങളും അവർ അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. പ്രവാചകൻ എന്ന സ്ഥാനപ്പേരൊഴികെ. അത് ഒരു മനുഷ്യനെ മനുഷ്യനാണെന്ന് പറയാതെ മറ്റെന്തെങ്കിലും നാമങ്ങൾ പറഞ്ഞ് വിശേഷിപ്പിക്കുന്നത് പോലെയാണ്. അതൊന്നും അയാളെ മനുഷ്യനിൽ കുറഞ്ഞ ഒന്നും ആക്കിത്തീർക്കുന്നുമില്ല. ഇമാം മഹ്ദിയെ അദ്ദേഹത്തിന്റെ ഗുണങ്ങളിലൂടെയാണ് തിരിച്ചറിയേണ്ടതെന്ന് ഉലമാക്കൻമാർ മനസ്സിലാക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനം ഒരു പ്രവാചകന്റെതായിരിക്കുന്നത് വരെ ഒരു പ്രവാചകനാണെന്ന അദ്ദേഹത്തിന്റെ സ്ഥാനം നിഷേധിക്കാവുന്നതല്ല. പ്രവാചകന് അനുയോജ്യമായ ഗുണങ്ങൾ ഏതെങ്കിലും ഒരു വ്യക്തിയിൽ സമ്മേളിക്കുകയാണെങ്കിൽ അദ്ദേഹത്തെ എന്ത് സ്ഥാനപേരുകളിൽ നിങ്ങൾ വിളിച്ചാലും അദ്ദേഹം എപ്പോഴും ഒരു പ്രവാചകനായിരിക്കും. അദ്ദേഹത്തെ നേരിട്ട് ദൈവം നിയോഗിച്ചിരിക്കെ അദ്ദേഹത്തെ നിഷേധിക്കുന്നത് ദൈവത്തെ നിഷേധിക്കുന്നതിന് തുല്യമായിരിക്കും.

നിന്ന് ഇറങ്ങി വരുകയില്ല. ഈസാ നബി(അ)ക്ക് പകരമായി അദ്ദേഹത്തിന്റെ കർത്തവ്യം ഇമാം മഹ്ദി നിർവ്വഹിക്കും. അതിനെ തുടർന്ന് പ്രവാചകനായ യേശു(അ) ആലങ്കാരികമായി ജനിക്കുകയും അൽ ഇമാം അൽ മഹ്ദി ഇസ്ലാമിനകത്ത് നിന്നു വരികയും ചെയ്യും. ഇത് അൽ മഹ്ദിയുടെ യഥാർത്ഥ സ്ഥാനം എന്താണെന്ന് നിർണ്ണയിക്കുന്നതിലേക്ക് നമ്മെ നയിക്കുന്നു. നാം ഇപ്പോൾ വരച്ച് കാട്ടുന്നത് പോലെ അദ്ദേഹത്തിന്റെ സ്ഥാനം ന്യായപ്രമാണ വാഹകനല്ലാത്ത, വിധേയനായ പ്രവാചകന്റേതായിരിക്കും. മുഖ്യധാരാ ഉലമാക്കൻമാർ അൽ മഹ്ദിയെ അങ്ങനെ വിശേഷിപ്പിക്കാറില്ല. ഈസാനബി (അ)യുടെ വിഷയത്തിൽ നേരത്തെ പരാമർശിച്ച കാരണത്താൽ അദ്ദേഹം ഒരു പ്രവാചകനാണെന്ന് വളരെ സ്വതന്ത്രമായി അവർ പരാമർശിക്കുന്നു. പക്ഷേ അൽ മഹ്ദിയുടെ കാര്യത്തിൽ അവർക്ക് അങ്ങനെ ചെയ്യാൻ സാധ്യമല്ല. കാരണം പ്രവാചകനാണെന്ന് അദ്ദേഹത്തെ അംഗീകരിക്കുകയാണെങ്കിൽ അവരുടെ പരിസമാപ്തി സിദ്ധാന്തവുമായി അത് വ്യക്തമായും ഏറ്റുമുട്ടും.

മഹ്ദിയുമായി ബന്ധപ്പെട്ട അവരുടെ തന്ത്രങ്ങൾ തികച്ചും വിഭിന്നങ്ങളാണ്. അവരെ സംബന്ധിച്ചിടത്തോളം ഇമാം മഹ്ദി കിരീടം വെക്കാത്ത പ്രവാചകനാണ്. പ്രവാചകന്റെ എല്ലാ ഗുണങ്ങളും അവർ അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. പ്രവാചകൻ എന്ന സ്ഥാനപ്പേരൊഴികെ. അത് ഒരു മനുഷ്യനെ മനുഷ്യനാണെന്ന് പറയാതെ മറ്റെന്തെങ്കിലും നാമങ്ങൾ പറഞ്ഞ് വിശേഷിപ്പിക്കുന്നത് പോലെയാണ്. അതൊന്നും അയാളെ മനുഷ്യനിൽ കുറഞ്ഞ ഒന്നും ആക്കിത്തീർക്കുന്നുമില്ല. ഇമാം മഹ്ദിയെ അദ്ദേഹത്തിന്റെ ഗുണങ്ങളിലൂടെയാണ് തിരിച്ചറിയേണ്ടതെന്ന് ഉലമാക്കൻമാർ മനസ്സിലാക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനം ഒരു പ്രവാചകന്റെതായിരിക്കുന്നത് വരെ ഒരു പ്രവാചകനാണെന്ന അദ്ദേഹത്തിന്റെ സ്ഥാനം നിഷേധിക്കാവുന്നതല്ല. പ്രവാചകന് അനുയോജ്യമായ ഗുണങ്ങൾ ഏതെങ്കിലും ഒരു വ്യക്തിയിൽ സമ്മേളിക്കുകയാണെങ്കിൽ അദ്ദേഹത്തെ എന്ത് സ്ഥാനപേരുകളിൽ നിങ്ങൾ വിളിച്ചാലും അദ്ദേഹം എപ്പോഴും ഒരു പ്രവാചകനായിരിക്കും. അദ്ദേഹത്തെ നേരിട്ട് ദൈവം നിയോഗിച്ചിരിക്കെ അദ്ദേഹത്തെ നിഷേധിക്കുന്നത് ദൈവത്തെ നിഷേധിക്കുന്നതിന് തുല്യമായിരിക്കും. അൽ മഹ്ദിയെ ആരെങ്കിലും റസൂൽ തിരുമേനി (സ)ക്ക് വിധേയനായ പ്രവാചകനാണെന്ന് വിശ്വസിക്കാൻ കൂട്ടാക്കാതിരിക്കുകയാണെങ്കിൽ അയാൾ യഥാർത്ഥ വിശ്വാസിയായി പരിഗണിക്കുന്നതല്ല. യാഥാസ്ഥിതിക മുസ്ലിംകൾ സമ്മതിക്കുന്നത് പോലെ ഇമാം മഹ്ദിയിൽ വിശ്വസിക്കുക എന്നത് എല്ലാ മുസ്ലിംകളുടേയും ബാദ്ധ്യതയാണ്. ഒരു പ്രവാചകന് മാത്രം ലഭ്യമാകുന്ന വിശേഷാധികാരങ്ങളുള്ള അൽ മഹ്ദി പ്രവാചകനിൽ കുറഞ്ഞ ഒന്നുമല്ല. അൽ മഹ്ദി അദ്ദേഹം അലങ്കരിക്കുന്ന പദവിയിൽ നിന്നും പ്രവാചകത്വം എടുത്തുമാറ്റാൻ ആർക്കും അവകാശമില്ല. അവരുടെ വിശ്വാസത്തിലെ ഈ പൊരുത്തക്കേട് ഒരു വിധത്തിലും ചെറുതല്ലാത്തതാണ്.

## ന്യായപ്രമാണമില്ലാത്ത പ്രവാചകനും വെളിപാടും

ഇസ്ലാമിൽ മനുഷ്യന് നൽകപ്പെടുന്ന ഏറ്റവും സമുന്നത സ്ഥാനമാണ് ഒരു പ്രവാചകന്റേത്. ഒരു പ്രവാചകൻ എന്നാൽ വെറും പ്രവചനം നടത്തുന്ന ആൾ മാത്രമല്ല. അദ്ദേഹം ദൈവത്തിൽ നിന്നും ഒരു പ്രത്യേക ദൗത്യത്തോടെ നിയോഗിക്കപ്പെട്ട ആളാണ്. എല്ലാ പരിഷ്കർത്താക്കളും പ്രവാചകനാകണമെന്നില്ല. എന്നാൽ എല്ലാ പ്രവാചകൻമാരും പരിഷ്ക്കർത്താക്കളാണ്. വെളിപാടുകളാണ് ഒരു പ്രവാചകനെ സൃഷ്ടിക്കുന്നത്. പ്രവാചകനല്ലാത്തവർക്കും വെളിപാടുകളുണ്ടാകാം. അവർ ദൈവവുമായുള്ള ആശയവിനിമയം കൊണ്ട് അനുഗ്രഹീതരുമാവാം.

വെളിപാടുകൾക്ക് വിവിധ അർത്ഥധ്വനികളോടു കൂടിയ വിപുലമായ ഒരു പ്രവർത്തന മേഖലയാണുള്ളത്. സ്വപ്നം, ദർശനം, അന്തഃപ്രചോദനം ശാബ്ദികമായ അഭിമുഖീകരണം പോലും വെളിപാടിന്റെ ഗണത്തിൽപ്പെടുന്നു. അതൊന്നും തന്നെ മധ്യകാലഘട്ടത്തിലെ മിക്ക പണ്ഡിതന്മാരും നിഷേധിച്ചിട്ടില്ല. പ്രവാചകത്വം എന്ന സ്ഥാനത്തെ പറ്റിയാണ് വിവാദം. പ്രവാചകത്വവുമായി ബന്ധപ്പെട്ട വെളിപാടുകളുടെ പ്രത്യേക വശത്തെ കുറിച്ചാണ് ഇവിടെ പരിശോധിക്കുന്നത്.

മേൽകൊടുത്ത ചർച്ചയുടെ വെളിച്ചത്തിൽ ന്യായപ്രമാണ വാഹകരായ പ്രവാചകൻമാരുടെ തുടർച്ച നിന്നു പോയതിന് പിന്നിലെ യുക്തി ഒരാൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. ന്യായപ്രമാണ വാഹകരല്ലാത്ത പ്രവാചകന്മാരുടെ തുടർച്ചയും നിന്നു പോകുന്നു എന്ന പ്രശ്നം വിശദമായി പരിശോധിക്കേണ്ടതുണ്ട്. എന്തുകൊണ്ടാണ് പൊടുന്നനെ ന്യായപ്രമാണ വാഹകരല്ലാത്ത പ്രവാചകൻമാരുടെ വരവും പെട്ടന്ന് നിലച്ച് പോയത്?

ഒരു പുതിയ പ്രവാചകൻ വരുമ്പോൾ ഒരു പുതിയ നിയമം കൊണ്ടു വരണമെന്നില്ല എന്നത് സംശയത്തിന്റെ യാതൊരു നിഴലും അവശേഷിക്കാത്ത വിധം മതചരിത്രം തെളിയിക്കുന്നു. പ്രവാചകൻമാരിൽ ഉൾപ്പെട്ട ഐസക്ക്(ഇസ്ഹാഖ്)(അ), ജേക്കബ്(യഅ്ഖൂബ്)(അ), ജോസഫ് (യൂസുഫ്)(അ), ലോത്ത്(ലൂത്ത്)(അ) എന്നിവർ ന്യായപ്രമാണവാഹകരല്ലാത്ത പ്രവാചകൻമാരാണ്.എന്നിരുന്നാലുംദൈവികമായി നിയോഗിതരായ ആത്മീയ നേതാക്കൻമാർ എന്ന ബഹുമതിയോടെ അവർ അതിനു മുമ്പ് വന്ന പ്രവാചകന്മാരുടെ ദൗത്യത്തിൽ പങ്കുള്ളവരാണ്.

# 'ഏകദൈവവിശ്വാസം എല്ലാ മതങ്ങളുടെയും അടിത്തറ'

ഏ. ക്യൂ. മഹ്ദി

ആർഷഭാരതം. ഋഷിമാരുടെയും അവതാരപുരുഷന്മാരുടെയും നാടാണിത്. വ്യത്യസ്ത കാലഘട്ടങ്ങളിൽ വിവിധ ഭാഗങ്ങളിൽ അവതരിപ്പിക്കപ്പെട്ട ഈ ആത്മീയപുരുഷന്മാർ ഏകദൈവത്വത്തെ പ്രഘോഷിക്കയും ധർമ്മ സംരക്ഷണത്തിനായി അക്ഷീണം യത്നിക്കുകയും ചെയ്തുപോന്നു. അങ്ങനെ വിഭിന്ന സംസ്കാര പാരമ്പര്യങ്ങൾ പുലർത്തിവന്ന സമൂഹങ്ങളാണ് ഭൂമിയിൽ പിൽക്കാലത്ത് വിവിധ സമുദായങ്ങളായി പരിണമിച്ചത്.

ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീബുദ്ധൻ തുടങ്ങിയവർ ഭാരതത്തിൽ ജന്മമെടുത്ത പ്രവാചകന്മാർ ആയിരുന്നു. എന്നാൽ, വർത്തമാന കാലത്ത്, ഇന്നത്തെ മുസ്‌ലിം സമൂഹത്തിലെ നല്ലൊരു ഭാഗവും, ക്രിസ്തു മതവിശ്വാസികളൊന്നാകെയും മേൽസൂചിപ്പിച്ച മഹാത്മാക്കളെ പ്രവാചകന്മാരായി അംഗീകരിക്കുന്നില്ല എന്ന അതീവ ഖേദകരമായ ഒരവസ്ഥ നിലവിലുണ്ട്.

മുസ്‌ലിം സമൂഹത്താൽ തെറ്റിദ്ധരിക്കപ്പെടുന്ന ഈ അവസ്ഥയ്ക്കെതിരേ ഈ വിഷയത്തിലുള്ള യഥാർഥ ഇസ്‌ലാംമത വിശ്വാസമെന്തെന്നതിനെപ്പറ്റി നമുക്കൽപ്പം ചിന്തിക്കാം.

ഇസ്‌ലാം മതവിശ്വാസികളുടെ വേദഗ്രന്ഥമായ പരിശുദ്ധ ഖുർആൻ കഴിഞ്ഞാൽ ലോകമുസ്‌ലിം ജനത .അംഗീകരിക്കുന്ന ഒന്നാണ് 'ഹദീസ്' അഥവാ നബിവചനങ്ങൾ. പ്രവാചകന്റെ കാലത്തു തന്നെ മുഹമ്മദ്നബി (സ) യുടെ വചനങ്ങൾ ഹദീസിന്റെ രൂപത്തിൽ ക്രോഡീകരിക്കപ്പെട്ടിരുന്നു. ആ നബിവചനങ്ങളിലൊന്നിൽ ഇന്ത്യയിൽ 'കാഹിന' (കണ്ണൻ) എന്നു പേരുള്ള ഒരു പ്രവാചകൻ അവതരിച്ചിരുന്നു എന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. 'കാന ഫിൽ ഹിന്ദി നബിയ്യുൻ അസ്‌വദുല്ലൗനി ഇസ്‌മുഹൂ കാഹിന' എന്നതാണ് അറബിഭാഷയിലെ ആ നബിവചനം. 'ഇൻന്ത്യയിൽ കാർവർണനിറത്തോടു കൂടിയ ഒരു പ്രവാചകനുണ്ടായിരുന്നു എന്നാണതിന്റെ വാക്യാർഥ്യം. ശ്രീകൃഷ്ണൻ ഇന്ത്യയിൽ അവതരിച്ച ഒരു പ്രവാചകനാണെന്ന കാര്യത്തിൽ മുഹമ്മദ് നബി (സ) യുടെ ആധികാരികമായ സാക്ഷീകരണംകൂടി ലഭിച്ചതോടെ, മുസ്‌ലിം ലോകത്ത് ഇത് തർക്കാതീതമായ ഒരു വിഷയമായിത്തീരേണ്ടതാണ്. നിർഭാഗ്യവശാൽ പൊതുവെ ഇന്നത്തെ മുസ്‌ലിം ഭൂരിപക്ഷവും വിശ്വസിക്കുന്നത് ശ്രീകൃഷ്ണൻ ഒരു പ്രവാചകനേ ആയിരുന്നില്ല എന്നാണ്. ശ്രീരാമനെപറ്റിയും തത്തുല്യമായ വിശ്വാസം തന്നെയാണ് അവർ പുലർത്തുന്നത്. കൃഷ്ണൻ എന്ന പേരിൽതന്നെ കാർവർണം അടങ്ങിയിരിക്കുന്നതിനാൽ, മുഹമ്മദ്നബി(സ) യുടെ വചനങ്ങളിലും വർണനകളിലുംകൂടി സംശയാതീതമായി ശ്രീകൃഷ്ണന്റെ പ്രവാചകത്വം തെളിയിക്കപ്പെട്ടിട്ടുണ്ടെങ്കിലും, അദ്ദേഹം ഒരു പ്രവാചകനേ ആയിരുന്നില്ല എന്ന വിശ്വാസമാണ് ഭൂരിപക്ഷം മുസ്‌ലിം ജനതയ്ക്കും ഇന്നു നിലവിലുള്ളത്.

ഹിന്ദുമതമെന്നത് പല വിശ്വാസങ്ങളുടെയും വ്യത്യസ്ത സമ്പ്രദായങ്ങളുടെയും ഒരു സംക്ഷിപ്തരൂപമാണ്; അതായത് അത് ഒരു അതിപുരാതന സംസ്കാരം. പരമ്പരാഗത ദൈവികമതങ്ങളിൽ ഉൽഘോഷിക്കപ്പെട്ടതുപോലെ വെളിപാടുകളെക്കുറിച്ച് ഹിന്ദുമതത്തിൽ നിന്ന് തെളിവുകൾ ലഭിക്കുക സാധ്യമല്ല. ഇതിനു മുഖ്യകാരണം, വെളിപാട് സങ്കൽപ്പങ്ങൾ മുഴുവൻ വേദാദ്ധ്യാപനങ്ങളിൽ മാത്രം പരിമിതമാണെന്ന ഹൈന്ദവ വിശ്വാസമാണ്. മനുഷ്യന് അദ്ധ്യാപനങ്ങൾ നൽകാനായി ദൈവം തന്നെ മനുഷ്യരൂപത്തിൽ അവതരിക്കുമെന്നാണ് ഹിന്ദുമതവിശ്വാസം. ദൈവം തന്റെ സന്ദേശം പ്രേഷണം ചെയ്യാൻ ഒരു ദൂതനെ അയക്കുന്നില്ല എന്ന പ്രബലവിശ്വാസത്തിൽ ഹൈന്ദവജനത ഉറച്ചുനിൽക്കുമ്പോൾ, അങ്ങനെയുള്ള ഒരു ദൈവരൂപമാണ് ശ്രീകൃഷ്ണൻ എന്ന് അവർ കരുതുകയും ചെയ്യുന്നു.

നിലവിലുള്ള എല്ലാ മതവിശ്വാസങ്ങളിലെയും ഈശ്വരനെപ്പറ്റിയുള്ള സങ്കൽപ്പങ്ങൾക്ക് ഇന്ന് വ്യത്യസ്തമായ വിഭിന്നതകൾ നിലനിൽക്കുന്നുണ്ട്. ഏകദൈവ വിശ്വാസമാണ് ഏതു മതത്തിന്റെയും അടിത്തറ എന്നു കരുതാൻ ശ്രമിച്ചാൽപോലും, എല്ലാ മതസ്ഥരാലും അംഗീകരിക്കപ്പെടാവുന്ന ഒരു പൊതുതത്ത്വമായി ഇന്ന് ഇതിനെ കാണാനാവില്ല. കാരണം, ഇസ്‌ലാം മത വിശ്വാസത്തിലൊഴികെ മറ്റ് മത വിഭാഗങ്ങളിൽ ഭൂരിപക്ഷത്തിനും

ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഏകദൈവ വിശ്വാസത്തിന തീതമായ ചില മൗലിക ധാരണകളും സങ്കൽപ്പങ്ങളുമാണ് നിലവിലുള്ളത്. അവയാകട്ടെ ബഹുദൈവാരാധനയ്ക്ക് തത്തുല്യമായ ചിന്താധാരയ്ക്ക് സമാനത നൽകുന്നവയുമാണ്.

ഏകദൈവ വിശ്വാസം എന്നതിന് വ്യാപകമായ ഒരു അർഥവ്യാപ്തി നൽകിയാൽ, ഈശ്വരൻ ഒന്നേയുള്ളൂ എന്ന മൗലിക സത്യത്തിലേയ്ക്ക് നാം എത്തിച്ചേരേണ്ടിവരുന്നു. അരൂപിയും, പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുകയും ചെയ്യുന്ന സർവലോകപരിപാലകനായ പരമേശ്വരന് (ദൈവം, അല്ലാഹു, യഹോവ) പങ്കുകാരനോ പകരക്കാരനോ ഇല്ല എന്നു സാരം. മഹത്തായ ഈ ദൈവസങ്കൽപ്പം അല്പംകൂടി വിശദീകരിച്ചാൽ, ഈശ്വരനു രൂപകൽപ്പന നൽകാനാവില്ല എന്ന യാഥാർഥ്യത്തിൽ നാമെത്തിച്ചേരും.

ഇൻന്ത്യയിൽ ഇപ്പോഴുള്ള മൂന്നു പ്രബലവിശ്വാസങ്ങളാണ് ഹിന്ദു, ഇസ്‌ലാം, ക്രൈസ്തവ മതങ്ങൾ. ഇവയിൽ ഹൈന്ദവ സംസ്കാരമാണ് ഏറെ പൗരാണികം. സഹസ്രാബ്ദങ്ങളുടെ പഴക്കവും പാരമ്പര്യവും ഹിന്ദുമതത്തിനുണ്ട്. അതിനു ശേഷമാണ് ക്രിസ്തുമതത്തിന്റെ ഉദ്ഭവം. ക്രിസ്തുമതത്തിന് 600 വർഷങ്ങൾ കഴിഞ്ഞാണ് ഇസ്‌ലാം മതത്തിന്റെ ആരംഭഘട്ടം.

ഈ ഓരോ മതസിദ്ധാന്തവും ഏകദൈവവിശ്വാസത്തെയാണ് ഘോഷിക്കുന്നത്. അതെങ്ങനെയെന്ന് നമുക്കല്പം ശ്രദ്ധിക്കാം.

ഹൈന്ദവ വേദഗ്രന്ഥങ്ങൾ പറയുന്നതെന്താണ്? ഭഗവാൻ ശ്രീകൃഷ്ണൻ ('ഭഗവാൻ' എന്നിവിടെ സൂചിപ്പിച്ചത്, ദൈവം എന്ന അർഥത്തിലല്ല, ശ്രീകൃഷ്ണൻ ദൈവമല്ല, ദൈവത്തിന്റെ ഒരു വിശിഷ്ട അവതാര പുരുഷൻ അഥവാ PROPHET ആയിരുന്നു.) ഭഗവത് ഗീതയിൽ അർജുനനോട് ഉപദേശിക്കുകകയാണ്,

ഈശ്വര : സർവഭൂതാനാം
ഹൃർദ്ദേശേർജുന തിഷ്ഠതി
ഭ്രാമയൻ സർവഭൂതാനി
യന്ത്രാരുഡാനി മായയാ
തമേവ ശരണം ഗച്ഛ
സർവഭാവേന ഭാരത
തത്പ്രസാദാൽപരാം ശാന്തിം
പ്രാപ്സ്യസി ശാശ്വതം.

ഹേ അർജുന! യന്ത്രപ്പാവകളെപ്പോലെ സകല സൃഷ്ടിവർഗങ്ങളെയും മായ കൊണ്ടു ഭ്രമിപ്പിക്കുന്നവനായ (കർമങ്ങൾ ചെയ്യിക്കുന്നവനായ) ഈശ്വരൻ എല്ലാ സൃഷ്ടികളുടെയും ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നു. ഹേ ഭരത! എല്ലാ ഭാവം കൊണ്ടും അവനെ നീ ശരണം പ്രാപിച്ചാലും. അവന്റെ പ്രസാദം കൊണ്ട് ഉൽകൃഷ്ടമായ ശാന്തിയേയും നിത്യമായ പരമപദത്തെയും നീ പ്രാപിക്കും.

(ഭഗവത്ഗീത 18 : 61, 62)

അതെ, ഏകദൈവമായ സർവേശ്വരന്റെ തൃപ്പാദങ്ങളിൽ ശരണം പ്രാപിക്കുന്നവന് നിത്യശാന്തിയും മോക്ഷവും ലഭ്യമാകും എന്ന് ശ്രീകൃഷ്ണഭഗവാൻ ഗീതയിൽ അരുൾ ചെയ്യുന്നു. ദൈവത്തിന്റെ ഒരു ഇഷ്ടദാസനേ തീർച്ചയായും ഇങ്ങനെ പറയാനാവൂ.

പ്രപഞ്ചനാഥനായ സർവേശ്വരനെപ്പറ്റി ഗോകുലകൃഷ്ണൻ ഇപ്രകാരംകൂടി പറഞ്ഞിട്ടുണ്ട്.

ഗതിഭർത്താപ്രഭു സാക്ഷി
നിവാസ : ശരണം സുഹൃദ്
പ്രഭവ പ്രളയസ്ഥാനം
നിധാനം ബീജ മവ്യയം

അവൻ പ്രാപ്യസ്ഥാനിയും ഭരിക്കുന്നവനും എല്ലാം നടത്തുന്നവനും എല്ലാം അറിയുന്നവനും സകലത്തിന്റെയും ഇരിപ്പിടവും പരമമായ ആശ്രയവും ഹിതകാരിയും സൃഷ്ടികർത്താവും സംഹാരകനും നാശമില്ലാത്ത ബീജവുമത്രെ.

(ഭഗവത്ഗീത 9:18)

ക്ഷേത്രങ്ങളിൽ നിന്ന് നാം സാധാരണ കേൾക്കാറുള്ള ഒരു മന്ത്രോച്ചാരണമുണ്ട്,

'ഓം ഗുരുർബ്രഹ്മാ ഗുരുർ വിഷ്ണു:
ഗുരുർ ദേവോ മഹേശ്വര:
ഗുരുഃ സാക്ഷാത് പരംബ്രഹ്മ
തസ്മൈ ശ്രീ ഗുരവേ നമഃ'

ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനും ആത്മീയഗുരുക്കളാണ്. എന്നാൽ, യഥാർഥത്തിലുള്ള നമ്മുടെ സാക്ഷാൽ യജമാനനും ഗുരുവും പരബ്രഹ്മമായ പരമേശ്വരനാണ്. ആ ഏകദൈവത്തിന്റെ തിരുസവിധത്തിൽ ഞാനിതാ നമ്രശിരസ്കനായി പ്രണമിക്കുന്നു.

'ഏകം സദ് വിപ്രാ ബഹുധാ വദന്തി'

ആ ഏകദൈവത്തിന്റെ നാമങ്ങൾ അസംഖ്യമാണെങ്കിലും അവൻ ഏകനാണ്, ഒരേ സത്തയുടെ ഉടയവനാണ്.

ശ്രീ ശങ്കരാചാര്യ സ്വാമികൾ, താൻ ചെയ്തുപോയ മൂന്ന് അപരാധങ്ങളെ (തൃദോഷങ്ങളെ)പ്പറ്റി ദൈവസന്നിധിയിൽ വിലപിക്കുന്നതു നോക്കുക.

'രൂപം രൂപ വിവർജിതസ്വഭവതോ
ധ്യാനേനയത് കൽപ്പിതം'

ഹേ ഭഗവാൻ! രൂപമില്ലാത്ത അങ്ങയ്ക്ക് രൂപം കൽപ്പിച്ചുകൊണ്ട് ഞൻ ധ്യാനിച്ചു.

'സ്തുത്യാ നിർവചനീയതാ ഖിലഗുരോർ
ദുരീകൃതായന്മയാ'

ഹേ ലോകഗുരോ! അനിർവചനീയനായ അങ്ങയെ ഞാൻ കേവലം വാക്കുകൾകൊണ്ടു സ്തുതിച്ചു.

'വ്യാപ്തിത്വം ച നിരാകൃതം ഭഗവതോ
യത് തീർഥയാത്രാദിന'

തീർഥയാത്രകളും മറ്റും ചെയ്തുകൊണ്ട് അങ്ങയുടെ സർവ്യാപിത്വത്തെ നിരാകരിക്കുകയും ചെയ്തു.

'യക്ഷന്തവ്യം ജഗദീശ

തദ്വികലതാം

ദോഷത്രയം മത്കൃതം.'

ഞാൻ ചെയ്തുപോയ ഈ മൂന്ന് അപരാധങ്ങളും ഹേ ജഗദീശ്വര! അങ്ങ് സദയം ക്ഷമിക്കണേ.

അദ്വൈതസിദ്ധാന്തത്തിന്റെ ആചാര്യനായ ആദിശങ്കരനും അവസാനമായി ഏകനായ, സർവവ്യാപിയായ, അരൂപനായ ദൈവത്തിലാണ് ശരണം പ്രാപിച്ചത്.

ശ്രീകൃഷ്ണനും ശ്രീരാമനും ദൈവത്തിന്റെ ഇഷ്ടദാസന്മാരും ആർഷഭാരതത്തെ ധാർമികാപചയത്തിൽ നിന്ന് മോചിപ്പിക്കാൻ പരമേശ്വരനാൽ നിയുക്തരായ സത്യപ്രവാചകന്മാരും ആയിരുന്നു. പിൽക്കാലത്ത് അനുയായികൾ അവരെ ദൈവമായി പൂജിക്കാൻ തുടങ്ങുകയാണുണ്ടായത്. ഈ രണ്ടു മഹാത്മാക്കളും തങ്ങൾ ദൈവമാണെന്നോ, തങ്ങളുടെ പ്രതിഷ്ഠകൾ സ്ഥാപിക്കണമെന്നോ പഠിപ്പിക്കുകയുണ്ടായില്ല. മറിച്ച്, തങ്ങൾ കേവലം മനുഷ്യർ മാത്രമാണ് എന്നാണ് അവർ വാദിച്ചത്.

ശ്രീരാമൻ യുദ്ധകാണ്ഡത്തിൽ ഇപ്രകാരം പറയുന്നുണ്ട്.

'ആത്മാനം മാനുഷം മന്യേ രാമം ദശരഥാത്മജം' ദശരഥപുത്രനായ ഒരു മനുഷ്യനാണെന്നല്ലാതെ ഞാനെന്നെ കരുതുന്നില്ല. (യുദ്ധകാണ്ഡം (117:11)

ചുരുക്കിപ്പറഞ്ഞാൽ, വിവിധ മതാചാര്യന്മാരും ആത്മീയോദ്ധാരകരും ബഹുദൈവാരാധകരോ ബിംബങ്ങളെ വണങ്ങുന്നവരോ ആയിരുന്നില്ല. അവർ സ്വയം ഏക ദൈവസവിധത്തിൽ സർവവും സമർപ്പിച്ച സന്മാർഗികളായ സത്യപ്രവാചകന്മാരായിരുന്നു.

ക്രിസ്തീയവിശ്വാസം നോക്കാം. ക്രൈസ്തവ വേദഗ്രന്ഥമായ ബൈബിളിന്റെ പഴയ നിയമത്തിലും പുതിയ നിയമത്തിലും ക്രിസ്തീയവിശ്വാസത്തിന്റെ അടിത്തറതന്നെ അചഞ്ചലമായ ഏകദൈവത്തിൽ അധിഷ്ഠിതമാണ് എന്നു മനസ്സിലാക്കിത്തരുന്നു.

പഴയ നിയമത്തിൽ ഇങ്ങനെ പറയുന്നു.

''യിസ്രായേലേ കേൾക്ക, യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻതന്നെ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ ഹൃദയത്തോടും പൂർണമനസ്സോടും, പൂർണശക്തിയോടും സ്നേഹിക്കണം.'' (ആവർത്തനപുസ്തകം 6:4,5)

മറ്റൊരു പരാമർശനം ഇതാ.

''യിസ്രായേലിന്റെ ദൈവമായ യഹോവേ........നിന്നെപ്പോലെ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യാതൊരു ദൈവവുമില്ല."

(രാജാക്കന്മാർ 8:23)

ഇനി ബൈബിൾ പുതിയ നിയമത്തിലെ ഒരദ്ധ്യാപനം ശ്രദ്ധിക്കാം.

''ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതുതന്നെ നിത്യജീവൻ ആകുന്നു." (യോഹന്നാൻ 17:3)

''ലോകത്തിൽ വിഗ്രഹം ഏതുമില്ല എന്നും ഏകദൈവമല്ലാതെ ദൈവമില്ല എന്നും നാം അറിയുന്നു. പല ദേവന്മാരും പല കർത്താക്കന്മാരും ഉണ്ട് എന്നു പറയുന്നുവല്ലൊ. എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്നു പേരുള്ളവർ ഉണ്ടെന്നുവരികിലും പിതാവായ ഏകദൈവമേ നമുക്കുള്ളൂ. അവൻ സകലത്തിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതും ആകുന്നു.'' (കൊരിന്ത്യർ 8:4-6).

ഇനി ഇസ്‌ലാം മതം എന്തു പറയുന്നുവെന്നു നോക്കാം. ദൈവകൽപ്പനയനുസരിച്ച് മുഹമ്മദുനബിയും താൻ ഒരു മനുഷ്യൻ മാത്രമാണെന്നു ഉറപ്പിച്ചു പറയുകയുണ്ടായി.

ഇസ്ലാമികാദ്ധ്യാപനങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധവും പരിപൂർണ്ണവുമായ മഹത്വത്തെക്കുറിച്ച് വിശദമായും വ്യക്തമായും പ്രതിപാദിച്ചിട്ടുണ്ട്. ഒരു ഇസ്ലാംമത വിശ്വാസിയുടെ ദൈവവുമായുള്ള ബന്ധത്തിന്റെ അന്തസത്ത, അടിപതറാത്ത ഏകദൈവ വിശ്വാസമാണ്. അല്ലാഹുവിന്റെ ഏകത്വത്തെ പ്രകീർത്തിച്ചുകൊണ്ട് ഖുർആൻ ഇപ്രകാരം പറയുന്നു.

"നീ മുഴുലോകത്തും പ്രഖ്യാപിക്കുക, ദൈവത്തിന്റെ മഹത്വപൂർണ്ണമായ സത്ത ഏകമാണ്. (അവൻ ആദിയും അന്തവും ഇല്ലാത്തവനാണ്). അവൻ ആരുടെയും ആശ്രിതനല്ല. എന്നാൽ, സകലലോകവും അവന്റെ ആശ്രയത്വത്തിലാണ്. അവൻ ജന്യനല്ല, അവനാരെയും ജനിപ്പിച്ചിട്ടുമില്ല. അതുല്യനത്രേ അവൻ."

മറ്റൊരിടത്തു ഖുർആൻ പറയുന്നു.

''അല്ലാഹുവിനെ മാത്രം ആരാധിക്കുകയും ദൈവത്തിനു പങ്കാളികളെ സൃഷ്ടിക്കുന്ന പ്രവർത്തികളിൽനിന്നും അകന്നു നിൽക്കുകയും ചെയ്യുവിൻ എന്ന് ഉപദേശിക്കുവാനായി നാം ഓരോ സമുദായത്തിലും പ്രവാചകന്മാരെ നിയോഗിച്ചിരുന്നു."

ഖുർആൻ പറയുന്ന ഇതു കൂടി കേൾക്കുക.

''അല്ലയോ ജനങ്ങളേ! നിങ്ങളെ നാം ആൺപെൺ വ്യത്യാസത്തിൽ മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ. അന്യോന്യം തിരിച്ചറിയുന്നതിനു വേണ്ടിമാത്രമാണ്, നിങ്ങളെ വിവിധ ഗോത്രങ്ങളും വംശങ്ങളുമാക്കിയിരിക്കുന്നത്. തീർച്ചയായും ദൈവസൃഷ്ടിയിൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ ഏറ്റവും ദൈവഭക്തിയുള്ളവനാണ്. തീർച്ചയായും അല്ലാഹുവളരെയധികം അറിവുള്ളവനും ബോധവാനുമത്രെ." (49:14)

ഇനിയെങ്കിലും നമുക്ക് മനസ്സു തുറന്ന ഒരു പുനർചിന്തനത്തിനൊരുങ്ങാം. ഈശ്വരൻ സർവ്വവ്യാപിയും അരൂപിയുമാണെങ്കിൽ ആ മഹത്ശക്തിക്ക് രൂപസങ്കൽപ്പം എങ്ങനെ സാധ്യമാകും. ഏകനാണെങ്കിൽ എങ്ങനെ സദൃശ്യരായ മറ്റു ദൈവങ്ങൾ ഉണ്ടാകും.......?

# ഭീകരതയുടെ ക്രൂരതകൾ

## മുസാഫിർ

'മതത്തിന്റെ പേരിൽ മനുഷ്യഹത്യ' എന്ന പുസ്തകത്തിൽ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ) എഴുതിയ ഒരു വചനം ഉദ്ധരിക്കാം.

'മിക്കപ്പോഴും ദൈവത്തിന്റെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ പാവന രക്തം അവന്റെ സ്രഷ്ടാവിന്റെ പേരിൽ തന്നെയാണ് ഒഴുക്കപ്പെട്ടത്. കൂട്ടമനുഷ്യഹത്യകളുടെ നീതീകരണത്തിനായി മതം ഉപയോഗിക്കപ്പെട്ടു. മനുഷ്യസ്വഭാവത്തിന്റെ ഈ ഹീനവശം വിശകലന വിധേയമാക്കുമ്പോൾ മനുഷ്യൻ ഭൂമിയിൽ ഏറ്റവും അധമനും നിർദയനുമായ ജീവിയാണോ എന്ന് ആരും അത്ഭുതപ്പെട്ടു പോകും. മതം മനുഷ്യനെ സംസ്കാരം പഠിപ്പിക്കുമെന്ന് ഒരാൾ പ്രതീക്ഷിക്കുന്നു. പക്ഷേ, മതം സ്വയം തന്നെ ചോരയിൽ കുതിർന്നാണ് നിൽക്കുന്നത്. ഈ വസ്തുത ആദമിന്റെ സൃഷ്ടിവേളയിൽ ഉണ്ടായ ഒരു സംഭവത്തെ സ്മൃതിപഥത്തിലെത്തിക്കുന്നു. ഖുർആനും ബൈബിളും ആ കഥ വിവരിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

***ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം (സ്മരിക്കുക). അവർ പറഞ്ഞു: കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അവിടെ നിയമിക്കുകയാണോ? ഞങ്ങളാവട്ടെ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ മഹിമയെ പ്രകീർത്തിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ പറഞ്ഞു: നിശ്ചയമായും നിങ്ങളറിയാത്തത് ഞാനറിയും'(2:31)*** (മതത്തിന്റെ പേരിൽ മനുഷ്യഹത്യ, പേജ് 36)



അല്ലാഹുവിന്റെ ആജ്ഞാനുവർത്തികകളും നിഷ്ക്കളങ്കരുമായ മലക്കുകൾ ആശങ്കപ്പെട്ടതാണ് പലപ്പോഴും മതത്തിന്റെ പേരിൽ ഭൂമിയിൽ സംഭവിക്കുന്നത്. പക്ഷേ മലക്കുകളുടെ ആശങ്കക്കെതിരെ 'നിങ്ങൾക്കറിയാത്തത് എനിക്കറിയാം' എന്ന് പറഞ്ഞ് മനുഷ്യനന്മയിൽ ശുഭാപ്തി പ്രകടിപ്പിച്ചുകൊണ്ടാണ് മനുഷ്യന്റെ സ്രഷ്ടാവായ അല്ലാഹു മലക്കുകളുമായുള്ള ആ സംഭാഷണം അവസാനിപ്പിക്കുന്നത്. ഭീകരതക്കും രക്തചൊരിച്ചിലിനുമെതിരെ ദൈവത്തിന്റെ ഇച്ഛ നന്മയായി മനുഷ്യരായ നമ്മിലൂടെ ലോകത്ത് പുലരണം. അതാണ് രാജ്യത്തെ ബാക്കി വരുന്ന പൗരന്മാരുടെ കർത്തവ്യം.

ജമ്മുകശ്മീരിലെ പുൽവാമ ജില്ലയിൽ അവാന്തിപുരക്കടുത്ത് 2019 ഫെബ്രുവരി 14ന് ഭീകരാക്രമ

ണത്തിൽ ഇന്ത്യയുടെ 40 സിആർപി എഫ് ജവാന്മാർ കൊല്ല പ്പെട്ട സംഭവം അങ്ങേയറ്റം അപല പനീയവും ഹീനവുമാണ്. ജാതി മത ഭാഷാ വർണ ഭേദമന്യേ നാം ഇന്ത്യക്കാർ ഈ ഭീകരാക്രമണത്തെ ശക്തമായി അപലപിക്കുന്നു. നിരപരാധികളായ ആളുകളുടെ മേൽ നടത്തുന്ന ഇത്തരം നരമേധ ങ്ങൾ മനുഷ്യനെ സമുദ്ധരിക്കാനും സംസ്ക്കരിക്കാനും വേണ്ടി ദൈവം സ്ഥാപിച്ച മതങ്ങളുടെ ലേബലു കളുള്ള സംഘടനകളുടെ പേരിലാ ണ് സംഭവിക്കുന്നത് എന്നത് മതങ്ങളെ ആകമാനം കളങ്കിതമാ ക്കുന്നു. പുൽവാമയിലെ സ്ഫോടന ത്തിന്റെ ഉത്തരവാദിത്വം 'ജയ്ഷെ മുഹമ്മദ്' എന്ന ഭീകര സംഘടന യാണ് എറ്റെടുത്തിരിക്കുന്നത് എന്ന് പറയപ്പെടുന്നു. ജയ്ഷെ മുഹമ്മദ് എന്നാൽ മുഹമ്മദിന്റെ സൈന്യം എന്നാണ് അർഥം. കശ്മീർ വിഘടനവാദവുമായി ബന്ധപ്പെട്ട് പാകിസ്താനിൽ പ്രവർത്തിക്കുന്ന ഒരു സായുധ ജിഹാദീ സംഘടന യാണ് ജയ്ഷെ മുഹമ്മദ്. അക്രമ മാർഗം അവലംബിക്കുന്ന പല സംഘടനകൾക്കും പാകിസ്താൻ ഭരണ കൂടത്തിന്റെ പിന്തുണയുണ്ട്.

സമാധാനത്തിന് വേണ്ടി വിശ്വം മുഴുവൻ കാരുണ്യമായി അയക്കപ്പെട്ട മഹാത്മാവാണ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ). തിരുമേനിയുടെ പേർ ഉപയോഗിച്ച് അക്രമമാർഗത്തിലൂടെ ലക്ഷ്യം കാണുന്നത് എന്തുമാത്രം അപല പനീയമാണ്. രാജ്യത്തിന് വേണ്ടി സേവനം ചെയ്ത ഇന്ത്യയിലെ ആ യുവസൈനികർ ഒരു നിമിഷം കൊണ്ട് മാംസതുണ്ടങ്ങളായി ഛിന്ന ഭിന്നമാക്കപ്പെട്ടു. ഈ പൈശാചിക കൃത്യം അവരുടെ മാതാക്കളെ പോലെ എല്ലാ മനുഷ്യ സ്നേഹി കളെയും വേദനിപ്പിക്കുന്നു. നമുക്ക് വേണ്ടി ജീവത്യാഗം ചെയ്ത ആ ധീരജവാന്മാർക്ക് ആത്മശാന്തിയു ണ്ടാവട്ടെ. അവർ മൂലം രാജ്യത്തി നും കുടുംബത്തിനും ഉണ്ടായ നഷ്ടം സർവശക്തനായ ദൈവ ത്താൽ പരിഹരിക്കപ്പെടുമാറാകട്ടെ. ഖുർആൻ പറഞ്ഞത് പോലെ ***'കൊലയാളി അല്ലാത്തതും നാട്ടിൽ കുഴപ്പം സൃഷ്ടിക്കാത്തതുമായ ഒരാളെ (നിരപരാധിയെ) വധിച്ചാൽ അയാൾ മനുഷ്യ സമൂഹത്തെ മുഴുവൻ വധിച്ചത് പോലെയാണ്'' (5:33)*** മനുഷ്യരായ മറ്റുള്ളവർക്കെ ല്ലാം തന്നെ നിരപരാധികളുടെ ജീവൻ നഷ്ടപ്പെടാതിരിക്കാനുള്ള സാഹചര്യമൊരുക്കാൻ ബാദ്ധ്യസ്ഥ രാണ് എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്.

2500 പരം സൈനികർ 78 ബസ്സുകളിലായി ജമ്മുവിൽ നിന്ന് ശ്രീനഗറിലേക്ക് ദേശീയ പാത 44 ലൂടെ സഞ്ചരിക്കുമ്പോൾ സ്ഫോട ക വസ്തുക്കൾ നിറച്ച മാരുതി ഈക്കോ വാഹനം സൈനിക വാഹന വ്യൂഹത്തിലേക്ക് കശ്മീരി യായ ആദിൽ അഹ്മദ് എന്ന ചാവേറ് ഇടിച്ചു കയറ്റി സ്ഫോടന മുണ്ടാക്കുകയായിരുന്നു. 40 ജവാ ന്മാരെ വധിച്ച് അയാൾ ആത്മാഹു തി ചെയ്യുകയും ചെയ്തു.

---

ഇന്ന് പാകിസ്താനും അഫ്ഘാനിസ്താനും പശ്ചിമേഷ്യയും ഇത്തരം ജിഹാദികളുടെ പറുദീസയാണ്. പാകിസ്താൻ ഭരണകൂടത്തിന്റെ തണലിൽ വളരുന്ന ഭീകര ജിഹാദീ സംഘങ്ങൾ പലപ്പോഴും ഭരണകൂടത്തിന്റെ തന്നെ നിയന്ത്രണത്തിന് കീഴിലല്ല. ജിഹാദീ ആവേശം മൂത്ത ഈ ഭീകരസംഘങ്ങളുടെ തലവന്മാർ യാതൊരു ഇസ്ലാമിക ധാർമികതയും ജീവിതക്രമവും പാലിക്കുന്നവരല്ല. പലപ്പോഴും ഇസ്ലാമിന്റെയും മുസ്ലിം രാജ്യങ്ങളുടെയും മുസ്ലിം സമൂഹത്തിന്റെയും ശത്രുക്കളുടെ കൈയിലെ പാവകളായി ഇവർ മാറുന്നു. ജിഹാദിന്റെ പേരിൽ ചാവേറുകളെ സൃഷ്ടിക്കാൻ ഇവർക്ക് എളുപ്പത്തിൽ സാദ്ധ്യമാവുന്നു. സംഘത്തലവന് പണം നൽകിയാൽ മതി. കൊല്ലാനും ചാവാനും ഈ ജിഹാദികൾ ആർക്ക് വേണ്ടിയും തയ്യാറാവുന്നു. മുസ്ലിം സമൂഹങ്ങളിൽ ഛിദ്രത സൃഷ്ടിക്കാനും രാജ്യങ്ങളുടെ സമാധാനം നശിപ്പിക്കാനും പല ശക്തികളുടെയും നിഗൂഢ രാഷ്ട്രീയ ലക്ഷ്യങ്ങൾ കൃത്യമായി സഫലമാക്കാനും ഈ ജിഹാദികളെ മറ്റുള്ളവരും സമർഥമായി ഉപയോഗിക്കുന്നു. പലപ്പോഴും സംഭവിച്ചു കൊണ്ടിരിക്കുന്നതും അതാണ്. പാകിസ്തനാണ് ഈ ചാവേർ ജിഹാദീ സംഘങ്ങളുടെ വളർത്തു ഭൂമി. പാക് ഭരണ കൂടത്തിന്റെയും പട്ടാളത്തിന്റേയും പ്രോത്സാഹനവും ആശീർവാദവും ഈ ജിഹാദീ ഭീകര സംഘങ്ങൾക്ക് ലഭിക്കുന്നുണ്ട് എന്നതാണ് യാഥാർഥ്യം.

ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾക്കും റസൂൽ തിരുമേനി (സ)യുടെ ജീവിതമാതൃകകൾക്കും മൂല്യങ്ങൾക്കും വിരുദ്ധമായ ഒരു ആശയമാണ് സായുധ ജിഹാദ്. അങ്ങേയറ്റം പീഡിതാവസ്ഥയിലും അവിശ്വസനീയമാം വിധം ക്ഷമയുടെയും സഹനത്തിന്റെയും അദ്ധ്യാത്മിക മാർഗത്തിലൂടെയാണ് റസൂൽ തിരുമേനി (സ) ജീവിച്ചത്. സ്വന്തം വിശ്വാസവും ജീവനും ഉന്മൂലനം ചെയ്യപ്പെട്ടുപോകും എന്ന ഘട്ടം വന്നപ്പോൾ ജീവൻ സംരക്ഷിക്കാൻ വേണ്ടി മാത്രമാണ് അവിടുന്ന് സായുധ പ്രതിരോധത്തിന് തയ്യാറായത്. ഒരിക്കലും അധികാരം സ്ഥാപിക്കാനും ഭരണം പിടിച്ചടക്കാനുമായിരുന്നില്ല. മനുഷ്യഹൃദയങ്ങളെ പരിവർത്തിപ്പിച്ച് സാത്വിക വിശുദ്ധിയുടെ ആകാശ വിതാനങ്ങളിലേക്കെത്തിക്കുന്ന തന്റെ ആത്മീയ സുരഭിലമായ ആശയം പ്രചരിപ്പിക്കാൻ ശാന്തിയുടെ ഒരു നിമിഷത്തിന് വേണ്ടി ജീവിതത്തിലുടനീളം അവിടുന്ന് ആകാംക്ഷയോടെ കാത്തിരുന്നു. സമാധാനം, ശാന്തി എന്നീ അർഥങ്ങളുള്ള 'ഇസ്‌ലാം' എന്ന പേർ സ്വന്തം മതത്തിന് അവിടുന്ന് നൽകിയതും അവിടുത്തെ അദമ്യമായ സമാധാന വാഞ്ഛക്ക് ഉത്തമ നിദർശനമാണ്.

ഇരുപതാം നൂറ്റാണ്ടിൽ കമ്മ്യൂണിസ്റ്റ് ഫാസിസ്റ്റ് വിപ്ലവ പ്രസ്ഥാനങ്ങളെ അനുകരിച്ച് കൊണ്ട് മതരാഷ്ട്ര വാദം മുന്നോട്ട് വച്ചവരാണ് ജിഹാദ് എന്നാൽ സായുധ സംഘട്ടനവും ശക്തി പ്രകടനവുമാണെന്ന് പ്രചരിപ്പിച്ചത്. മതരാഷ്ട്രം സ്ഥാപിക്കാൻ സായുധ വിപ്ലവം എന്ന ആശയത്തിന് പകരം അവർ ജിഹാദിനെ പ്രതിഷ്ഠിക്കുകയും അതിന് വൻ പ്രചാരണം കൊടുക്കുകയുമായിരുന്നു. വാസ്തവത്തിൽ ഇസ്‌ലാം വിജയിച്ചത് അതിന്റെ ധാർമികവും അദ്ധ്യാത്മികവുമായ തേജസ്സുകൊണ്ടും പാവങ്ങളോടും പീഡിതരോടുമുള്ള സഹാനുഭൂതി കൊണ്ടും ധൈഷണികവും ബുദ്ധിപരവുമായ ഔന്നത്യം കൊണ്ടുമാണ്.

ഇന്ന് പാകിസ്താനും അഫ്ഘാനിസ്താനും പശ്ചിമേഷ്യയും ഇത്തരം ജിഹാദികളുടെ പറുദീസയാണ്. പാകിസ്താൻ ഭരണകൂടത്തിന്റെ തണലിൽ വളരുന്ന ഭീകര ജിഹാദീ സംഘങ്ങൾ പലപ്പോഴും ഭരണകൂടത്തിന്റെ തന്നെ നിയന്ത്രണത്തിന് കീഴിലല്ല. ജിഹാദീ ആവേശം മൂത്ത ഈ ഭീകരസംഘങ്ങളുടെ തലവന്മാർ യാതൊരു ഇസ്‌ലാമിക ധാർമികതയും ജീവിതക്രമവും പാലിക്കുന്നവരല്ല. പലപ്പോഴും ഇസ്‌ലാമിന്റെയും മുസ്‌ലിം രാജ്യങ്ങളുടെയും മുസ്‌ലിം സമൂഹത്തിന്റെയും ശത്രുക്കളുടെ കൈയിലെ പാവകളായി ഇവർ മാറുന്നു. ജിഹാദിന്റെ പേരിൽ ചാവേറുകളെ സൃഷ്ടിക്കാൻ ഇവർക്ക് എളുപ്പത്തിൽ സാദ്ധ്യമാവുന്നു. സംഘത്തലവന് പണം നൽകിയാൽ മതി. കൊല്ലാനും ചാവാനും ഈ ജിഹാദികൾ ആർക്ക് വേണ്ടിയും തയ്യാറാവുന്നു. മുസ്‌ലിം സമൂഹങ്ങളിൽ ഛിദ്രത സൃഷ്ടിക്കാനും രാജ്യങ്ങളുടെ സമാധാനം നശിപ്പിക്കാനും പല ശക്തികളുടെയും നിഗൂഢ രാഷ്ട്രീയ ലക്ഷ്യങ്ങൾ കൃത്യമായി സഫലമാക്കാനും ഈ ജിഹാദികളെ മറ്റുള്ളവരും സമർഥമായി ഉപയോഗിക്കുന്നു. പലപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നതും അതാണ്. പാകിസ്തനാണ് ഈ ചാവേർ ജിഹാദീ സംഘങ്ങളുടെ വളർത്തുഭൂമി. പാക് ഭരണ കൂടത്തിന്റെയും പട്ടാളത്തിന്റേയും പ്രോത്സാഹനവും ആശീർവാദവും ഈ ജിഹാദീ ഭീകര സംഘങ്ങൾക്ക് ലഭിക്കുന്നുണ്ട് എന്നതാണ് യാഥാർഥ്യം. പലപ്പോഴും പാകിസ്താൻ നയതന്ത്രത്തിന്റെ ഭാഗമായി അഭ്യന്തരമായും വൈദേശികമായും ജിഹാദികളെ ഉപയോഗിക്കുകയും ചെയ്യുന്നു. പലപ്പോഴും ജിഹാദികൾ സ്വന്തം തീരുമാന പ്രകാരം അന്തർദേശീയമായും തങ്ങളുടെ പദ്ധതികൾ ആവിഷ്കരിക്കുകയും നിർവഹിക്കുകയും ചെയ്യുന്നു. ഇത് ദേശീയപരമാധികാരവും ഉത്തരവാദിത്വമുള്ള മറ്റൊരു രാജ്യത്തും സംഭവിക്കാത്തതും പാകിസ്താനിൽ മാത്രം സംഭവിക്കുന്നതുമായ കാര്യമാണ്. ലോകരാജ്യങ്ങൾക്ക് മുമ്പിൽ പാകിസ്താന് തലയുയർത്തി നിൽക്കാൻ കഴിയാത്തത് പനപോലെ വളർന്നു നിൽക്കുന്ന ഈ ജിഹാദി സംഘങ്ങളുടെ സാന്നിദ്ധ്യമാണ്. പാകിസ്താൻ എന്ന രാഷ്ട്രത്തിന്റെയും പാകിസ്താനിലെ ജിഹാദി സംഘങ്ങളുടെയും ഹിംസ ഏറ്റവും കൂടുതൽ ഏറ്റുവാങ്ങേണ്ടിവന്ന ഒരു മുസ്‌ലിം മതവിഭാഗമായിരുന്നിട്ടും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇരു രാജ്യങ്ങളും ഐക്യപ്പെട്ടു മേഖലയിൽ സമാധാനവും ശാന്തിയും പുലർന്നുകാണാനാണ് ആഗ്രഹിക്കുന്നത്.

ഇന്ത്യയിൽ മുസ്‌ലിം സമൂഹത്തിൽ നിന്ന് വിരലിലെണ്ണാവുന്ന ഏതാനും പേർ ആകൃഷ്ടരാവുന്ന സായുധ ജിഹാദീ ഭീകരവാദം തീർച്ചയായും ഉന്മൂലനം ചെയ്യുകയും ഇനിയും ഭീകരവാദികൾ ഉണ്ടാവാതിരിക്കാനുള്ള സാഹചര്യം ഭരണകൂടം സംജാതമാക്കുകയും വേണം. ജിഹാദിന്റെയും ഭീകരവാദത്തിന്റെയും പേരിൽ മുസ്‌ലിം സമൂഹം മൊത്തത്തിൽ അധിക്ഷേപിക്കപ്പെടുകയാണ്. ശാന്തശീലരായ കശ്മീർ ജനതയും ഭരണകൂടവും തമ്മിൽ ഇതിനകം വളരെയേറെ അകന്നു കഴിഞ്ഞു. പലരും ജിഹാദികളായി മാറുകയും ചെയ്തു. ആക്രമണവും പ്രത്യാക്രമണവും ഒരിക്കലും സമാധാനം കൊണ്ടുവരില്ല. അതേസമയം ഇന്ത്യയുടെ ആഭ്യന്തരവും ബാഹ്യവുമായ സുരക്ഷ സംരക്ഷിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. നമ്മുടെ സൈന്യത്തിന് പിന്നിൽ നാടൊട്ടാകെ ഐക്യപ്പെട്ടുനിൽക്കേണ്ടതുണ്ട്. ഈ പ്രശ്നം എത്രയും വേഗം സമാധാനപൂർവം അവസാനിപ്പിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. സ്നേഹത്തിലും വിശ്വാസ്യതയിലും ക്ഷേമത്തിലും കശ്മിരികൾ ഇന്ത്യൻ സമൂഹവുമായി പൂർവാധികം ഉദ്ഗ്രഥിക്കപ്പെടണം. കശ്മീരിനെ വീണ്ടും നമുക്ക് ഭുമിയിലെ സ്വർഗമാക്കി തീർക്കാൻ കഴിയണം.

ആസന്നമായ പൊതുതിരഞ്ഞെടുപ്പിന് മുമ്പ് നടന്ന ദൗർഭാഗ്യകരമായ ഈ ഭീകരാക്രമണം രാഷ്ട്രീയ വത്ക്കരിക്കാൻ ആരുടെ ഭാഗത്ത് നിന്ന് ശ്രമമുണ്ടായാലും അത് അപലപനീയമാണ്. ഇത്രവലിയ സ്ഫോടനം നടത്താൻ ഇത്രയധികം സ്ഫോടക വസ്തുക്കൾ എങ്ങനെ തീവ്രവാദികൾക്ക് സംഘടിപ്പിക്കാൻ കഴിഞ്ഞു എന്ന് മാത്രമല്ല ലോകത്ത് ഏറ്റവും കൂടുതൽ സൈനിക വിന്യാസമുള്ള അതീവ സുരക്ഷയുള്ള ഈ മേഖലയിൽ നമ്മുടെ ഇന്റലിജൻസ് സംവിധാനങ്ങൾക്ക് അത് കണ്ടെത്താൻ കഴിയാത്തതും വലിയ ഒരു പിഴവായി അവശേഷിക്കുന്നു. പുൽവാമാ ഭീകരാക്രമണത്തിന് ശേഷം നിരപരാധികളായ ബഹുഭൂരിപക്ഷം കശ്മീരികൾ വ്യാപകമായി അക്രമിക്കപ്പെടുന്നതും ഒഴിവാക്കേണ്ടതാണ്. ആണവ ശക്തികളായ ഇന്ത്യയും പാകിസ്താനും തമ്മിൽ ഒരു യുദ്ധം ഒരിക്കലും ഉണ്ടാവാതിരിക്കട്ടെ. ഒരു ആണവ യുദ്ധമുണ്ടായാൽ അത് ലോകവ്യാപകമായ ഒരു മനുഷ്യ മഹാദുരന്തമായി മാറാൻ സാധ്യതകളുണ്ട്. അല്ലാഹു നമ്മെയെല്ലാവരെയും അത്തരം ദുരന്തങ്ങളിൽ നിന്ന് രക്ഷിക്കട്ടെ.

**പേജ് 31 ൽ നിന്ന് തുടർച്ച**

മതത്തിന്റെ അംഗീകൃത വിശ്വാസമായ ഏകദൈവ വിശ്വാസത്തിനെതിരായ, ദൈവദൂഷണമാണെന്ന് തെളിയിക്കാൻ ഒരു യഥാർഥ സാക്ഷിയേയും അവർക്ക് ഹാജരാക്കാൻ സാധിച്ചില്ല. ഇതിൽ നിന്ന് ഒരാൾക്ക് ന്യായമായും എത്തിച്ചേരാവുന്ന നിഗമനം, യേശു ഒരിക്കലും ത്രിത്വ സിദ്ധാന്തം പറഞ്ഞിട്ടില്ല എന്നാണ്. പകരം പ്രവാചകന്മാരുടെ പാരമ്പര്യം പിന്തുടർന്നു കൊണ്ട് ദൈവത്തിന്റെ ഏകത്വത്തെ പ്രബോധിക്കുകയാണ് അദ്ദേഹം ചെയ്തത്. അതിലുപരിയായി യേശുവിന്റെ കാലത്ത് ത്രിത്വം എന്ന വിശ്വാസം നിലവിലില്ലായിരുന്നു എന്നും തെളിയുന്നു. അതിന് ശേഷമാണ് അത് കണ്ടെത്തിയത്. ഇസ്‌ലാമിലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകനും വാഗ്ദത്ത മഹ്ദിയുമായ ഹ്ദറത്ത് അഹ്മദ്(അ) പറഞ്ഞു:

***'ത്രിത്വം എന്ന സിദ്ധാന്തം ഖുർആൻ മാത്രമല്ല തൗറാത്തും ബൈബിൾ പഞ്ചഗ്രന്ഥി ഖണ്ഡിച്ചിരിക്കുന്നു. മോസസിന്ന് നൽകപ്പെട്ട തോറയിൽ ത്രിത്വത്തെ സംബന്ധിച്ച് യാതൊരു സൂചന പോലുമില്ല. സത്യമിതാണ്. ത്രിത്വത്തിന്റെ അദ്ധ്യാപനങ്ങൾ ഇരു ബൈബിളിലുമില്ല. ഏതെങ്കിലും ഒരു അദ്ധ്യാപനം ബൈബിളിലുണ്ടെങ്കിൽ അത് ത്രിത്വത്തെ പറ്റിയുമല്ല. അത് പങ്കുകാരനില്ലാത്ത ഏക ദൈവത്തെ പറ്റി മാത്രമാണ്. അതുകൊണ്ട് എല്ലാ കഠിനമായ എതിരാളികളായ പാതിരിമാരും ബൈബിളിൽ ത്രിത്വം കാണാത്തതിന്റെ പേരിൽ കുംബസാരിക്കട്ടെ. യേശു തന്റെ ജീവിതത്തിലൊരിക്കലും ത്രിത്വം പ്രബോധിച്ചിട്ടില്ല. മറിച്ച് പങ്കുകാരനില്ലാത്ത ഏക ദൈവത്തെ കുറിച്ച് മാത്രമാണ് പറഞ്ഞത്' (ചശ്മെ മസീഹ്)***

## റസൂൽ തിരുമേനി(സ)യെ സ്നേഹിക്കുന്നവൻ ദാരിദ്രത്തെ നേരിടാനൊരുങ്ങുക

അബ്ദുല്ലാഹിബ്നു മുഗ്ലഫ്(റ)യിൽ നിന്നും നിവേദനം: ഒരാൾ ഒരിക്കൽ നബി(സ) യോട് പറഞ്ഞു: അല്ലാഹുവിന്റെ പ്രവാചകരെ! അങ്ങയെ ഞാനിഷ്ടപ്പെടുന്നു. തിരുദൂതർ(സ) പറഞ്ഞു: നീപറയുന്നതെന്താണെന്ന് നല്ലവണ്ണം ചിന്തിക്കുക. അപ്പോഴും അദ്ദേഹം പറഞ്ഞു: അല്ലാഹുവാണേ ഞാൻ അങ്ങയെ ഇഷ്ടപ്പെടുന്നു. മൂന്നു പ്രാവശ്യം അത് ആവർത്തിച്ചു. തിരുനബി(സ) പറഞ്ഞു: അങ്ങനെ എന്നെ സ്നേഹിക്കുന്നുവെങ്കിൽ ദാരിദ്ര്യത്തെ നേരിടാനുള്ള സഹനശക്തി നീ സംഭരിക്കണം. കാരണം മലവെള്ളം അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനേക്കാളുപരി വേഗതയിലാണ് എന്നെ സ്നേഹിക്കുന്നവരെ ദാരിദ്ര്യം പിടികൂടുന്നത്. (തിർമിദി)

അനുസ്മരണം:-

# ഇ. വി. ഫാത്തിമാ സാഹിബ

കൂടാളി ജമാഅത്തിലെ ഇ. വി ഫാത്തിമാ സാഹിബ (87) ഫിബ്രവരി 3 ന് നിര്യാതയായി. ഇന്നാലില്ലാഹി.......

കൂടാളി അഹ്മദിയ്യാ ജമാഅത്തിന്റെ പ്രസിഡണ്ട് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുകയും പുതിയ പള്ളിനിർമ്മാണത്തിൽ സജീവ നേതൃത്വം നൽകുകയും ചെയ്ത പഴയ കാല കോൺഗ്രസ്സ് പ്രവർത്തകനും കൂടാളി പൊതുജന വായനശാലാ ഗ്രന്ഥാലയത്തിന്റെ സ്ഥാപക ഭാരവാഹികളിൽ ഒരാളുമായ വി. പി അബ്ദുൽ ജലീൽ സാഹിബി (മർഹൂം)ന്റെ ഭാര്യയാണ് ഫാത്തിമാ സാഹിബ

കൂടാളി ലജ്നാ ഇമാഇല്ലാഹിന്റെ പ്രസിഡന്റായി പല തവണ തിരഞ്ഞെടുക്കപ്പെട്ട ഫാത്തിമാ സാഹിബ ഉറുദുവിലും അറബിയിലും പ്രാവീണ്യം നേടിയിരുന്നു. ഹദ്റത്ത് മിർസാ വസിം അഹ്മദ് സാഹിബിന്റെ പത്നിയുടെ ഉറുദു പ്രസംഗം അനായാസം പരിഭാഷപ്പെടുത്തിയ അവർ നല്ലൊരു പ്രഭാഷക കൂടിയായിരുന്നു. അതിഥി

അനുസ്മരണം:-

# അലികുഞ്ഞ് സാഹിബ്



കരുനാഗപ്പള്ളി ജമാഅത്തി ലെ മുതിർന്ന അംഗം ജനാബ് എം. അലികുഞ്ഞ് സാഹിബ് (81) വഫാത്തായി. ഇന്നാലില്ലാഹി....

കരുനാഗപ്പള്ളി ജമാഅത്തി ലെ തബ്‌ലീഗ് സെക്രട്ടറി, സഈം അൻസാറുല്ലാ എന്നീ പദവികളിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ ട്രയിനിംഗ് സെന്റർ പ്രിൻസിപ്പലായി വിരമിച്ചു. പരേതയായ എം. സൈനബാ ബീവി (കാരാളിൽ) ആണ് ഭാര്യ. മകൻ: ഡോ. എം.ശരീഫ് അഹ്മദ്. മരുമകൾ: ഷീജ. എം. പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകുമാറാകട്ടെ.




മജ്‌ലിസ് അൻസാറുല്ലാ, എറണാകുളം - ആലപ്പുഴ ജില്ല റിഫ്രഷർ ക്യാമ്പ് എറണാകുളം മസ്ജിദ് ഉമറിൽ വെച്ച് എറണാകുളം ജില്ലാ മുബല്ലിഗ് ഇൻചാർജ് മൗലവി സുൽത്താൻ നസീർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മൗലവി അലിക്കുഞ്ഞ് സാഹിബ്, സൗത്ത് ഇലാകാ നാസിം താജുദ്ദീൻ സാഹിബ്, എറണാകുളം ജില്ലാ നാസിം മാലിക്ക് അമീൻ സാഹിബ് എന്നിവർ സമീപം.



എറണാകുളത്ത് നടന്ന കൃതി അന്താരാഷ്ട്ര പുസ്തകോത്സവം സന്ദർശിച്ച മുഖ്യമന്ത്രി പിണറായി വിജയന് മൗലവി നൗശാദ് സാഹിബ് അഹ്മദിയ്യാ സാഹിത്യങ്ങൾ നൽകുന്നു.

സൽക്കാരവും ജീവകാരുണ്യവും ജാതിമതഭേദമന്യേയുള്ള സാമൂഹിക സൗഹൃദവും മരണദിവസം വരെ കാത്തുസൂക്ഷിച്ച അവർ വേറിട്ടു നിന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.

**മക്കൾ:** അബ്ദുൾ വാഹിദ് (മസ്ക്കത്ത്) അബ്ദുൾ മാലിക്ക് (ദുബൈ) സാഹിദ്, ആബിദ, സറീന, മഹ്ബൂബ, പരേതനായ അബ്ദുസ്സമദ്, അബ്ദു ശ്ശുക്കൂർ. **മരുമക്കൾ:** കെ.പി അഹ്മദ് (കോഴിക്കോട്), മൻസൂറ (പഴയങ്ങാടി), ഇ. എം അസ്‌ലം (ദുബൈ), നസീമ (കോഴിക്കോട്), ശാഹിന (കണ്ണൂർ), ആശിഖ് (കണ്ണൂർ)

**സഹോദരങ്ങൾ:** ഇ. വി അബ്ദുസ്സലാം (കെമിക്കൽ കൺസ്ട്രക്ഷൻ കമ്പനി, ചെന്നൈ) ഇ. വി അബ്ദുൾ കരീം (കോഓപറേറ്റീവ് ട്രാവൽസ്, കണ്ണൂർ) പരേതനായ ശരീഫ് അഹ്മദ് (ഇന്തോനേഷ്യ), അബ്ദുർറഹീം (ഇന്തോനേഷ്യ), അബ്ദുൾ അസീസ് മാസ്റ്റർ (കടലായി).

അല്ലാഹു പരേതക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

***കെ. പി കൂടാളി.***

www.alislam.org

Published on 7.03.2019 | Pages 44 | Vol: 91 Issue. 03
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com